# നേർപഥം

വാരിക

VOL NO: 07 I ISSUE 35
www.nerpatham.com
mail@nerpatham.com
2023 SEPTEMBER 02 I ₹10



# ഹരിയാന: കലാപവും കരുതൽ തേടുന്ന ജീവിതങ്ങളും

ഇന്ത്യയിൽ നടന്ന വർഗീയകലാപങ്ങളിൽ ബഹുഭൂരിപക്ഷവും മതഘോഷയാത്രയുമായി ബന്ധപ്പെട്ടാണ് തുടക്കം കുറിച്ചിട്ടുള്ളത് എന്ന കാര്യം കേവലം യാദൃച്ഛികതയായി എഴുതിത്തള്ളാവുന്നതല്ല. 'ദൈവ പ്രീതിക്കായി' സംഘടിപ്പിക്കുന്ന ആഘോഷങ്ങളെ മാനവികവിരുദ്ധ പ്രവർത്തനങ്ങളുടെ നാട്ടക്കുറിയാക്കി മാറ്റുന്നതിലൂടെ സംഹാരമൂർത്തികൾ മാത്രമാണ് തങ്ങളുടെ 'ദൈവങ്ങൾ' എന്ന സന്ദേശമാണ് സംഘ്പരിവാർ സമൂഹത്തിന് കൈമാറാനുദ്ദേശിക്കുന്നത്.

## നിയമവ്യവസ്ഥയെ നോക്കുകുത്തിയാക്കുന്ന ബുൾഡോസർരാജ്

|| ആകാശത്തുനിന്നും ആഹാരം
|| കരുതിയിരിക്കാം രാത്രിയപകടങ്ങളെ
|| മലേഷ്യൻ പട്ടവും അലങ്കരിക്കപ്പെട്ട അന്ധവിശ്വാസങ്ങളും




**കോപ്പികൾ ഉറപ്പിക്കാൻ ബന്ധപ്പെടുക: 9207525244**

**WhatsApp: 9207525244**

**WISDOM BOOKS**

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



ഹുസൈൻ സലഫിയുടെ
**'പ്രകാശം പരത്തിയ പ്രവാചകന്മാർ'**
എന്ന പുസ്തക പരമ്പരയിലെ **670** രൂപ വിലവരുന്ന
4 പുസ്തകങ്ങൾ
ഇപ്പോൾ വെറും **500** രൂപക്ക്...!!!

MERCHANT NAME: WISDOM ISLAMIC ORGANIZATION
UPI ID: WISDOMISLAMICCLT@SBI

**SCAN & PAY**

BHIM SBI Pay BHIM UPI

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0345
# നേർപഥം
വാരിക
2023 സെപ്തംബർ 02
1445 സ്വഫർ 17
പുസ്തകം 07 / ലക്കം 35




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi


Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly



കവർ സ്റ്റോറി
10
ഹരിയാന:
കലാപവും കരുതൽ
തേടുന്ന ജീവിതങ്ങളും
മുജീബ് ഒട്ടുമ്മൽ

മുഖമൊഴി
05 നിയമവ്യവസ്ഥയെ നോക്കുകുത്തിയാക്കുന്ന ബുൾഡോസർരാജ്

ലേഖനം
26 ചില പ്രവചനങ്ങൾ
ഷാഹുൽ പാലക്കാട്

ലേഖനം
06 മലേഷ്യൻ പട്ടവും അലങ്കരിക്കപ്പെട്ട അന്ധവിശ്വാസങ്ങളും
മൂസ സ്വലാഹി കാര

ലേഖനം
30 ആകാശത്തുനിന്നും ആഹാരം
ഡോ. ടി. കെ യൂസുഫ്

ലേഖനം
18 മനുഷ്യൻ എന്ന സൃഷ്ടി
മുബാറക് ബിൻ ഉമർ

ക്വുർആൻ ദർശനം
32 സൂറ: ഗാഫിർ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി

ലേഖനം
22 പിതാവിന്റെ മരണം; പാഴായ പ്രവചനം
പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ

നമുക്കുചുറ്റും
34 കരുതിയിരിക്കാം; രാത്രിയപകടങ്ങളെ
നബീൽ പയ്യോളി

# കൂട്ടുകെട്ടിലെ ശരിയും തെറ്റും

യുവാക്കളും വിദ്യാർഥികളും പലവിധ തിന്മകളിൽ മുന്നേറുന്ന അവസ്ഥയാണ് സമകാലിക ലോകത്ത് കണ്ടുകൊണ്ടിരിക്കുന്നത്. ഇവരിൽ ഭൂരിപക്ഷവും ചീത്ത കൂട്ടുകെട്ടിൽ അകപ്പെട്ടാണ് മദ്യം, മയക്കുമരുന്ന് പോലുള്ളവ ഉപയോഗിച്ചു തുടങ്ങുന്നത് എന്നത് ഒരു യാഥാർഥ്യമാണ്. പിന്നീട് അവർ അവയ്ക്ക് അഡിക്റ്റാവുകയും കാശിനുവേണ്ടി വിൽപന നടത്തുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു.

ജീവിതത്തിൽ ഒരാളെ കൂടുതൽ സ്വാധീനിക്കുന്നത് കൂട്ടുകാരാണ്. 'ഒരാൾ അവന്റെ കൂട്ടുകാരന്റെ ആദർശത്തിലായിരിക്കും' എന്ന പ്രവാചക വചനം ശ്രദ്ധേയമാണ്. കൂട്ടുകാരൻ തിന്മയുടെ വക്താവാണെങ്കിൽ ക്രമേണ നമ്മളും അവന്റെ കൂടെ കൂടി അങ്ങനെയായി മാറും; നന്മയുടെ മാർഗത്തിൽ ജീവിക്കുന്നവനാണെങ്കിൽ നമ്മളും നന്മയുള്ളവരായിത്തീരും. അധാർമികതയിൽ ജീവിക്കുന്ന ഒരുപറ്റം സുഹൃത്തുക്കളുണ്ടെങ്കിൽ അവരുടെ തിന്മയുടെ വലയത്തിൻനിന്ന് രക്ഷപ്പെടുക എന്നത് അത്ര എളുപ്പമല്ല.

അതുകൊണ്ടുതന്നെ താൻ ആരുമായിട്ടാണ് കൂട്ടുകൂടുന്നതെന്ന് നോക്കാൻ നബി(സ്വ) നമ്മെ ഉപദേശിച്ചിട്ടുണ്ട്. തിന്മ ചെയ്യുന്ന ഒരു ഒരാളാണ് കൂട്ടുകാരനെന്നു വ്യക്തമായാൽ അവനെ നേർവഴിയിലേക്ക് നയിക്കേണ്ടത് നമ്മുടെ കടമയാണ്. കൗമാരക്കാരും യുവാക്കളും കൂടുതൽ അടുത്തിടപഴകുന്നതും ഉള്ളു തുറന്ന് സംസാരിക്കുന്നതും സ്വന്തം സുഹൃത്തുക്കളോടാണ്. അതുകൊണ്ട് കൂട്ടുകാർക്കിടയിൽ പരസ്പര സഹകരണവും വിശ്വാസ്യതയും ഉണ്ടായിരിക്കൽ അനിവാര്യമാണ്. സഹകരണം നന്മയിൽ മാത്രമായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

നന്മയിൽ പരസ്പരം സഹകരിക്കുമ്പോഴാണ് സുഹൃദ്ബന്ധം ഉപകാരപ്രദമാവുക. അശ്ലീല വാക്കുകൾ പറയൽ മുമ്പൊക്കെ സംസ്കാരശൂന്യതയുടെ അടയാളമായിരുന്നു. എന്നാൽ ഇന്നത് ഒരു സംസ്കാരമായി മാറിയിരിക്കുന്നു; വൃത്തികെട്ട ന്യൂജൻ സംസ്കാരം. അതൊന്നും വൃത്തികേടല്ല എന്ന് വരുത്തിത്തീർക്കാൻ ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന വസ്തുത നാം കാണാതിരുന്നുകൂടാ. ഇങ്ങനെയുള്ളവരിൽനിന്ന് അകന്നു നിൽക്കലാണ് ഉത്തമം.

ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്ന ചൊല്ല് നിത്യ പ്രസക്തമാണ്. ഒരു നല്ല കൂട്ടുകാരൻ നമ്മുടെ കുറ്റങ്ങളും പോരായ്മകളും നമുക്ക് ചൂണ്ടിക്കാണിച്ചു തരുന്നവനാണ്. എന്നാൽ ഒരു നല്ല സുഹൃത്തല്ലയെങ്കിൽ നമ്മിൽനിന്ന് വന്നുപോകുന്ന തെറ്റുകൾക്ക് പ്രോൽസാഹനം നൽകുവാനാണ് ശ്രമിക്കുക. അവരത് മറ്റുള്ളവരിലേക്ക് എത്തിക്കുകയും നമ്മുടെ അഭിമാനം വ്രണപ്പെടുവാൻ അത് കാരണമായിത്തീരുകയും ചെയ്യും.

വൃത്തികേടുകൾ ചെയ്തു മരിച്ച ഒരാൾ നാളെ പരലോകത്ത് വരുമത്രെ. അവന്റെ കൂടെ എല്ലാ വൃത്തികേടിനും കൂട്ടുനിന്ന അവന്റെ ഉറ്റ സുഹൃത്തുക്കളെല്ലാം സ്വർഗത്തിൽ പ്രവേശിക്കുമ്പോൾ അവൻ അല്ലാഹുവിനോട് പറയും: 'അല്ലാഹുവേ, അവർ എന്റെ കൂടെ എല്ലാ വൃത്തികേടിനും കൂട്ടുനിന്നവരാണ്. അവർ എന്തുകൊണ്ടാണ് സ്വർഗത്തിൽ പ്രവേശിക്കുന്നത്?' അപ്പോൾ അല്ലാഹു പറയും: 'അവർ നിന്റെ മരണം കണ്ട്. മരണം യാഥാർഥ്യമാണല്ലോ, ഇതുപോലെ മരിച്ചുപോയാൽ നാളെ അല്ലാഹുവിന്റെ കത്തിയാളുന്ന നരകത്തിൽ അകപ്പെടുമല്ലോ എന്ന് ഭയന്ന് സകല വൃത്തികേടുകളിൽനിന്നും വിട്ടുനിന്നവരാണ്.'

അപ്പോൾ ഒന്നും പറയാൻ കഴിയാതെ അവൻ ഖേദിച്ചു നിൽക്കുകയും നരകത്തിലേക്ക് അവൻ എറിയപ്പെടുകയും ചെയ്യുന്നതാണ്. അത്തരം ദുരവസ്ഥ നമുക്ക് സംഭവിക്കാതിരിക്കാൻ സുഹൃദ്ബന്ധം നാം നന്നാക്കുക. പരസ്പരം കാണുമ്പോൾ സലാം പറയുന്നതിൽ മടികാണിക്കുന്ന സുഹൃത്തുക്കളുണ്ട്. സ്വന്തം വീട്ടിലുള്ളവരോടും അവർ സലാം പറയില്ല. അത് ഒരു കുറവായിട്ടാണ് അവർ കാണുന്നത്. സലാം പറയുന്നതിന്റെ മഹത്ത്വവും ഇഹപര നേട്ടവും മനസ്സിലാക്കാത്തതുകൊണ്ടാണിത്.

**-സഹൽ മഷ്ഹൂർ ബിൻ അബ്ദുൽ മജീദ്**
അൽഹിക്മ അറബിക് കോളേജ്,
എടത്തനാട്ടുകര

# നിയമവ്യവസ്ഥയെ നോക്കുകുത്തിയാക്കുന്ന ബുൾഡോസർ രാജ്

ജനങ്ങളുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുക, ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക, ചികിത്സ, വിദ്യാഭ്യാസം പോലുള്ള അടിസ്ഥാന ആവശ്യങ്ങൾക്ക് സൗകര്യമൊരുക്കുക തുടങ്ങി ഒട്ടേറെ കാര്യങ്ങൾ ഭരണകൂടത്തിന്റെ ജനങ്ങളോടുള്ള ബാധ്യതയാണ്. ഒരു ജനാധിപത്യ-മതനിരപേക്ഷ രാജ്യത്തെ ജനങ്ങൾ ഭരണാധികാരികളെ വോട്ടുചെയ്ത് ജയിപ്പിക്കുമ്പോൾ ഭരണകൂടത്തിൽനിന്ന് ഇതെല്ലാം പ്രതീക്ഷിക്കുന്നുണ്ട്. വാഗ്ദാനപ്പെരുമഴയുടെ അകമ്പടിയോടെയാണ് നേതാക്കൾ വോട്ടു ചോദിച്ച് ജനങ്ങൾക്കു മുമ്പിൽ എത്താറുള്ളത്. ജാതിയുടെയും മതത്തിന്റെയുമൊന്നും ലോലമായ അതിർവരമ്പുകൾപോലും അന്നേരം അവിടെ കാണപ്പെടില്ല.

എന്നാൽ അടുത്ത കാലത്തായി ഇതിന് പ്രകടമായ മാറ്റം വന്നുതുടങ്ങിയിട്ടുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലാണ് ഈ മാറ്റം ഗുരുതരമായ അവസ്ഥയിൽ എത്തിനിൽക്കുന്നത്. അവിടങ്ങളിൽ ഇപ്പോൾ ജാതിയും മതവുമെല്ലാം അധികാരത്തിലേക്കുള്ള എളുപ്പവഴികളാണ്. ഗോൾവാൾക്കറുടെയും സവർക്കറുടെയും ഹെഡ്ഗെവാറിന്റെയുമൊക്കെ ആശയം തലയ്ക്കു പിടിച്ച തീവ്ര ഹിന്ദുത്വവാദികളാണ് ഇതിന്റെ പ്രയോക്താക്കൾ.

ഭൂരിപക്ഷ-ന്യൂനപക്ഷ സമുദായങ്ങൾക്കിടയിൽ അകൽച്ച വർധിപ്പിച്ചും ഭൂരിപക്ഷത്തിനിടയിൽ അരക്ഷിത ബോധം സൃഷ്ടിച്ചുമാണ് ജർമനിയിൽ 1920കളിൽ ഫാസിസം വേരുറപ്പിക്കുവാൻ ശ്രമിച്ചതെങ്കിൽ 1930കളിൽ തന്നെ അതേമാർഗം ഇന്ത്യൻ ഫാസിസ്റ്റുകളും അവലംബിച്ചുതുടങ്ങിയിരുന്നു. അത് ഇന്ന് അധികാരത്തിന്റെ പിൻബലത്തിൽ അതിശക്തമായി നടന്നുകൊണ്ടിരിക്കുകയാണ്. ന്യൂനപക്ഷ സമുദായങ്ങളെ സാമ്പത്തികമായി തകർത്തും കൊലചെയ്തും അവരുടെ പാർപ്പിടങ്ങൾ ചുട്ടെരിച്ചും സ്ത്രീകളെ മാനഭംഗപ്പെടുത്തിയുമെല്ലാം നിശ്ശബ്ദരാക്കുകയാണ്.

ഒരാൾ കൊടും കുറ്റവാളിയാണെങ്കിലും അയാളുടെ കുടുംബം താമസിക്കുന്ന വീട് ബുൾഡോസർകൊണ്ട് തട്ടി നിരപ്പാക്കുക എന്ന ശിക്ഷാവിധി ഇന്ത്യയിലെന്നല്ല ലോകത്ത് ഒരു രാജ്യത്തും നിലവിലില്ല. എന്നാൽ ഇന്ന് പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും മുനിസിപ്പാലിറ്റി-കോർപറേഷൻ അധികൃതർ പൊലീസിന്റെ സഹായത്തോടെ അതാണ് ചെയ്തുകൊണ്ടിരിക്കുന്നത്. തകർക്കപ്പെടുന്നതാകട്ടെ ഒരു മതവിഭാഗത്തിന്റെ വീടുകളും വ്യാപാര സ്ഥാപനങ്ങളും മാത്രം!

ഇപ്പോൾ നടക്കുന്ന ഇടിച്ചുനിരപ്പാക്കൽ ശിക്ഷക്ക് ഒരു സമാന സ്വഭാവം കാണാനാവും. ഒരു പ്രദേശത്ത് ഒരു പ്രതിഷേധം ഉടലെടുക്കുന്നു, അത് അക്രമാസക്തമാവുന്നു. തൊട്ടുടനെ ഏതാനും ചിലരെ, അല്ലെങ്കിൽ ഒരു സംഘം ആളുകളെ അക്രമത്തിനു പിന്നിലെ സൂത്രധാരകരായി പൊലീസ് പ്രഖ്യാപിക്കുന്നു. അതിനു തൊട്ടുപിന്നാലെ, ഈ പറഞ്ഞ ആളുകളുടെ വീടുകൾ അനധികൃതമായി നിർമിച്ചതാണെന്ന അറിയിപ്പുമായി നഗരസഭാധികൃതർ വരുന്നു. തുടർന്ന് ആ കെട്ടിടങ്ങൾ (വീടുകൾ-വ്യാപാര സ്ഥാപനങ്ങൾ) ഇടിച്ചു നിരത്തുന്നു.

ഈ ഇടിച്ചുനിരത്തൽരാജിന്റെ സമകാലിക അഗ്രഗാമി ഉത്തർപ്രദേശിലെ യോഗി ആദിത്യനാഥാണ്. ഒരു ഭരണാധികാരിയാകാനുള്ള യാതൊരു യോഗ്യതയുമില്ലാത്ത യോഗിയുടെ ചുവടുപിടിച്ച് അംഗീകൃത നിയമവ്യവസ്ഥയെ അഗണ്യകോടിയിൽ തള്ളിയുള്ള ഈ 'നിയമശൂന്യനിയമ'ത്തിന്റെ രഥയോട്ടം ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലാകെ പടർന്നുപിടിക്കുകയാണ്. ഏറ്റവുമൊടുവിൽ ഹരിയാനയിലെ നൂഹിലും ഗുരുഗ്രാമിലുമാണ് ഈ ബുൾഡോസർരാജ് അരങ്ങേറിയത്.

നൂഹിൽ സായുധ ഘോഷയാത്ര നടത്തി കലാപത്തിന്റെ കൊലനിലമൊരുക്കിയത് വിഎച്ച്പിയും ബജ്റംഗദളുമാണ്. ഇവരിൽത്തന്നെ മഹാഭൂരിഭാഗവും ഹരിയാനയ്ക്കു പുറത്തുനിന്ന് എത്തിയ രണോത്സുക ഹിന്ദുത്വവാദികളായിരുന്നു. എന്നാൽ, രായ്ക്കുരാമാനം 'അനധികൃത കെട്ടിട'ങ്ങളാണെന്ന് ആരോപിച്ച് നിയമവാഴ്ചയുടെ നടപടിക്രമങ്ങൾ ഒന്നുമേ പാലിക്കാതെയും അന്വേഷണം നടത്താതെയും ഒരു നോട്ടീസുപോലും നൽകാതെയും ഇടിച്ചുനിരത്തപ്പെട്ടത് മുസ്‌ലിംകളുടെ വീടുകളും കടകളുമാണ്. പഞ്ചാബ്-ഹരിയാന ഹൈക്കോടതി ഇടപെട്ടാണ് ഇത് നിർത്തിവയ്പിച്ചത്. രാജാവ് നഗ്നനാണെന്ന് ഉറക്കെ വിളിച്ചുപറയുവാൻ ഇനിയും അറച്ചുനിന്നാൽ...

# മലേഷ്യൻ പട്ടവും അലങ്കരിക്കപ്പെട്ട അന്ധവിശ്വാസങ്ങളും

മൂസ സ്വലാഹി കാര
:97473 45768

ആചാരങ്ങളിൽനിന്ന് അകറ്റപ്പെടുകയും അനാചാരങ്ങളിൽ ആകൃഷ്ടരാടക്കപ്പെടുകയും ചെയ്യുന്ന സമൂഹത്തെ അനുഭവങ്ങൾ തെളിവാക്കി കുടുതൽ അന്ധവിശ്വാസങ്ങളിലേക്ക് തള്ളുകയാണ് സമസ്തയിലെ മുസ്‌ലിയാക്കന്മാർ. കാന്തപുരം അബൂബക്കർ മുസ്‌ലിയാർ നടത്തിയ മലേഷ്യൻ യാത്രയും മൂഢവിശ്വാസ വിപണന മേഖലയിൽ അദ്ദേഹം കൈവരിച്ച നേട്ടത്തിന് നൽകപ്പെട്ട പട്ടവും വലിയ ആദർശ വിജയമായിട്ടാണ് അണികൾ കാണുന്നത്.

സമസ്തയുടെ പ്രസിദ്ധീകരണങ്ങളായ 'രിസാല' 2023 ആഗസ്റ്റ് ആദ്യ ലക്കത്തിലും 'സുന്നിവോയ്സ്' രണ്ടാം ലക്കത്തിലും മുസ്‌ലിയാരും പരിചാരകരും പങ്കുവച്ച യാത്രാനുഭവങ്ങൾക്കിടയിൽ നിരവധി അന്ധവിശ്വാസങ്ങൾക്കാണ് ഭംഗികൂട്ടിയിരിക്കുന്നത്!

ഈ പുരോഹിതന്മാർ പറയുന്നതാണ് ശരിയായ മതമെന്ന വിചാരത്തിൽ സമൂഹം വഞ്ചിക്കപ്പെടാതിരിക്കാൻ ഒരു പ്രാമാണിക വിശകലനം അനിവാര്യമാണ്.

ശിയായിസത്തെ നെഞ്ചേറ്റുന്ന കേരളത്തിലെ സമസ്തയെക്കാൾ ഒരുപടി അത്യാചാരങ്ങൾക്ക് പരിരക്ഷണം നൽകുന്നവരാണ് മലേഷ്യൻ ശിയാസുന്നികൾ.

ഈ പട്ടം ശിയാക്കളുടെ വിശ്വാസാചാരങ്ങൾ ഇവിടെ വളർത്തി വലുതാക്കിയതിന് മുസ്‌ലിയാർക്ക് നൽകപ്പെട്ടതായതിനാൽ ഒരിക്കലും ഇന്ത്യൻ മുസ്‌ലിംകളുടെ



**ഏതെങ്കിലുമൊരു മദ്ഹബിനെ അന്ധമായി അനുകരിക്കുക (മര്യാദകൾ പാലിക്കാതെയുള്ള അനുകരണം) എന്ന രീതി ഇസ്‌ലാമിക നിയമത്തിലില്ല. അല്ലാഹു പറയുന്നു: "നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു''** (42:10). **'അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കും നബി(സ്വ)യുടെ ചര്യയിലേക്കും മടക്കണം. അവ രണ്ടും വിധിച്ചത് സത്യമാണ്. അതിനെതിരായത് നിരർഥകവുമാണ്' എന്ന് ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹി) പറഞ്ഞതായി കാണാം.**

ഗ്രാന്റ് മുഫ്തി എന്നല്ല 'കേരള ശിയാക്കളുടെ വലിയ ആചാര്യൻ' എന്ന വിശേഷണമാണ് അദ്ദേഹത്തിന് യോജിക്കുക. 'ടോക്കോ മഹൽ ഹിജ്റ' എന്ന പേരിലുള്ള ഈ മലേഷ്യൻ പുരസ്കാരം ഒരിക്കലും യഥാർഥ അഹ്‌ലുസ്സുന്നവൽജമാഅയുടെ പണ്ഡിതന്മാർക്ക് നൽകപ്പെടുന്നതല്ല. ലേഖകന്റെ വാക്കുകൾ തന്നെ കാണുക: "ഇടക്കാലത്ത് ചില സലഫീ ഗ്രൂപ്പുകൾ ഇവിടെ വേരൂന്നാൻ ശ്രമിച്ചുവെങ്കിലും ഫലപ്രദമായി നേരിടാൻ സർക്കാറിന് സാധിച്ചു'' (സുന്നി വോയ്സ്, 2023 ആഗസ്റ്റ് 16-31/ പേജ് 14).

"സിറിയൻ പണ്ഡിതൻ ഡോ. വഹബാ മുസ്തഫ അൽസുഹൈലി, അൽഅസ്ഹർ ഗ്രാൻഡ് ഇമാം ഡോ. അഹ്മദ് മുഹമ്മദ് അൽത്വയ്യിബ്, മുസ്‌ലിം വേൾഡ് ലീഗ് സെക്രട്ടറി ജനറൽ ഡോ.ശൈഖ് മുഹമ്മദ് ബിൻ അബ്ദുൽ കരീം അൽഇസ്സ തുടങ്ങിയവരെല്ലാം ഈ പുരസ്കാരത്തിന് അർഹരായവരിൽ പ്രധാനികളാണ്"(സുന്നി വോയ്സ്, പേജ് 15).

മുസ്‌ലിയാർ പറയുന്നു: "കേരളത്തിലുള്ളത് പോലെ ശാഫിഈ മദ്ഹബ് പിന്തുടരുന്നവരാണ് മലേഷ്യൻ ജനതയും'' (രിസാല, 2023ആഗസ്റ്റ് 2, പേജ് 6).

അഹ്‌ലുസ്സുന്നയുടെ പ്രധാന നാല് ഇമാമുമാർ അവർക്ക് ലഭിച്ച തെളിവുകളുടെ അടിസ്ഥാനത്തിൽ പറഞ്ഞ അഭിപ്രായങ്ങളാണല്ലോ മദ്ഹബ് എന്നറിയപ്പെടുന്നത്. പ്രമാണങ്ങളെ മാറ്റി അവരിൽ ഏതെങ്കിലുമൊരാളുടെ വാക്കിനെ മാത്രം പിൻപറ്റുക എന്നത് അവരുടെ നിലപാടിനെതിരും അതിനെ ചോദ്യം ചെയ്യലുമാണ്. ഇമാം ശാഫിഈ (റ)പറയുന്നു: "എന്റെ ഗ്രന്ഥത്തിൽ നബി(സ്വ)യുടെ സുന്നത്തിന് വിരുദ്ധമായത് വല്ലതും നിങ്ങൾ കണ്ടാൽ നബി(സ്വ)യുടെ സുന്നത്ത് നിങ്ങൾ സ്വീകരിക്കുക. ഞാൻ പറഞ്ഞത് നിങ്ങൾ ഉപേക്ഷിക്കുക" (ശർഹുൽ മുഹദ്ദബ്, ഇമാം നവവി (റഹി), വാള്യം 1).

ഏതെങ്കിലുമൊരു മദ്ഹബിനെ അന്ധമായി അനുകരിക്കുക (മര്യാദകൾ പാലിക്കാതെയുള്ള അനുകരണം) എന്ന രീതി ഇസ്‌ലാമിക നിയമത്തിലില്ല. അല്ലാഹു പറയുന്നു: "നിങ്ങൾ അഭിപ്രായവ്യത്യാസക്കാരായിട്ടുള്ളത് ഏത് കാര്യത്തിലാവട്ടെ അതിൽ തീർപ്പുകൽപിക്കാനുള്ള അവകാശം അല്ലാഹുവിന്നാകുന്നു. അവനാണ് എന്റെ രക്ഷിതാവായ അല്ലാഹു. അവന്റെ മേൽ ഞാൻ ഭരമേൽപിച്ചിരിക്കുന്നു. അവങ്കലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു'' (42:10).

'അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കും നബി(സ്വ)യുടെ ചര്യയിലേക്കും മടക്കണം. അവ രണ്ടും വിധിച്ചത് സത്യമാണ്. അതിനെതിരായത് നിരർഥകവുമാണ്' എന്ന് ഇതിന്റെ വിശദീകരണത്തിൽ ഇബ്നു കസീർ(റഹി)പറഞ്ഞതായി കാണാം.

നബി(സ്വ)യോ, ഉത്തമ തലമുറയിൽ ജീവിച്ചവരോ മാതൃകയാക്കിത്തരാത്ത ഒന്നിനെയാണ് മുസ്‌ലിയാർ ഇവിടെ പെരുപ്പിച്ചു കാണിക്കുന്നത്. പുരോഹിതന്മാർ മെനഞ്ഞുണ്ടാക്കിയ ബിദ്അത്തുകളായ ജാറം കെട്ടിപ്പൊക്കൽ, മാസങ്ങളും ദിനങ്ങളും അടിസ്ഥാനമാക്കിയുള്ള സ്വയം നിർമിത ആഘോഷങ്ങൾ, ശകുന വിശ്വാസം, മരണാനന്തര അനാചാരങ്ങൾ തുടങ്ങിയവ കൊണ്ടാടുന്നതിന് ഇമാം ശാഫിഈ(റഹി) ഒരു ഭാരമാകുമ്പോൾ അദ്ദേഹത്തെ തള്ളുകയും എന്നാൽ അണികളെ പറ്റിക്കാൻവേണ്ടി ഞങ്ങൾ ഈ മദ്ഹബിന്റെ ആളുകളാണെന്ന് പറഞ്ഞ് അദ്ദേഹത്തെ കൊള്ളുകയും ചെയ്യുന്ന രീതി മുസ്‌ലിയാക്കന്മാരുടെ കാപട്യമാണ്.

മുസ്‌ലിയാർ എഴുതുന്നു: "മൗലിദ് മജ്‌ലിസുകളും പ്രകീർത്തന സദസ്സുകളും ധാരാളമായി സംഘടിപ്പിക്കപ്പെടാറുണ്ട്. ഗവൺമെന്റിന്റെ കീഴിലുള്ള പള്ളികളിലും ഇത്തരം സദസ്സുകൾ ഔദ്യോഗികമായിത്തന്നെ ഉണ്ടാവും'' (രിസാല, പേജ് 7).

നബി(സ്വ)യുടെ ജനന ദിവസത്തിന്റെ പേരിൽ ശിയാ-സൂഫികൾ ഉണ്ടാക്കിയ ആഘോഷത്തെ മുസ്‌ലിയാർ എത്ര പ്രശംസിച്ച് നന്നാക്കിയാലും അത് പുത്തനാചാരം തന്നെയാണ്. അല്ലാഹു പൂർത്തിയാക്കിയ മതത്തിൽ ഇത്തരമൊരാഘോഷമില്ല. ക്വുർആൻ പറയുന്നു: "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്'' (57:7).

നബി(സ്വ)യിൽനിന്നോ അവിടുത്തെ സഹചാരികളിൽനിന്നോ വ്യംഗ്യമായൊരു സൂചനപോലുമില്ലാത്ത ഈ വിഷയത്തെ റബീഉൽ അവ്വൽ മാസത്തിലെ പൂർണാഘോഷമാക്കി പുരോഹിതന്മാർ മാറ്റി. ഒരു കാര്യം ആരാധനയാകണമെങ്കിൽ ഇഖ്‌ലാസ് (ആത്മാർഥത) മാത്രം പോരാ, നബിചര്യാനുധാവനവും നിർബന്ധമാണെന്ന അറിവ് പോലും ഇവർക്കില്ലാതെ പോയല്ലോ!

ആഇശ(റ)യിൽനിന്ന്, നബി (സ്വ) പറഞ്ഞു: "നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവൃത്തി ആരെങ്കിലും ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്" (മുസ്‌ലിം).

ഹുദൈഫ(റ) പറഞ്ഞു: "നബി (സ്വ)യുടെ സ്വഹാബികൾ ആരാധനയാക്കാത്ത ഒന്നും ആരാധനയാവുകയില്ല."

പ്രത്യേക എണ്ണവും രൂപവും നിശ്ചയിച്ച് ഇതിനോടനുബന്ധിച്ച് നടത്തപ്പെടുന്ന ദിക്‌റുകൾ, സ്വലാത്തുകൾ, മാലകൾ പാരായണം ചെയ്യൽ, അമിത പ്രശംസകൾ... ഇതെല്ലാം മതത്തിന്റെ പേരിൽ പുതുതായി ഉണ്ടാക്കിയ അനാചാരങ്ങളാണ്. ആരാണ് ഇതിന് അനുമതി നൽകിയിട്ടുള്ളത്?

അല്ലാഹു പറയുന്നു: "അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചുകൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്" (42:21).

ആഇശ(റ)യിൽനിന്ന്, നബി (സ്വ)പറഞ്ഞു: "നമ്മുടെ ഈ കാര്യത്തിൽ (മതത്തിൽ) അതിലില്ലാത്തത് ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്" (ബുഖാരി, മുസ്‌ലിം).

മുസ്‌ലിയാർ എഴുതുന്നു: "സാധാരണക്കാർ പോലും തലമറച്ച് പുണ്യം നേടാൻ ഉത്സാഹിക്കുന്നത് കാണാം..... ഉലമാക്കളുടെയും സാദാത്തുക്കളുടെയും അനുഗ്രഹത്തിന് വേണ്ടി ചുംബിക്കുന്ന ചര്യയും മലേഷ്യക്കാർക്കിടയിലുണ്ട്" (രിസാല, പേജ് 7).

നബി(സ്വ) വസ്ത്ര ധാരണത്തിൽ പതിവാക്കിയിരുന്ന തലപ്പാവ് അനുവദിക്കപ്പെട്ട കാര്യമാണ്. അത് അന്ന് അന്നാട്ടിലെ ഒരു രീതിയായിരുന്നു. അവിശ്വാസികളും അത് ധരിച്ചിരുന്നു. ഓരോരുത്തർക്കും അവരവരുടെ നാട്ടിലെ വേഷരീതികൾ സ്വീകരിക്കാം. തലപ്പാവ് മതപരമായി സുന്നത്താക്കിയ കാര്യമല്ല. ദുർബലവും നിർമിതവുമായ ഒട്ടേറെ വ്യാജ വാക്കുകൾ തലപ്പാവിന്റെ പോരിശ പറയുന്നതായുണ്ട്. അതെല്ലാം തലപ്പാവ് ഉപയോഗിക്കുന്നതിന്റെ ശ്രേഷ്ഠത പറയാൻ മുസ്‌ലിയാക്കന്മാർ തെളിവാക്കാറുണ്ട്. ലോകാടിസ്ഥാനത്തിൽ ശിയാക്കൾ സ്വീകരിച്ച് വരുന്ന പല കെട്ടുകളും വർണങ്ങളും ഇതിനായി തെരഞ്ഞെടുക്കപ്പെടുന്നു. സ്വീകാര്യമായ ഒരു ഹദീസിൽ പോലും ഇതിന്റെ മഹത്ത്വം കാണുകയില്ല.

പണ്ഡിതന്മാരിൽ നിന്നും നേതാക്കളിൽനിന്നും അനുഗ്രഹം ലഭിക്കുമെന്ന പ്രതീക്ഷയിൽ അവരുടെ കൈകൾ ചുംബിക്കുന്നതും അവർക്ക് മുമ്പിൽ തല കുനിക്കുന്നതുമെല്ലാം ഇസ്‌ലാം വിലക്കിയതാണ്. അനുഗ്രഹപൂർണൻ അല്ലാഹു മാത്രമാണ്. നാം പ്രതീക്ഷവയ്ക്കേണ്ടത് അവനിലാണ്. അല്ലാഹു പറയുന്നു: "അറിയുക:

**നബി(സ്വ)യുടെ ജനന ദിവസത്തിന്റെ പേരിൽ ശിയാ-സൂഫികൾ ഉണ്ടാക്കിയ ആഘോഷത്തെ മുസ്‌ലിയാർ എത്ര പ്രശംസിച്ച് നന്നാക്കിയാലും അത് പുത്തനാചാരം തന്നെയാണ്. അല്ലാഹു പൂർത്തിയാക്കിയ മതത്തിൽ ഇത്തരമൊരാഘോഷമില്ല. ക്വുർആൻ പറയുന്നു: "നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽനിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽനിന്ന് നിങ്ങൾ ഒഴിഞ്ഞുനിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്'' (57:7). നബി(സ്വ)യിൽ നിന്നോ അവിടുത്തെ സഹചാരികളിൽനിന്നോ വ്യംഗ്യമായൊരു സൂചന പോലുമില്ലാത്ത ഈ വിഷയത്തെ റബീഉൽ അവ്വൽ മാസത്തിലെ പൂർണാഘോഷമാക്കി**



സൃഷ്ടിപ്പും ശാസനാധികാരവും അവന്നുതന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണനായിരിക്കുന്നു'' (7:54).

മുസ്‌ലിയാക്കന്മാർ വ്യാപകമായി ഇന്ന് ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതുമായ ഈ 'ചുംബന' സ്വഭാവം സൂഫികളിൽനിന്നും കയറിക്കൂടിയതാണ്. ഇസ്‌ലാം പഠിപ്പിച്ചതല്ല. വ്യക്തിപൂജയിലേക്ക് നയിക്കുന്ന ഈ പ്രവർത്തനം സ്വഹാബികളുടെ ജീവിത്തിൽ കാണുവാൻ സാധ്യമല്ല.

ലേഖകൻ ഒരു പരാതി എഴുതുന്നു: "നമ്മുടെ നാട്ടിൽ ഈ പുതുവർഷം കാര്യമായി ഗൗനിക്കപ്പെടുന്നില്ലെന്ന് മലേഷ്യയിലെ ചടങ്ങുകൾ കാണുമ്പോൾ തോന്നി. ശിയാ വിഭാഗത്തിന്റെ അതിവൈകാരിക പ്രകടനങ്ങൾ കൊണ്ട് അടയാളപ്പെടേണ്ടതല്ല മുഹർറം'' (സുന്നിവോയ്സ്, പേജ് 13).

ഒട്ടേറെ ശിയാ ആചാരങ്ങൾ കൊണ്ടുനടക്കുന്ന ഇക്കൂട്ടരുടെ ശിയാമേൽവിലാസം മൂടിവയ്ക്കാനുള്ള ശ്രമം വിഫലമാവുകയേയുള്ളൂ. മുഹർറ മാസത്തിൽ സമസ്തയുടെ മേൽനോട്ടത്തിലുള്ള പ്രധാന കേന്ദ്രങ്ങളിലല്ലേ ആശൂറാഅ് സമ്മേളനങ്ങളും കർബല ദുഃഖാചരണ സംഗമങ്ങളും സംഘടിപ്പിക്കപ്പെടുന്നത്?

ഒട്ടും അർഹതയില്ലാത്ത സ്ഥാനത്ത് മുസ്‌ലിയാരെ ലേഖകൻ ഇരുത്തിയത് കാണുക: "ഇസ്‌ലാമിന്റെ രണ്ടാം പ്രമാണം പഠിക്കാൻ ഇന്ന് ലോകത്തുള്ള ആധികാരിക ഉറവിടങ്ങളിൽ പ്രധാനിയാണ് ശൈഖ് അബൂബക്കർ അഹ്മദെന്നും അതുകൊണ്ടാണ് സർക്കാർ വൃത്തങ്ങൾ മുഴുവനും ആ ശബ്ദം ശ്രവിക്കുന്നത് എന്ന സന്ദേശവും വിളംബരം ചെയ്യുന്നുണ്ടായിരുന്നു ആ രംഗം'' (സുന്നിവോയ്സ്, പേജ് 16).

സ്വയം പരിഹാസ്യനായ ഒരാളെ അനുയായികൾ കൂടി ഇങ്ങനെ കളിയാക്കണ്ടായിരുന്നു. കാന്തപുരം മുസ്‌ലിയാർക്ക് പ്രമാണങ്ങൾ മനസ്സിലായിട്ടുണ്ടെങ്കിൽ അന്ധവിശ്വാസങ്ങൾക്ക് വളമിടാൻ അവയെ ദുർവ്യാഖ്യാനിക്കുമായിരുന്നോ? സുന്നത്തുകൾക്ക് പകരം ബിദ്അത്തുകളെ ജീവിപ്പിക്കുമായിരുന്നോ? അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കുവാൻ ക്വുർആനിൽ തെളിവുണ്ടെന്നു പറഞ്ഞ് ആയത്ത് ദുർവ്യാഖ്യാനിക്കുമായിരുന്നോ? അറിയാത്തതുകൊണ്ടോ ഭൗതിക നേട്ടങ്ങൾക്കുവേണ്ടി അറിഞ്ഞ സത്യം മറച്ചുവയ്ക്കുന്നതോ?

ലേഖകൻ ഒരു പച്ചക്കള്ളം എഴുന്നള്ളിക്കുന്നത് കാണുക: "തിരുനബി(സ)യുടെ സുന്നത്തുകളെയും ഹദീസുകളെയും നിഷേധിക്കുകയെന്നതായിരുന്നു നിയോ ഇസ്‌ലാമിസ്റ്റുകളെന്ന് ലോകം വിളിക്കുന്ന വഹാബികളടക്കമുള്ള മതപരിഷ്കരണവാദികളുടെയെല്ലാം പൊതുമുഖം'' (സുന്നിവോയ്സ്, പേജ് 18).

മതത്തിന് സേവനവും അതിന്റെ നിയമങ്ങൾക്ക് സംരക്ഷണവും നൽകുന്ന സലഫികളെയാണ് 'നിയോ ഇസ്‌ലാമിസ്റ്റുകൾ' എന്ന് പറഞ്ഞ് നിന്ദിക്കാൻ നോക്കുന്നത്. ഓരോ കാലത്തും ഉണ്ടായിട്ടുള്ള മത വിരോധികളെ ഉൾപ്പെടുത്തി ക്വുർആൻ പറഞ്ഞതാണ് ഇതിനുള്ള മറുപടി:

അല്ലാഹു പറയുന്നു: "അവർക്ക് വല്ല ദൃഷ്ടാന്തവും വന്നാൽ, അല്ലാഹുവിന്റെ ദൂതൻമാർക്ക് നൽകപ്പെട്ടത് പോലുള്ളത് ഞങ്ങൾക്കും ലഭിക്കുന്നതുവരെ ഞങ്ങൾ വിശ്വസിക്കുകയേ ഇല്ല എന്നായിരിക്കും അവർ പറയുക. എന്നാൽ അല്ലാഹുവിന്ന് നല്ലവണ്ണമറിയാം; തന്റെ ദൗത്യം എവിടെയാണ് ഏൽപിക്കേണ്ടതെന്ന്. കുറ്റകൃത്യങ്ങളിൽ ഏർപെട്ടവർക്ക് തങ്ങൾ പ്രയോഗിച്ചിരുന്ന കുതന്ത്രത്തിന്റെ ഫലമായി അല്ലാഹുവിങ്കൽ ഹീനതയും കഠിനമായ ശിക്ഷയും വന്നുഭവിക്കുന്നതാണ്'' (6:124)

മലേഷ്യൻ പട്ടം കിട്ടിയതിന് ശേഷം നൽകപ്പെട്ട ആദരിക്കലിൽ കാന്തപുരം പറഞ്ഞ വാക്കുകൾ ലേഖകൻ ഉദ്ധരിക്കുന്നു: "ഈ അവാർഡ് സമസ്തക്കുള്ളതാണ്. സമസ്തയിലൂടെ രൂപപ്പെട്ട, വിപുലപ്പെട്ട ആദർശത്തിനും നിലപാടുകൾക്കുമുള്ള അംഗീകാരമാണ് സമസ്തയുടെ ഖാദിമെന്ന നിലയിൽ തനിക്ക് ലഭിച്ചതെന്ന് ഉസ്താദ് വിനയാന്വിതനാകുമ്പോൾ നൂറാം വാർഷികം ആഘോഷിക്കാനൊരുങ്ങുന്ന പ്രസ്ഥാനം മുന്നോട്ടുവെക്കുന്ന ആശയാദർശങ്ങൾക്ക് ആഗോളാടിസ്ഥാനത്തിൽ ലഭിക്കുന്ന സ്വീകാര്യതയായി അത് മാറുന്നു''(സുന്നിവോയ്സ് പേജ് 20)

കേരളത്തിൽ ശിയാ വിശ്വാസം ചുമന്ന്, അഹ്‌ലുസ്സുന്നയുടെ കൂട്ടായ്മയിൽനിന്ന് വേറിട്ടുപോയ കക്ഷിയാണ് സമസ്ത. ശിയാ-സൂഫികളുടെ പിഴച്ച വാദങ്ങളെ നൂറു വർഷത്തോളം ഓമനിച്ച് വളർത്തിയതിന് നൽകപ്പെട്ട ഈ പട്ടം എന്തുകൊണ്ടും സ്വീകരിക്കാൻ അർഹതപ്പെട്ട കൂട്ടായ്മതന്നെയാണ് സമസ്ത!.

**മുസ്‌ലിയാക്കന്മാർ വ്യാപകമായി ഇന്ന് ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതുമായ 'ചുംബന' സ്വഭാവം സൂഫികളിൽനിന്നും കയറിക്കൂടിയതാണ്. ഇസ്‌ലാം പഠിപ്പിച്ചതല്ല. വ്യക്തിപൂജയിലേക്ക് നയിക്കുന്ന ഈ പ്രവർത്തനം സ്വഹാബികളുടെ ജീവിത്തിൽ കാണുവാൻ സാധ്യമല്ല. കേരളത്തിൽ ശിയാ വിശ്വാസം ചുമന്ന്, അഹ്‌ലുസ്സുന്നയുടെ കൂട്ടായ്മയിൽനിന്ന് വേറിട്ടുപോയ കക്ഷിയാണ് സമസ്ത. ശിയാ-സൂഫികളുടെ പിഴച്ച വാദങ്ങളെ നൂറു വർഷത്തോളം ഓമനിച്ച് വളർത്തിയതിന് നൽകപ്പെട്ട ഈ പട്ടം എന്തുകൊണ്ടും സ്വീകരിക്കാൻ അർഹതപ്പെട്ട കൂട്ടായ്മ തന്നെയാണ് സമസ്ത!.**

# ഹരിയാന: കലാപവും കരുതൽ തേടുന്ന ജീവിതങ്ങളും

**മുജീബ് ഒട്ടുമ്മൽ**
:97444 31890

**ഇന്ത്യയിൽ നടന്ന വർഗീയകലാപങ്ങളിൽ ബഹുഭൂരിപക്ഷവും മതഘോഷയാത്രയുമായി ബന്ധപ്പെട്ടാണ് തുടക്കം കുറിച്ചിട്ടുള്ള എന്ന കാര്യം കേവലം യാദൃച്ഛികതയായി എഴുതിത്തള്ളാവുന്നതല്ല. 'ദൈവ പ്രീതിക്കായി' സംഘടിപ്പിക്കുന്ന ആഘോഷങ്ങളെ മാനവികവിരുദ്ധ പ്രവർത്തനങ്ങളുടെ നാട്ടക്കുറിയാക്കി മാറ്റുന്നതിലൂടെ സംഹാരമൂർത്തികൾ മാത്രമാണ് തങ്ങളുടെ 'ദൈവങ്ങൾ' എന്ന സന്ദേശമാണ് സംഘ്പരിവാർ സമൂഹത്തിന് കൈമാറാനുദ്ദേശിക്കുന്നത്**

ഹരിയാനയിലെ മേവാത്ത് മേഖലയിലെ മുസ്‌ലിം ഭൂരിപക്ഷ ജില്ലയാണ് നുഹ്. ജൂലൈ 31ന് വിശ്വഹിന്ദുപരിഷത്ത്, ബജ്റംഗ്ദൾ, മാതൃശക്തി, ദുർഗാവാഹിനി തുടങ്ങിയ തീവ്ര ഹിന്ദുത്വ സംഘടനകൾ സംയുക്തമായി അവിടെ ബ്രിജ് മണ്ഡൽ ജലാഭിഷേക ഘോഷയാത്ര സംഘടിപ്പിക്കുകയുണ്ടായി. ഗുരുഗ്രാമിലെ സിവിൽ ലൈനിൽനിന്ന് ബിജെപി ജില്ലാ പ്രസിഡന്റ് ഗാർഗികക്കർ ഫ്ളാഗ് ഓഫ് ചെയ്ത ഘോഷയാത്ര നുഹിലെ ഖേദ്‌ല മോഡിന് സമീപം ഒരു സംഘം ആളുകൾ തടഞ്ഞെന്ന് ആരോപിച്ചത് വ്യാപകമായ സംഘർഷങ്ങൾക്കും വർഗീയ സംഘട്ടങ്ങൾക്കും കാരണമായി. കൊലപാതകവും കല്ലേറും തീവയ്പ്പുമായി ഗുഡ്ഗാവിലെ സോഹന, പൽവാലിലെ ഹോദൽ, ഫരീദാബാദിലെ ബല്ലബ്ഗഡ് എന്നിവ ഉൾപ്പെടെ നൂഹിന്റ സമീപ പ്രദേശങ്ങളിലേക്കും കലാപം പടർന്നുപിടിച്ചു. നീരജ്, ഗുർസേവക് എന്നീ രണ്ട് ഹോംഗാർഡുകൾ ഉൾപ്പെടെ ആറു പേരാണ് അവിടെ കൊല്ലപ്പെട്ടത്. പോലീസുകാരുൾപ്പെടെ നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ഗുരുഗ്രാമിലെ അഞ്ജുമാൻ മസ്ജിദിന് ആക്രമികൾ തീയിടുകയും അവിടുത്തെ ഇമാം സഅദ് മുഹമ്മദിനെ അതിക്രൂരമായി കൊലപ്പെടുത്തുകയും ചെയ്തു. വാഹന

പച്ചയായ മനുഷ്യരുടെ വേദനകളറിയാത്ത, ചമയങ്ങൾ തീർത്ത താരകങ്ങൾ മണ്ണിലിറങ്ങി വിഷം വമിക്കുന്ന വാചകക്കസർത്തുകൾകൊണ്ട് സൗഹൃദാന്തരീക്ഷത്തെ മലിനപ്പെടുത്തുന്നുണ്ട്. ഇവരുടെ കുതന്ത്രങ്ങളെ തിരിച്ചറിഞ്ഞ് ഇന്ത്യയെ വീണ്ടെടുക്കാൻ ആത്മാർഥമായ ശ്രമം ഉണ്ടാകണം. 2024ലെ തെരഞ്ഞെടുപ്പ് അങ്ങനെയൊരു ശുഭപ്രതീക്ഷ നൽകാൻ മതനിരപേക്ഷ സമൂഹം കാത്തിരിക്കുകയാണ്.



ങ്ങൾ, പോലീസ് സ്റ്റേഷനുകൾ, കടകൾ, ഗ്യാസ് സ്റ്റേഷനുകൾ, സ്റ്റോറുകൾ, പെട്രോൾ പമ്പുകൾ തുടങ്ങിയ ധാരാളം സംവിധാനങ്ങൾ അഗ്നിക്കിരയാക്കി.

ഇന്ത്യയിലുടനീളം നടക്കുന്ന വർഗീയ കലാപങ്ങളിൽ മതഘോഷയാത്രകൾക്ക് കൂടുതൽ പങ്കുണ്ടെന്നത് ഒരു യാഥാർഥ്യമാണ്. രാമനവമി, ഹനുമാൻ ജയന്തി, ഗണേഷോൽസവം പോലെയുള്ള ആഘോഷങ്ങളിലും അനുബന്ധ ഘോഷയാത്രകളിലും ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളും ജനങ്ങളുമാണ് അധികവും ക്രൂരമായ ആക്രമണങ്ങൾക്ക് വിധേയമാകുന്നത്. സാമ്പത്തിക സ്രോതസ്സുകളും ഉപജീവനമാർഗങ്ങളും കിടപ്പാടങ്ങളുമെല്ലാം ഇത്തരം സംഘർഷങ്ങളിൽ തകർക്കപ്പെടുകയോ അഗ്നിക്കിരയാക്കപ്പെടുകയോ ചെയ്യാറുണ്ട്. മണിപ്പൂരിലെ ഭീകരതാണ്ഡവങ്ങൾ കെട്ടടങ്ങുന്നതിന് മുമ്പുതന്നെ ഹരിയാനയിലെ നുഹ് ജില്ലയിലേക്കും അക്രമവും വിദ്വേഷവും കടത്താനുള്ള ശ്രമം കേവലം യാദൃച്ഛികമല്ല. 2024ലെ പൊതുതെരഞ്ഞെടുപ്പ് ലക്ഷ്യമാക്കിയുള്ള ബിജെപി, ആർഎസ്എസ് പോലെയുള്ള സംഘ പരിവാര സംഘടനങ്ങൾ ന്യൂനപക്ഷങ്ങളുടെ ചുടുചോരയിൽ സാഹചര്യങ്ങൾ തങ്ങൾക്കനുകൂലമാക്കുകയാണിവിടെ. മണിപ്പൂരും ഹരിയാനയും ഉത്തരേന്ത്യയിലെ ഇതര പ്രദേശങ്ങളും അതിന് സാക്ഷിയായിക്കൊണ്ടിരിക്കുകയാണ്.

### ഘോഷയാത്രകൾ കലാപങ്ങൾ സൃഷ്ടിക്കും വിധം

ഇന്ത്യയിൽ കലാപങ്ങളും സംഘർഷങ്ങളും നടക്കുന്നതിൽ മതഘോഷയാത്രകൾ അനൽപമായ പങ്ക് വഹിക്കുന്നുണ്ട് എന്ന് സൂചിപ്പിച്ചു. അടുത്തിടെ നടന്ന ഡൽഹിയിലെ ജഹാംഗിർപുരിയിലുണ്ടായ കലാപവും അതിനൊരു ഉദാഹരണമാണ്. ഹനുമാൻ ജയന്തിയോടനുബന്ധിച്ച് സംഘപരിവാര സംഘടകളുടെ നേതൃത്വത്തിൽ നടന്ന ഘോഷയാത്ര ജുമാമസ്ജിദിന് സമീപമെത്തിയപ്പോൾ വാദ്യോപകരണങ്ങളും മുദ്രാവാക്യങ്ങളുംകൊണ്ട് ശബ്ദമുഖരിതമായിരുന്നു. മുസ്‌ലിം ന്യൂനപക്ഷത്തെ പ്രകോപിപ്പിക്കുക മാത്രമായിരുന്നു അവരുടെ ലക്ഷ്യം. മൂന്നുതവണ പ്രകോപനമുണ്ടാക്കിയെങ്കിലും ആരും പ്രതികരിക്കാതായപ്പോൾ മുസ്‌ലിം നാമധാരിയായ സംഘപരിവാര പ്രവർത്തകനെ ഉപയോഗിച്ച്

**ഇന്ത്യയിലുടനീളം നടക്കുന്ന വർഗീയ കലാപങ്ങളിൽ മതഘോഷയാത്രകൾക്ക് കൂടുതൽ പങ്കുണ്ടെന്നത് ഒരു യാഥാർഥ്യമാണ്. രാമനവമി, ഹനുമാൻ ജയന്തി, ഗണേഷോൽസവം പോലെയുള്ള ആഘോഷങ്ങളിലും അനുബന്ധ ഘോഷയാത്രകളിലും ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങളും ജനങ്ങളുമാണ് അധികവും ക്രൂരമായ ആക്രമണങ്ങൾക്ക് വിധേയമാകുന്നത്. സാമ്പത്തിക സ്രോതസ്സുകളും ഉപജീവനമാർഗങ്ങളും കിടപ്പാടങ്ങളുമെല്ലാം ഇത്തരം സംഘർഷങ്ങളിൽ തകർക്കപ്പെടുകയോ അഗ്നിക്കിരയാക്കപ്പെടുകയോ ചെയ്യാറുണ്ട്.**

ഘോഷയാത്രക്ക് കല്ലേറിയുകയായിരുന്നു. മുസ്‌ലിം സമുദായത്തിലെ ചെറുപ്പക്കാർ ഘോഷയാത്രയെ ആക്രമിച്ചെന്ന് ആരോപിച്ച് അവിടെയുള്ള മുസ്‌ലിം വീടുകൾ ബുൾഡോസർ ഉപയോഗിച്ച് തകർത്തു. അതാണ് അവരുടെ ലക്ഷ്യമായിരുന്നത്.

'സിറ്റിസൺസ് ആന്റ് ലോയേഴ്സ് അസോസിയേഷൻ' എന്ന സന്നദ്ധ സംഘടന മതാഘോഷയാത്രകളുടെ അകംപൊരുളുകളെക്കുറിച്ചുള്ള സമഗ്രമായ റിപ്പോർട്ട് പുറത്ത് വിട്ടിട്ടുണ്ട്. 'കാലുഷ്യത്തിന്റ വഴിത്താരകളും മതഘോഷയാത്രകളുടെ ആയുധവൽക്കരണവും' എന്ന പേരിലുള്ള റിപ്പോർട്ട് ഇന്ത്യയിൽ ഘോഷയാത്രകൾ സൃഷ്ടിച്ച കബന്ധങ്ങളിലൂടെയാണ് കടന്നു പോകുന്നത്.

പ്രദേശത്ത് വിദ്വേഷം പരത്തുന്നതിലുള്ള ഇത്തരം യാത്രകളുടെ പങ്കിനെക്കുറിച്ച് റിപ്പോർട്ട് ഗൗരവത്തിൽ കോറിയിടുന്നുണ്ട്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് പുറമെ കിഴക്കൻ മേഖലകളിലും ദക്ഷിണേന്ത്യയിലും മതപരമായ ഉൽസവങ്ങൾ വർഗീയ സംഘർഷത്തിന്റ പ്രഭവ കേന്ദ്രങ്ങളാക്കാൻ സംഘപരിവാർ ശ്രമം തുടങ്ങിയിട്ട് നാളുകളേറെയായി. നവരാത്രി വ്രതകാലത്ത് ഡൽഹിയിൽപോലും മാംസക്കടകൾ നിർബന്ധിതമായി അടച്ച് പൂട്ടിക്കുന്ന പ്രവണത അടുത്തകാലം മുതൽ ആരംഭിച്ചതാണ്.

വിദേശ എംബസികൾ സ്ഥിതി ചെയ്യുന്ന ദക്ഷിണ ഡൽഹിയിലെ പ്രധാന മാർക്കറ്റുകളിൽപോലും മാംസക്കടകൾ ബലമായി അടപ്പിക്കും. ഇന്ത്യയുടെ വൈവിധ്യം പേറുന്ന ജവഹർലാൽ നെഹ്റു സർവകലാശാല മെസ്സിൽപോലും നവരാത്രി കാലത്ത് കോഴിക്കറി നൽകിയതിന് സംഘർഷമുണ്ടായി. ന്യൂനപക്ഷങ്ങളെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിയിട്ട് വംശഹത്യക്ക് പാകപ്പെടുത്തുകയെന്ന ഫാസിസ്റ്റ് കുതന്ത്രമായിരുന്നു അവിടെ അവർ പയറ്റിയിരുന്നത്.

**ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾക്ക് പുറമെ കിഴക്കൻ മേഖലകളിലും ദക്ഷിണേന്ത്യയിലും മതപരമായ ഉൽസവങ്ങൾ വർഗീയ സംഘർഷത്തിന്റ പ്രഭവ കേന്ദ്രങ്ങളാക്കാൻ സംഘപരിവാർ ശ്രമം തുടങ്ങിയിട്ട് നാളുകളേറെയായി. നവരാത്രി വ്രതകാലത്ത് ഡൽഹിയിൽപോലും മാംസക്കടകൾ നിർബന്ധിതമായി അടച്ച് പൂട്ടിക്കുന്ന പ്രവണത അടുത്തകാലം മുതൽ ആരംഭിച്ചതാണ്. ന്യൂനപക്ഷങ്ങളെ അരക്ഷിതാവസ്ഥയിലേക്ക് തള്ളിയിട്ട് വംശഹത്യക്ക് പാകപ്പെടുത്തുകയെന്ന ഫാസിസ്റ്റ് കുതന്ത്രമായിരുന്നു അവിടെ അവർ പയറ്റിയിരുന്നത്.**

### കലാപം:കാരണങ്ങളും യാഥാർഥ്യവും

ഡൽഹിക്ക് സമീപമുള്ള ഹരിയാനയിലെ മുസ്‌ലിം ഭൂരിപക്ഷജില്ലയായ നുഹിലും അവർ പയറ്റിയത് സമാനമായ തന്ത്രമായിരുന്നു. ബ്രിജ് മണ്ഡൽ ജലാഭിഷേക് ഘോഷയാത്ര നടക്കുന്നതിന് മുമ്പു തന്നെ മുസ്‌ലിം സമുദായത്തെ പ്രകോപിപ്പിക്കാനുള്ള ശ്രമമുണ്ടായിരുന്നു. ബോധപൂർവമായ കലാപശ്രമമാണ് നടന്നതെന്ന് പ്രദേശവാസികളും സാമൂഹ്യസംഘടനകളും വ്യക്തമാക്കുന്നുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്നിടത്താണ് ഘോഷയാത്ര സംഘടിപ്പിച്ചത് എന്നതിൽനിന്നുതന്നെ കാര്യം വ്യക്തമാണ്. ഫെബ്രുവരി 15ന് രാജസ്ഥാനിലെ ഭരത്പൂർ ജില്ലയിലെ ഘാത്മിക ഗ്രാമത്തിലെ താമസക്കാരായ നസീർ, ജുനൈദ് എന്നിവരെ കാണാതായി. അടുത്ത ദിവസം ഹരിയാനയിലെ ഭിവാനി ജില്ലയിലെ ലോഹരുവിൽനിന്ന് കത്തിക്കരിഞ്ഞ മൃതദേഹങ്ങൾ കണ്ടെത്തി. മോനു മനേസർ എന്ന പേരിൽ അറിയപ്പെടുന്ന ഗോരക്ഷാ പ്രവർത്തകനും ബജ്റംഗ്ദൾ നേതാവുമായ മോഹിത് യാദവായിരുന്നു പ്രധാന പ്രതി. തനിക്കെതിരെ എഫ്ഐആർ രേഖപ്പെടുത്തിയ പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും രേഖകൾ തീയിട്ട് നശിപ്പിക്കുകയും ചെയ്തുവെന്ന് ഇയാൾക്കെതിരെ വാർത്തയുണ്ട്. പിന്നീട് ഇയാൾ ഒളിവിലായിരുന്നുവത്രെ!

ഘോഷയാത്രയുടെ രണ്ടു ദിവസം മുമ്പ് പ്രദേശത്തെയും അവിടെയുള്ള ജനങ്ങളെയും മോശമായി ചിത്രീകരിച്ചുകൊണ്ട് ഇയാൾ ചെയ്ത വീഡിയോ സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പി



ച്ചിരുന്നു. പിടികിട്ടാപ്പുള്ളിയായി പ്രഖ്യാപിക്കപ്പെട്ട ഇയാൾ ഘോഷ യാത്രയിൽ പങ്കെടുക്കുമെന്നും അതിനാൽ എല്ലാവരും അണിനിരക്കണമെന്നും ഉപദേശിച്ചുകൊണ്ടുമുള്ള ഇയാളുടെ വീഡിയോ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. യാത്രയിൽ പങ്കെടുത്ത വാഹനങ്ങളിലധികവും ‘ഗോരക്ഷക്’ എന്ന സ്റ്റിക്കർ പതിച്ചവയായിരുന്നു. അതും പ്രദേശത്ത് ശക്തമായ പ്രകോപനമുണ്ടാക്കുന്നതായിരുന്നു. എന്നാൽ പ്രദേശത്തെ പോലീസ് സംവിധാനങ്ങൾ ക്രിയാത്മകമായി പ്രതികരിക്കേണ്ടതിന് പകരം നിസ്സംഗരാവുകയായിരുന്നു. ബിജെപിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ഭരണകൂടമാകട്ടെ ഇത്തരം വിദ്വേഷ പ്രചാരണങ്ങളും സംഘർഷത്തിലേക്ക് നയിക്കാവുന്ന സാഹചര്യങ്ങളും തടയിടാൻ ശ്രമിച്ചതുമില്ല. അഥവാ കലാപത്തിനു ഭരണകൂടത്തിന്റ പിന്തുണ വിളിച്ചോതുന്ന സമീപനമായിരുന്നു അവർ സ്വീകരിച്ചിരുന്നത്.

ഘോഷയാത്രയിൽ പങ്കെടുത്തവർ മാരകമായ ആയുധങ്ങളുമേന്തിയാണ് മുദ്രാവാക്യം വിളിച്ചിരുന്നത്. ഗുഡ്ഗാവ് എംപിയും കേന്ദ്ര സഹമന്ത്രിയുമായ റാവു ഇന്ദ്രജിത് സിംഗിന്റ വാക്കുകൾ ഈ ആരോപണം ശരിവയ്ക്കുന്നുണ്ട്. മതപരമായ യാത്രകളിൽ പങ്കെടുക്കുന്നവർ വാളുകളും വടികളും കൈവശം വയ്ക്കുന്നത് ശരിയല്ലെന്ന് അദ്ദേഹം പറയുന്നുണ്ട്. ‘ആരാണ് ജാഥയ്ക്ക് ആയുധങ്ങൾ നൽകിയത്? ആരാണ് വാളുകളോ വടികളോ വഹിച്ചുകൊണ്ട് ഘോഷയാത്രയിൽ പോകുന്നത്? ഇത് തെറ്റാണ്. ഈ ഭാഗത്തുനിന്ന് പ്രകോപനമുണ്ടായി. മറുവശത്തുനിന്ന് ഒരു പ്രകോപനവും ഉണ്ടായിട്ടില്ലന്ന് ഞാൻ പറയുന്നില്ല.’ ഒരു മാധ്യമത്താടുള്ള അദ്ദേഹത്തിന്റ സംസാരമാണിത്.

മതഘോഷയാത്രകളെ ആയുധമണിയിക്കുന്നത് ആർഎസ്എസ് രൂപീകൃതമായ അന്നുമുതൽ ആരംഭിച്ചതാണ്. മോദിയുടെ ഭരണത്തിൽ ഇന്ത്യ എത്തിയതോടെ അത് നിത്യസംഭവമായി. 2024ലെ പൊതുതെരഞ്ഞെടുപ്പിലേക്കുള്ള ദൂരം കുറയുമ്പോൾ ഈ ആയുധ വിന്യാസത്തിന്റ വ്യാപ്തിയും വർധിക്കുന്നു. വിഭജനകാലത്ത് പോലും കലാപം പൊട്ടിപ്പുറപ്പെടാത്ത നൂഹ് എന്ന പ്രദേശത്തെ തന്നെ തെരഞ്ഞെടുത്തതിന് പലകാരണങ്ങളുമുണ്ട്. മുസ്‌ലിം ഭൂരിപക്ഷ പ്രദേശം എന്നതിലപ്പുറം രാജസ്ഥാനിലെ ഏഴോളം ലോക്‌സഭാ മണ്ഡലങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന വർഗീയ പ്രസരണം സാധ്യമാകുമെന്ന അനുമാനവും ഇതിന്റ പിന്നിലുണ്ട്. പശ്ചിമ ഉത്തർ പ്രദേശിലെ ഗാട്ടുകളെ വർഗീയ ചരടിൽ കോർക്കുക എന്നതും ലക്ഷ്യങ്ങളിലൊന്നാണ്. ജലാഭിഷേക യാത്രയുടെ മുൻനിരയിലേക്ക് മോനു മനേസർ കടന്നുവന്നതും ഇതെല്ലാം ലക്ഷ്യമാക്കിയാണ്.



**വിഭജനകാലത്ത് പോലും കലാപം പൊട്ടിപ്പുറപ്പെടാത്ത നൂഹ് എന്ന പ്രദേശത്തെ തന്നെ തെരഞ്ഞെടുത്തതിന് പലകാരണങ്ങളുമുണ്ട്. മുസ്‌ലിം ഭൂരിപക്ഷ പ്രദേശം എന്നതിലപ്പുറം രാജസ്ഥാനിലെ ഏഴോളം ലോക്‌സഭാ മണ്ഡലങ്ങളെ സ്വാധീനിക്കാൻ കഴിയുന്ന വർഗീയ പ്രസരണം സാധ്യമാകുമെന്ന അനുമാനവും ഇതിന്റ പിന്നിലുണ്ട്. പശ്ചിമ ഉത്തർപ്രദേശിലെ ഗാട്ടുകളെ വർഗീയ ചരടിൽ കോർക്കുക എന്നതും ലക്ഷ്യങ്ങളിലൊന്നാണ്. ജലാഭിഷേക യാത്രയുടെ മുൻനിരയിലേക്ക് മോനു മനേസർ കടന്നുവന്നതും ഇതെല്ലാം ലക്ഷ്യമാക്കിയാണ്.**

ജാഥ ആയുധമണിഞ്ഞതിന് പുറമെ വിദ്വേഷം വമിക്കുന്ന മുദ്രാവാക്യങ്ങൾകൊണ്ട് പ്രകോപനമുണ്ടാക്കലും തടർന്നു. 2000ലധികം വരുന്ന ആളുകൾ പങ്കാളികളായ ജാഥക്ക് നേരെ പ്രദേശവാസികളിൽ നിന്ന് ഒരു പ്രതികരണവും ഉണ്ടായിട്ടില്ല. അതിൽ നിരാശരായ ജാഥാംഗങ്ങൾതന്നെ പ്രകോപനമുണ്ടാക്കുന്ന മുദ്രാവാക്യങ്ങൾക്കൊപ്പം കല്ലേറിയുകയായിരുന്നു. പിന്നീട് ജാഥാംഗങ്ങൾ അക്രമാസക്തരായി.

കലാപാഗ്നി ആളിക്കത്തിക്കാൻ സംസ്ഥാനഭരണകൂടത്തിന്റ ഭാഗത്തുനിന്നും ശ്രമമുണ്ടായതായി കാണാം. ഭരണകക്ഷികളായ ബിജെപി-ജെജെപി സഖ്യമാണ് ക്രമസമാധാന തകർച്ചക്ക് കാരണമെന്ന് പ്രതിപക്ഷ കക്ഷികൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടർ നിർഭാഗ്യകരമായ സംഭവം എന്ന് വിശേ

ഷിപ്പിച്ചുകൊണ്ട് യാത്രികരെയും പോലീസിനെയും ആക്രമിക്കാനുള്ള ഗൂഢാലോചന നടന്നിട്ടുണ്ടെന്ന് മുസ്‌ലിം സമുദായത്തിലേക്ക് വിരൽചൂണ്ടി കുറ്റം സമുദായത്തിന്മേൽ ചാർത്താനുള്ള ശ്രമമാണ് നടത്തിയത്. ആയിരത്തോളം പോലിസുകാരുടെ അകമ്പടിയുണ്ടായിട്ടും പുറത്തുനിന്ന് ആക്രമണം നേരിടേണ്ടിവന്നു എന്ന് വാദിക്കുന്നതിലെ യുക്തി ആർക്കും ബോധ്യമാകും. അക്രമ സംഭവങ്ങൾ ആരംഭിച്ച് മണിക്കൂറുകൾക്കകം സംസ്ഥാന ആഭ്യന്തര മന്ത്രി അനിൽ വിജ് നടത്തിയ പ്രസ്താവന എരിതീയിൽ എണ്ണയൊഴിക്കുന്നതായിരുന്നു. സംഘർഷത്തെ തുടർന്ന് മുവായിരത്തോളം പേർ ക്ഷേത്രത്തിൽ അഭയം തേടിയിരിക്കുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റ പ്രസ്താവന. ജനങ്ങളെ പ്രകോപിപ്പിക്കുവാനായുള്ള ആഭ്യന്തര മന്ത്രിയുടെ പ്രസ്താവന ഭരണകൂടത്തിന്റ പിന്തുണയും പങ്കും വ്യക്തമാക്കുന്നതായിരുന്നു. ഇതേ തുടർന്നാണ് അർധരാത്രിയിൽ മുസ്‌ലിം പള്ളിക്കുനേരെ അക്രമമുണ്ടായത്.

> **ആയിരത്തോളം പോലിസുകാരുടെ അകമ്പടിയുണ്ടായിട്ടും പുറത്തുനിന്ന് ആക്രമണം നേരിടേണ്ടിവന്നു എന്ന് വാദിക്കുന്നതിലെ യുക്തി ആർക്കും ബോധ്യമാകും. അക്രമ സംഭവങ്ങൾ ആരംഭിച്ച് മണിക്കൂറുകൾക്കകം സംസ്ഥാന ആഭ്യന്തര മന്ത്രി അനിൽ വിജ് നടത്തിയ പ്രസ്താവന എരിതീയിൽ എണ്ണയൊഴിക്കുന്നതായിരുന്നു. സംഘർഷത്തെ തുടർന്ന് മുവായിരത്തോളം പേർ ക്ഷേത്രത്തിൽ അഭയം തേടിയിരിക്കുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റ പ്രസ്താവന. ജനങ്ങളെ പ്രകോപിപ്പിക്കുവാനായുള്ള ആഭ്യന്തര മന്ത്രിയുടെ പ്രസ്താവന ഭരണകൂടത്തിന്റ പിന്തുണയും പങ്കും വ്യക്തമാക്കുന്നതായിരുന്നു. ഇതേ തുടർന്നാണ് അർധരാത്രിയിൽ മുസ്‌ലിം പള്ളിക്കുനേരെ അക്രമമുണ്ടായത്.**

### കലാപങ്ങളിൽ ബാക്കിയാകുന്നത്

'ഇന്ത്യ ഛിന്നഭിന്നമായാൽ പാക്കിസ്ഥാനെയോ മറ്റേതെങ്കിലും വിദേശരാജ്യത്തെയോ പഴിക്കേണ്ട, അതിനു കാരണം നമ്മുടെ രാഷ്ട്രീയ ആത്മഹത്യ തന്നെയായിരിക്കും' എഴുത്തുകാരനായ ഖുഷ്‌വന്ത് സിങ് കലാപങ്ങളെ അപഗ്രഥിച്ചെഴുതിയ പുസ്തകത്തിൽ അടിവരയിട്ടുപറഞ്ഞതാണിത്. വിഭജനം മുതൽ ഗുജറാത്തുവരെയുള്ള കലാപങ്ങളെ അപഗ്രഥിച്ചുകൊണ്ടാണ് ഇങ്ങനെയൊരു നിഗമനത്തിലെത്തിയത്. വിഭജനകാലത്തെ കലാപമായിരുന്നു ഏറ്റവും ഭീകരമെന്ന് താൻ വിചാരിച്ചുവെങ്കിലും ഡൽഹിയിലെ 1984ലെ സിഖ് കലാപവും 2002ലെ ഗുജറാത്ത് കലാപവും തന്റ ധാരണകളെ മാറ്റിമറിച്ചുവെന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്. തുടർന്ന് നടക്കുന്ന നരമേധങ്ങൾക്ക് സാക്ഷിയാകാൻ അദ്ദേഹം ഇല്ലാതെപോയതുകൊണ്ട് രചനകളിൽ അത് രേഖപ്പെടുത്താതെപോയിയെന്ന് മാത്രം.

വർഗീയ കലാപങ്ങളുമായി ബന്ധപ്പെട്ട് റജിസ്റ്റർ ചെയ്ത കേസുകളിൽ 2020ൽതന്നെ 95% വർധനവുണ്ടായതായി ആഭ്യന്തര മന്ത്രാലയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർച്ചയായുണ്ടാകുന്ന കലാപങ്ങൾ ദുരിതബാധിത പ്രദേശങ്ങളിലെ സമ്പദ് വ്യവസ്ഥയെ തടസ്സപ്പെടുത്തുന്നുണ്ട്. ഹരിയാനയുടെ തലസ്ഥാനത്തോട് ചേർന്നുകിടക്കുന്ന മില്ലേനിയം സിറ്റിയായ ഗുരുഗ്രാം പ്രശ്നബാധിത പ്രദേശമായി മാറിയപ്പോഴുണ്ടായ സാമ്പത്തിക ആഘാതം ഞെട്ടിപ്പിക്കുന്നതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദേശ കമ്പനികൾ പ്രവർത്തിക്കുന്ന നഗരമാണ് ഗുരുഗ്രാം. ആധുനികതയുടെ അംബരചുംബികൾ വിളിച്ചോതുന്ന സമൃദ്ധിക്ക് സമാനമായി ഹരിയാനയുടെ വരുമാനത്തിൽ 72 ശതമാനവും സംഭാവന ചെയ്യുന്ന പ്രദേശമാണ് ഗുരുഗ്രാം. ഗുരുഗ്രാമിനെ കണ്ടുപഠിക്കൂ എന്ന് കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് മാതൃകയായി എല്ലാ നിക്ഷേപകരും എടുത്ത് കാണിക്കുന്ന ഒരു നഗരം കൂടിയാണത്. അത്തരം ഒരു നഗരത്തിൽ വൻ കമ്പനികളുടെ ജീവനക്കാരും ഉദ്യോഗസ്ഥരും ആഴ്ചകളായി സുരക്ഷക്കായി വീടുകളിൽ അടച്ചിരിക്കുകയാണ്!

രാജ്യത്തിന്റ സാമ്പത്തിക സുസ്ഥിരത തകർക്കുന്ന വർഗീയ കലാപങ്ങളെ ചെറുത്ത് തോൽപിക്കേണ്ടത് എല്ലാ ഇന്ത്യക്കാരുടെയും ബാധ്യതയാണ്. വർഗീയ സംഘർഷങ്ങൾക്ക് അധികാരം ദുരുപയോഗം ചെയ്യുന്ന പ്രത്യ



യശാസ്ത്രത്തെ രാജ്യത്തുനിന്ന് തുടച്ചുനീക്കാനായി എല്ലാവരും ഒറ്റക്കെട്ടായി അണിനിരക്കണം. ഏതെങ്കിലും ഒരു സമുദായത്തെ ലക്ഷ്യമാക്കുമ്പോൾ അതിനെ പ്രതിരോധിക്കേണ്ടത് അവർ മാത്രമാണെന്ന ധാരണയെ വച്ചുപൊറുപ്പിക്കരുത്. ഫാസിസ്റ്റുകളുടെ ദ്രംഷ്ടങ്ങൾ ആർക്ക് നേരെയാണ് നീളുന്നതെങ്കിലും ഇന്ത്യക്കാരനെന്ന നിലയിൽ അതിനെ ചെറുത്തുതോൽപിക്കാൻ മുന്നോട്ടുവരേണ്ടതുണ്ട്.

മൂന്ന് മാസമായി കത്തിക്കൊണ്ടിരിക്കുന്ന മണിപ്പൂരിന്റെ രണ്ടാം പതിപ്പാണ് ഹരിയാനയിൽ അരങ്ങേറിയത്. തെരഞ്ഞെടുപ്പിലേക്ക് അടുക്കുംതോറും അതിന്റെ തീവ്രത കൂടുമെന്ന് പുൽവാമ വെളിപ്പെടുത്തൽ നടത്തിയ മുൻ ജമ്മു കശ്മീർ ഗവർണർ സത്യപാൽ മാലിക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. അദ്ദേഹത്തിന്റെയും പ്രശാന്ത് ഭൂഷന്റെയും നേതൃത്വത്തിൽ ഡൽഹിയിൽ നടന്ന രാജ്യസുരക്ഷ സമ്പന്ധിച്ച കോൺക്ലേവിൽ വ്യക്തമായ പല സൂചനകളും നൽകി ജാഗ്രത പാലിക്കാൻ ആവശ്യപ്പെടുകയുണ്ടായി. കഴിഞ്ഞ ലോക്സഭാ തെരെഞ്ഞെടുപ്പിന് മുമ്പ് അരങ്ങേറിയ പുൽവാമയുടെ ആവർത്തനങ്ങൾ ഇല്ലാതിരിക്കാൻ രാജ്യം കണ്ണും കാതും കൂർപ്പിച്ചിരിക്കാൻ മാലികും ഭൂഷനും ഒരുപോലെ ആഹ്വാനം ചെയ്യുന്നുണ്ട്. ഓരോ കലാപവേളയിലും ജാഗരൂകരായി, മുതലെടുപ്പിന്റെ ധ്രുവീകരണ രാഷ്ട്രീയത്തെ പിഴുതെറിയാൻ ഇനിയും ശ്രമിക്കാതിരുന്നാൽ രാജ്യം തകർന്ന് തരിപ്പണമാകും.

## കിടപ്പാടം തകർത്തെറിയുന്ന ബുൾഡോസറുകൾ

ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലേക്ക് ബുൾഡോസർ അയക്കുന്ന പതിവ് തുടങ്ങി വെച്ചത് യുപിയിലെ യോഗി ആദിത്യനാഥാണ്. അത് പിന്നീട് മധ്യപ്രദേശ് ഉൾപെടെയുള്ള ബിജെപി സർക്കാറുകൾ ഏറ്റെടുത്തു. നൂഹിലെ കലാപത്തിന്റെ പേരിൽ മുസ്‌ലിം സമുദായത്തിന്റെ കടകളും വീടുകളും ഇടിച്ചുനിരപ്പാക്കി ഹരിയാനയും യോഗിയുടെ പാതയിൽ പ്രവേശിച്ചിരിക്കുന്നു. ആർഎസ്എസ് പ്രചാരകരെന്ന നിലയിൽ പതിറ്റാണ്ടുകൾക്ക് മുമ്പ് തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചവരാണ് മോദിയും ഹരിയാന മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടറും. ആദ്യതവണ എംഎൽഎ ആയപ്പോൾതന്നെ മുഖ്യമന്ത്രി സ്ഥാനത്തേക്ക് ഖട്ടർ ആരോഹണം നടത്തിയതിന് പിന്നിലും ഈ പ്രചാരക് സൗഹൃദമുണ്ട്. ഖട്ടറിന്റെ നിർദേശപ്രകാരം കലാപമുണ്ടായ നൂഹിൽനിന്ന് ഇരുപത് കിലോമീറ്റർ മാറി തൗരുവിൽ രോഹിങ്ക്യൻ അഭയാർഥികളുടെ 250 കുടിലുകളാണ് ബുൾഡോസറുകൾ ഉപയോഗിച്ച് പൊളിച്ചുമാറ്റിയത്. നാല് വർഷമായി അഭയാർഥികൾ താമസിച്ചിരുന്ന കുടിലുകളായിരുന്നു അത്. കലാപത്തിന് പിന്നിൽ രോഹിങ്ക്യൻ അഭയാർഥികളാണെന്ന് ആരോപിച്ചാണ് ഈ ക്രൂരത ചെയ്തത്. നൽഹാർ മെഡിക്കൽ കോളജിന് ചുറ്റുമുള്ള 2.6 ഏക്കർ ഭൂമി ഉൾപ്പെടെ 12 സ്ഥലങ്ങളിലെ നിർമാണവും ജില്ലാഭരണകൂടം തകർത്തിരുന്നു.

നൂഹ് ജില്ലയിൽ വീണ്ടും ബുൾഡോസർ രാജ് പ്രഖ്യാപിച്ചിരിക്കുകയാണ്. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി സർവേ നടത്താൻ തദ്ദേശസ്ഥാപനങ്ങൾക്കും വിവിധ വകുപ്പുകൾക്കും നിർദ്ദേശം നൽകിക്കഴിഞ്ഞു. കൈയേറ്റം കണ്ടെത്തിയാൽ നോട്ടീസ് നൽകി പൊതു പ്രഖ്യാപനം നടത്താനും ബുൾഡോസർ ഉപയോഗിച്ച് ഇടിച്ച് നിരത്താനുമാണ് നിർദേശം നൽകിയിരിക്കുന്നു. ഇടിച്ച് നിരത്തൽ പുരോഗതി എല്ലാ മാസവും വിലയിരുത്തി തദ്ദേശ സ്ഥാപനങ്ങൾ റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കണം. നൂഹ് ജില്ലയിൽ മാത്രമാണ് ഇങ്ങനെയൊരു സർവേക്കും നടപടികൾക്കും നിർദേശം നൽകിയിരിക്കുന്നത്.



**രാജ്യത്തിന്റെ സാമ്പത്തിക സുസ്ഥിരത തകർക്കുന്ന വർഗീയ കലാപങ്ങളെ ചെറുത്ത് തോൽപിക്കേണ്ടത് എല്ലാ ഇന്ത്യക്കാരുടെയും ബാധ്യതയാണ്. വർഗീയ സംഘർഷങ്ങൾക്ക് അധികാരം ദുരുപയോഗം ചെയ്യുന്ന പ്രത്യയശാസ്ത്രത്തെ രാജ്യത്തുനിന്ന് തുടച്ചുനീക്കാനായി എല്ലാവരും ഒറ്റക്കെട്ടായി അണിനിരക്കണം. ഏതെങ്കിലും ഒരു സമുദായത്തെ ലക്ഷ്യമാക്കുമ്പോൾ അതിനെ പ്രതിരോധിക്കേണ്ടത് അവർ മാത്രമാണെന്ന ധാരണയെ വച്ചുപൊറുപ്പിക്കരുത്.**

നൂഹിലെ കലാപത്തിനു പിന്നാലെ ആഗസ്റ്റ് മൂന്നുമുതൽ ആറുവരെയായി ജില്ലയിൽ ബുൾഡോസറുകൾ ഉപയോഗിച്ച് വ്യാപകമായ ഇടിച്ചുനിരത്തൽ സർക്കാർ നടത്തിയിരുന്നു. ഏഴിന് പഞ്ചാബ്-ഹരിയാന ഹൈക്കോടതി ഇടപെട്ട് ഇടിച്ചുനിരത്തൽ തടഞ്ഞു. നോട്ടീസുപോലും അയക്കാതെയുള്ള ഏകപക്ഷീയ ഇടിച്ചുനിരത്തലിനെ ഹൈക്കോടതി രൂക്ഷമായി വിമർശിക്കുകയും ചെയ്തു. വംശീയ ശുദ്ധീകരണമാണോ ലക്ഷ്യമിടുന്നതെന്നുപോലും ബിജെപി സർക്കാരിനോട് കോടതി ആരാഞ്ഞു. കേസ് വീണ്ടും പരിഗണിക്കാനിരിക്കെയാണ് സർവേ നടത്തി ഇടിച്ചുനിരത്തൽ പുനരാരംഭിക്കാനുള്ള സർക്കാർ നീക്കം.

കലാപത്തിന്റ ക്രൂരതകൾ അരങ്ങേറിയ മണിപ്പൂരിന്റ വേദനകൾ നേരിട്ടറിയാൻ മതനിരപേക്ഷ പാർട്ടികളുടെ പ്രതിനിധിസംഘം സന്ദർശിച്ചത് ഏറെ ആശ്വാസം നൽകുന്നതായിരുന്നു. കലാപങ്ങളിൽ എല്ലാ സ്വപ്നങ്ങളും തകർന്ന, വേനദയുടെ നെരിപ്പോടിൽ വെന്തെരിഞ്ഞവരെ ചേർത്തുപിടിക്കാനുള്ള ഇന്ത്യയുടെ പൈതൃകത്തെ മണിപ്പൂരിൽ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമം പ്രതീക്ഷ നൽകുന്നതായിരുന്നു. ഹരിയാനയിലും അങ്ങനെയുള്ള കരുതൽ അനിവാര്യമാണ്. ബുൾഡോസറുകൾകൊണ്ട് തകർത്തെറിയാനുള്ള രാക്ഷസീയ നടപടികൾക്കെതിരെ ശക്തമായ പ്രതികരണം ഉയരണം. ഇടത്പക്ഷത്ത് നിന്നുള്ള നേതാക്കളുടെ സന്ദർശനംപോലെ സർവ മതനിരപേക്ഷ കക്ഷികളുടെ കരുതലും ഹരിയാനയിൽ ഉണ്ടാകണം. കിടപ്പാടം നഷ്ടപ്പെട്ട് തെരുവിലായ ജീവിതങ്ങളെ ചേർത്തുപിടിക്കാൻ മഹാമനസ്കരാകണം നാം.

**കലാപങ്ങളിൽ എല്ലാ സ്വപ്നങ്ങളും തകർന്ന, വേനദയുടെ നെരിപ്പോടിൽ വെന്തെരിഞ്ഞവരെ ചേർത്തുപിടിക്കാനുള്ള ഇന്ത്യയുടെ പൈതൃകത്തെ മണിപ്പൂരിൽ പുനരുജ്ജീവിപ്പിക്കുവാനുള്ള ശ്രമം പ്രതീക്ഷ നൽകുന്നതായിരുന്നു. ഹരിയാനയിലും അങ്ങനെയുള്ള കരുതൽ അനിവാര്യമാണ്. ബുൾഡോസറുകൾകൊണ്ട് തകർത്തെറിയാനുള്ള രാക്ഷസീയ നടപടികൾക്കെതിരെ ശക്തമായ പ്രതികരണം ഉയരണം. ഇടത്പക്ഷത്ത് നിന്നുള്ള നേതാക്കളുടെ സന്ദർശനംപോലെ സർവ മതനിരപേക്ഷ കക്ഷികളുടെ കരുതലും ഹരിയാനയിൽ ഉണ്ടാകണം.**

### വംശഹത്യാ പ്രത്യയശാസ്ത്രത്തെ തിരിച്ചറിയുക

വൈവിധ്യത്തിൽ ഏകത്വമെന്ന മഹത്തായ പൈതൃകമുള്ള ഇന്ത്യാമഹാരാജ്യത്തെ കലാപങ്ങളുടെയും സംഘർഷങ്ങളുടെയും ചോരച്ചാലിൽ മുക്കി തകർത്തെറിയാൻ ശ്രമിക്കുന്ന സംഘപരിവാരങ്ങളുടെ കരാളഹസ്തങ്ങളിലാണ് ഇന്ന് നമ്മുടെ രാജ്യം. വെറുപ്പിന്റ പ്രചാരണം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സംഘപരിവാര രാഷ്ട്രീയത്തിന്റ തനിനിറം അവരുടെതന്നെ രചനകളിലും അപ്പോസ്തലൻമാരുടെ വാക്കുകളിലും വ്യക്തമാക്കുന്നുണ്ട്.

‘മുസ്‌ലിംകളും ക്രിസ്ത്യാനികളും കമ്യൂണിസ്റ്റുകാരും ഹിന്ദുരാഷ്ട്രത്തിന്റ ആന്തരിക ശത്രുക്കളാണ്’ (വിചാരധാര).

‘സെമിറ്റിക് വംശങ്ങളെ ഉൻമൂലനം ചെയ്ത് ലോകത്തെ ഞെട്ടിച്ച വംശിയാഭിമാനം അതിന്റ പരകോടിയിലെത്തിയ ജർമനിയിൽനിന്ന് ഹിന്ദുസ്ഥാന് പഠിക്കാനും പ്രയോജനപ്പെടുത്താനും നല്ലൊരു പാഠമുണ്ട്. ഹിന്ദു വംശത്തിൽ ഉൾപെടാത്തവർക്ക് പൗരാവകാശംപോലും നൽകരുത്’ (we or our nationhood



defined).

1930 കളിൽ ജർമനിയിൽ യഹൂദൻമാർക്കെതിരായി നടന്ന നാസീ വംശശുദ്ധീകരണത്തെ പിന്തുണച്ചുകൊണ്ട് തന്റെ രണ്ട് പുസ്തകങ്ങളിലായി ആർഎസ്എസിന്റെ സ്ഥാപക നേതാവായ ഹെഡ്ഗേവാറിന്റെ അരുമ ശിഷ്യനായ എംഎസ് ഗോൾവാൾക്കർ എഴുതിയ വിഷലിപ്തമായവരികളാണ് മുകളിൽ നാം വായിച്ചത്. 1940ൽ ആർഎസ്എസിന്റെ സർസംഘ് ചാലകായി അവരോധിക്കപ്പെട്ട ഗോൾവാൾക്കർ 1973ൽ മരിക്കുന്നതുവരെ 33 വർഷക്കാലം ആ സ്ഥാനത്ത് അവരോധിതനായത് തന്നെ ആർഎസ്എസിന്റെ വംശഹത്യാ പ്രത്യയശാസ്ത്രമുഖം വ്യക്തമാക്കുന്നതാണ്.

കേരളത്തിലെ ആർഎസ്എസ് ശാഖകളിൽ ഇന്നും പഠിപ്പിച്ചുകൊണ്ടിരിക്കുന്ന വിചാരധാരയിൽ ശത്രുക്കളാരാണെന്ന് നിർവചിക്കുമ്പോഴും വടക്കെ ഇന്ത്യയിൽ അത് പ്രായോഗികതലങ്ങൾ സ്പർശിച്ച് തുടങ്ങിയെന്നതാണ് ആധുനിക വർത്തമാനങ്ങൾ നമ്മോട് പറയുന്നത്.

1980കളിൽ സംഘപരിവാർ ഒന്നാമത്തെ ശത്രുവായി ഗോൾവാൾക്കർ അടയാളപ്പെടുത്തിയ മുസ്‌ലിം സമുദായത്തെ മുഖ്യലക്ഷ്യമായി കണ്ടു. സംഘപരിവാറിലെ വിവിധ പ്രസ്ഥാനങ്ങൾ തികച്ചും ആസൂത്രിതമായി ഒരുക്കിയ സാമുദായിക ലഹളകളും കൂട്ടനരമേധങ്ങളും രാജ്യത്തിന്റെ പല ഭാഗങ്ങളിലും അരങ്ങേറി. വർഗീയ കലാപങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയ വിവിധ കമ്മീഷനുകൾ ഏതെങ്കിലും ഒരു വിധത്തിൽ സംഘ പരിവാറിനുള്ള പങ്ക് അവരുടെ റിപ്പോർട്ടുകളിൽ പ്രത്യേകം എടുത്ത് കാട്ടിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചാൽ ഈ സംഭവങ്ങളിലെല്ലാം ഇരകളിൽ 65 ശതമാനവും മുസ്‌ലിംകളാണെന്ന് കാണാം. അക്രമങ്ങൾക്ക് ശക്തിപകരാനും ന്യായീകരിക്കാനും മുസ്‌ലിം സമുദായത്തെ ശത്രുക്കളാക്കി ചിത്രീകരിച്ചുകൊണ്ടുള്ള കള്ളപ്രചാരണങ്ങളിൽ അഭിരമിക്കാനാണവർ ശ്രമിച്ചത്. ഇന്ത്യയുടെ വിഭജനത്തിന് ഉത്തരവാദികൾ മുസ്‌ലിംകളാണ് എന്നവർ വാദിച്ചു. ബ്രിട്ടീഷുകാരുടെ കരാളഹസ്തങ്ങളിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാൻ ത്യാഗം ചെയ്ത സമുദായത്തിനെതിരെ ഇത്തരമൊരു ആരോപണം ഉന്നയിച്ചപ്പോൾ ഇന്ത്യാഗൈറ്റ് അടക്കമുള്ള ചരിത്രസ്മാരകങ്ങളിൽ സംഘ് രാഷ്ട്രീയത്തിന്റെ ഒരു അപ്പോസ്തലനെയും ദർശിക്കാൻ സാധ്യമല്ലെന്നത് അവർ മനസ്സിലാക്കാതെപോയി.

**വർഗീയ കലാപങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയ വിവിധ കമ്മീഷനുകൾ ഏതെങ്കിലും ഒരു വിധത്തിൽ സംഘ പരിവാറിനുള്ള പങ്ക് അവരുടെ റിപ്പോർട്ടുകളിൽ പ്രത്യേകം എടുത്ത് കാട്ടിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചാൽ ഈ സംഭവങ്ങളിലെല്ലാം ഇരകളിൽ 65 ശതമാനവും മുസ്‌ലിംകളാണെന്ന് കാണാം. അക്രമങ്ങൾക്ക് ശക്തിപകരാനും ന്യായീകരിക്കാനും മുസ്‌ലിം സമുദായത്തെ ശത്രുക്കളാക്കി ചിത്രീകരിച്ചുകൊണ്ടുള്ള കള്ളപ്രചാരണങ്ങളിൽ അഭിരമിക്കാനാണവർ ശ്രമിച്ചത്. ഇന്ത്യയുടെ വിഭജനത്തിന് ഉത്തരവാദികൾ മുസ്‌ലിംകളാണ് എന്നവർ വാദിച്ചു. ബ്രിട്ടീഷുകാരുടെ കരാളഹസ്തങ്ങളിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാൻ ത്യാഗം ചെയ്ത സമുദായത്തിനെതിരെ ഇത്തരമൊരു ആരോപണം ഉന്നയിച്ചപ്പോൾ ഇന്ത്യാഗൈറ്റ് അടക്കമുള്ള ചരിത്രസ്മാരകങ്ങളിൽ സംഘ് രാഷ്ട്രീയത്തിന്റെ ഒരു അപ്പോസ്തലനെയും ദർശിക്കാൻ സാധ്യമല്ലെന്നത് അവർ മനസ്സിലാക്കാതെപോയി.**

പാകിസ്താനോടാണ് സമുദായത്തിന് കൂറെന്ന് ആരോപിച്ചുകൊണ്ട് ദേശസ്നേഹത്തെ ചോദ്യം ചെയ്തപ്പോഴും രാജ്യത്തിന്റെ പരമപ്രധാനമായ സുരക്ഷാരഹസ്യങ്ങളെ ശത്രുരാജ്യങ്ങൾക്ക് ചോർത്തിക്കൊടുത്തുകൊണ്ടിരിക്കുന്ന കാവിരാഷ്ട്രീയ പ്രചാരകരെയും ഇവർ മറന്നുപോയി.

ബിജെപി, വിശ്വഹിന്ദു പരിഷത്ത്, ബജ്‌രംഗ്ദൾ, ഹിന്ദു ജാഗരൺ മഞ്ച്, ഹിന്ദു മുന്നണി, ഹിന്ദു ഐക്യവേദി, രാഷ്ട്ര സേവികാ സമിതി, വനവാസി കല്യാൺ ആശ്രമം, വിവേകാനന്ദ കേന്ദ്ര, ഭാരത് വികാസ് പരിഷത്ത്, അഖില ഭാരതീയ സാഹിത്യ പരിഷത്ത്, ഭരതീയ ശിക്ഷൺ മണ്ഡൽ, ഭാരതീയ കിസാൻ സംഘ്, ദീൻദയാൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഭരതീയ ഇതിഹാസ് സങ്കലൻ യോജന, വിദ്യാഭാരതി, സംസ്കൃത ഭാരതി, ദുർഗാവാഹിനി അടക്കം ധാരാളം പരിവാര സംഘടനങ്ങൾ വിദ്വേഷ രാഷ്ട്രീയത്തിന്റെ കനലുകൾ പേറി സമൂഹത്തിൽ വിഷം ചുരത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതിന്റെ അലയൊലികൾ കേരളത്തിന്റെ പ്രബുദ്ധതയിലും വളരാൻ ശ്രമിക്കുന്നുണ്ട്.

പച്ചയായ മനുഷ്യരുടെ വേദനകളറിയാത്ത, ചമയങ്ങൾ തീർത്ത താരകങ്ങൾ മണ്ണിലിറങ്ങി വിഷം വമിക്കുന്ന വാചകക്കസർത്തുകൾ കൊണ്ട് സൗഹൃദാന്തരീക്ഷത്തെ മലിനപ്പെടുത്തുന്നുണ്ട്. ഇവരുടെ കുതന്ത്രങ്ങളെ തിരിച്ചറിഞ്ഞ് ഇന്ത്യയെ വീണ്ടെടുക്കാൻ ആത്മാർഥമായ ശ്രമം ഉണ്ടാകണം. 2024ലെ തെരഞ്ഞെടുപ്പ് അങ്ങനെയൊരു ശുഭപ്രതീക്ഷ നൽകാൻ മതനിരപേക്ഷ സമൂഹം കാത്തിരിക്കുകയാണ്. ■

ലേഖനം



# മനുഷ്യൻ എന്ന സൃഷ്ടി

മരണാനന്തര ജീവിതം സത്യമോ മിഥ്യയോ? 04

മുബാറക് ബിൻ ഉമർ
: 95391 14860

**സൃഷ്ടിപ്പ് ആവർത്തിക്കുന്നു**

ഇക്കാര്യം ക്വുർആൻ ചൂണ്ടിക്കാണിക്കുന്നത് കാണുക: "അവനാകുന്നു സൃഷ്ടി ആരംഭിക്കുന്നവൻ, പിന്നെ അവൻ അത് ആവർത്തിക്കുന്നു. അത് അവനെ സംബന്ധിച്ചിടത്തോളം കൂടുതൽ എളുപ്പമാക്കുന്നു"(അർറൂം 27). സൃഷ്ടിപ്പ് ആവർത്തിക്കുന്നത് കൂടുതൽ എളുപ്പമാണ് എന്ന പ്രസ്താവന മനസ്സിലാക്കാൻ ഒട്ടും പ്രയാസമില്ല. ഒരിക്കൽ ഒരു സാധനം ഡിസൈൻ ചെയ്ത എഞ്ചിനീയർക്ക് രണ്ടാമത് ഡിസൈൻ ചെയ്യാൻ എന്താണ് പ്രയാസം?

"അവങ്കലേക്കാകുന്നു നിങ്ങളുടെയെല്ലാം മടക്കം. അല്ലാഹുവിന്റെ സത്യവാഗ്ദാനമത്രെ അത്, തീർച്ചയായും അവൻ സൃഷ്ടി ആരംഭിക്കുന്നു. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർക്ക് നീതിപൂർവം പ്രതിഫലം നൽകുവാൻവേണ്ടി അവൻ സൃഷ്ടികർമം ആവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ നിഷേധിച്ചതാരോ അവർക്ക് ചുട്ടുതിളക്കുന്ന പാനീയവും വേദനയേറിയ ശിക്ഷയും ഉണ്ടായിരിക്കും. അവർ നിഷേധിച്ചതിന്റെ ഫലമത്രെ അത്" (യൂനുസ് 4).

"അതിൽ(ഭൂമിയിൽ)നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്കുതന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽനിന്നുതന്നെ നിങ്ങളെ മറ്റൊരു പ്രാവശ്യം നാം പുറത്ത് കൊണ്ടുവരികയും ചെയ്യും"(ത്വാഹാ 55).

മനുഷ്യനെ പടച്ചത് മണ്ണിൽനിന്നാണ്. മരണശേഷം മണ്ണിൽ മറമാടപ്പെടുന്നു. അതേ മണ്ണിൽനിന്ന് മനുഷ്യരെ വീണ്ടും പടക്കും എന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.

സൃഷ്ടിപ്പ് ആവർത്തിക്കുന്നു എന്ന കാര്യം ക്വുർആൻ പലതവണ പ്രസ്താവിക്കുന്നുണ്ട്. അൻബിയാഅ് 104, ഇസ്റാഅ് 51, യൂനുസ് 34, നംല് 64, അൻകബൂത്ത് 19, അർറൂം 11, നൂഹ്17,18, ബുറൂജ് 13 എന്നീ വചനങ്ങളിലെല്ലാം ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്.

മഴ പെയ്ത് സസ്യലതാദികൾ മുളച്ച് വളർന്നുവരുന്നത് ചൂണ്ടിക്കാണിച്ചുകൊണ്ട്, ഇപ്രകാരം മരിച്ചവരെ വീണ്ടും ജീവിപ്പിക്കും എന്ന് ഖുർആൻ ചൂണ്ടിക്കാണിക്കുന്നു:

"അവനത്രെ അവന്റെ അനുഗ്രഹത്തിന് (മഴക്ക്) മുമ്പായി സന്തോഷവാർത്ത അറിയിച്ചുകൊണ്ട് കാറ്റുകളെ അയക്കുന്നവൻ. അങ്ങനെ അവ (കാറ്റുകൾ) ഭാരിച്ചമേഘത്തെ വഹിച്ചുകഴിഞ്ഞാൽ നിർജീവമായ വല്ല നാട്ടിലേക്കും നാം അതിനെ നയിച്ചു കൊണ്ടുപോകുകയും, എന്നിട്ടവിടെ വെള്ളം ചൊരിയുകയും, അതുമൂലം എല്ലാതരം കായ്കനികളും നാം പുറത്ത് കൊണ്ടുവരികയും ചെയ്യുന്നു. അതുപോലെ നാം മരണപ്പെട്ടവരെ പുറത്ത് കൊണ്ടുവരുന്നതാണ്. നിങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നവരായേക്കാം"(അഅ്റാഫ് 57).

**മണ്ണ്, കളിമണ്ണ്, കളിമണ്ണിന്റെ സത്ത, പശിമയുള്ള കളിമണ്ണ്, പാകപ്പെടുത്തിയ ചളി, ഉണങ്ങി ഉറച്ചുണ്ടായ, മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണ്, കലംപോലെ മുട്ടിയാൽ മുഴങ്ങുന്ന ഉണങ്ങിയ കളിമണ്ണ് എന്നൊക്കെ വിവിധ രൂപങ്ങളിൽ പറഞ്ഞു. കളിമണ്ണിന്റെ വിവിധ രൂപങ്ങളിലാണ് ഈ പറഞ്ഞതൊക്കെ. മനുഷ്യസൃഷ്ടിപ്പ് നടത്തിയ ധാതുവിന്റെ വ്യത്യസ്ത സ്വഭാവങ്ങളെ സൂചിപ്പിക്കുന്ന പരാമർശങ്ങളാണിവ എന്ന് മനസ്സിലാക്കാം. കളിമണ്ണിന്റെ സത്ത് എന്നത് ഈ പരാമർശങ്ങളുടെയെല്ലാം ആകെത്തുകയാണ്. മണ്ണിലെ ധാതുലവണങ്ങളിൽ ഏതെല്ലാം മനുഷ്യശരീരത്തിന് ആവശ്യമുണ്ടോ അവയെല്ലാം കൃത്യമായ അനുപാതത്തിൽ വേർതിരിച്ചാണ് സൃഷ്ടി നടത്തിയതെന്ന് ഗ്രഹിക്കാം.**

ഫാത്വിർ 9ലും സുഖ്റുഫ് 11ലും ഫുസ്സിലത്ത് 39ലും ഹജ്ജ് 5,6ലും ഖുർആൻ ഇക്കാര്യത്തെപ്പറ്റി ചിന്തിക്കാനാവശ്യപ്പെടുന്നുണ്ട്.

ഉണങ്ങിവരണ്ട മണ്ണിൽ മഴപെയ്താൽ സസ്യലതാദികൾ മുളച്ചു പൊങ്ങുന്നത് സർവസാധാരണമായ ഒരു വസ്തുതയാണ്. തികച്ചും സ്വാഭാവികമായ ഒരു പ്രക്രിയയാണത്. ഈ വിത്തുകളൊക്കെ എവിടെയായിരുന്നു? എങ്ങനെയാണവ മുളക്കുന്നത്?

പുനരുദ്ധാനത്തെ നിഷേധിക്കുന്നവരോട് ഖുർആൻ പറയുന്നത് ആദ്യ സൃഷ്ടിപ്പിനെ പറ്റി ചിന്തിക്കാനാണ്. സൃഷ്ടി ഇവിടെ സംഭവിച്ചിട്ടുണ്ടല്ലോ. കൃത്യവും സൂക്ഷ്മവും സങ്കീർണവുമായ നിലയിൽ ഒരു ആസൂത്രണവും സംവിധാനവും നടത്തുന്നതു കൊണ്ടാണല്ലോ ജീവജാലങ്ങളുടെ സൃഷ്ടിപ്പുണ്ടായത്. അങ്ങനെ ഒരിക്കൽ സൃഷ്ടിച്ചവന് രണ്ടാമതൊരിക്കൽ കൂടി സൃഷ്ടിക്കാൻ ഒരു പ്രയാസവുമില്ല.

**സംശയിക്കുന്നവരോട്**

മനുഷ്യരെ മുഴുവൻ മരണശേഷം വീണ്ടും ഉയിർത്തെഴുന്നേൽപിക്കാൻ സാധിക്കുമോ എന്ന് സംശയിക്കുന്നവരെ അഭിസംബോധന ചെയ്തുകൊണ്ട് ഖുർആൻ പറയുന്നത് കാണുക:

"മനുഷ്യരേ, ഉയിർത്തെഴുന്നെൽപിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തു കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിനുശേഷം യാതൊന്നും അറിയാതാകുംവിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിന്മേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു. അതെന്തുകൊണ്ടാണെന്നുവച്ചാൽ അല്ലാഹു തന്നെയാണ് സത്യമായുള്ളവൻ. അവൻ മരിച്ചവരെ ജീവിപ്പിക്കും. അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. അന്ത്യസമയം വരികതന്നെ ചെയ്യും. അതിൽ യാതൊരു സംശയവുമില്ല, ഖബ്റിലുള്ളവരെ അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്യും" (ഹജ്ജ് 5-7)

മണ്ണിൽനിന്നാണ് മനുഷ്യനെ സൃഷ്ടിച്ചതെന്ന് ആലുഇംറാൻ 59ലും പ്രസ്താവിക്കുന്നു. സ്വാദ് 71ൽ കളിമണ്ണിൽനിന്നാണ് എന്ന് പറയുന്നുണ്ട്. അൻആം 2, അഅ്റാഫ് 12, സജദ-7, സ്വാദ് 76, ഇസ്റാഅ് 61 തുടങ്ങിയ സൂക്തങ്ങളിലും കളിമണ്ണ് കൊണ്ടാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നു പറയുന്നുണ്ട്. മുഅ്മിനൂൻ 12ൽ കളിമണ്ണിന്റെ സത്തിൽ നിന്നാണെന്ന് വ്യക്തമാക്കുന്നതായി കാണാം. പശിമയുള്ള കളിമണ്ണിൽനിന്നാണെന്നു സ്വാഫ്ഫാത്ത് 12ൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. പാകപ്പെട്ട ചളി ഉണങ്ങിയുറഞ്ഞുണ്ടായ, മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണുകൊണ്ട് മനുഷ്യനെ സൃഷ്ടിച്ചു എന്ന് ഹിജ്ർ 26ൽ പറയുന്നു. കലംപോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണിൽനിന്ന് സൃഷ്ടിച്ചു എന്ന് റഹ്മാൻ 14ൽ വ്യക്തമാക്കിയിട്ടുണ്ട്.

മണ്ണ്, കളിമണ്ണ്, കളിമണ്ണിന്റെ സത്ത, പശിമയുള്ള കളിമണ്ണ്, പാകപ്പെടുത്തിയ ചളി, ഉണങ്ങി ഉറച്ചുണ്ടായ, മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണ്, കലംപോലെ മുട്ടിയാൽ മുഴങ്ങുന്ന ഉണങ്ങിയ കളിമണ്ണ് എന്നൊക്കെ വിവിധ രൂപങ്ങളിൽ പറഞ്ഞു. കളിമണ്ണിന്റെ വിവിധ രൂപങ്ങളിലാണ് ഈ പറഞ്ഞതൊക്കെ. മനുഷ്യസൃഷ്ടിപ്പ് നടത്തിയ ധാതുവിന്റെ വ്യത്യസ്ത സ്വഭാവങ്ങളെ സൂചിപ്പിക്കുന്ന പരാമർശങ്ങളാണിവ എന്ന് മനസ്സിലാക്കാം. കളിമണ്ണിന്റെ സത്ത് എന്നത് ഈ പരാമർശങ്ങളുടെയെല്ലാം ആകെത്തുകയാണ്. മണ്ണിലെ ധാതുലവണങ്ങളിൽ ഏതെല്ലാം മനുഷ്യശരീരത്തിന് ആവശ്യമുണ്ടോ അവയെല്ലാം കൃത്യമായ അനുപാതത്തിൽ വേർതിരിച്ചാണ് സൃഷ്ടി നടത്തിയതെന്ന് ഗ്രഹിക്കാം.

സാധാരണ മണ്ണിൽ 45% ധാതുലവണങ്ങളും 25% വായുവും 5% ജൈവാവശിഷ്ടങ്ങളുമാണ്. മനുഷ്യശരീരത്തിലുള്ള മൂലകങ്ങലെല്ലാം കളിമണ്ണിലുള്ളവയാണ്.

65% ഓക്സിജൻ, 18.5% കാർബൺ, 9.5% ഹൈഡ്രജൻ, 3.2% നൈട്രജൻ, 1.5% കാത്സ്യം, 1% ഫോസ്ഫറസ്, 0.4% പൊട്ടാസ്യം, 0.3% സൾഫർ, 0.2% സോഡിയം, 0.2% ക്ലോറിൻ, 0.1% മഗ്നീഷ്യം എന്നിവയാണ് മനുഷ്യശരീരത്തിലെ പ്രധാന മൂലകങ്ങൾ. ബോറോൺ, ക്രോമിയം, കൊബാൾട്ട്, കോപ്പർ, ഫ്ളൂറിൻ, അയഡിൻ, അയേൺ, മാംഗനീസ്, സിലിക്കോൺ, മോളിബ്ഡനം, സെലിനിയം, ടിൻ, വനേഡിയം, സിങ്ക് എന്നീ മൂലകങ്ങളും നേരിയ അളവിൽ ഉണ്ട്.

മണ്ണിൽനിന്നാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്ന് പറഞ്ഞു. പിന്നീട് പുരുഷബീജവും സ്ത്രീഅണ്ഡവും സംയോജിച്ച് ഗർഭപാത്രത്തിൽവച്ച് പല ഘട്ടങ്ങളിലൂടെ വളർന്നു കുഞ്ഞായിത്തീരുന്നു. ഇതിന്റെ വിശദാംശങ്ങൾ നോക്കാം:

പുരുഷബീജം ഉണ്ടാകുന്നത് പുരുഷന്റെ വൃഷണങ്ങളിലാണ്. പ്രായപൂർത്തിയെത്തുന്നതോടെ ബീജോൽപാദനം തുടങ്ങും. ശരാശരി 4 സെന്റി മീറ്റർ നീളവും രണ്ടേമുക്കാൽ സെന്റി മീറ്റർ വീതിയും പയർ മണിയുടെ ആകൃതിയുമുള്ള രണ്ട് ഗ്രന്ഥികളാണ് വൃഷണങ്ങൾ. പുരുഷ ഹോർമോണുകൾ ഉണ്ടാക്കുകയാണ് പ്രായപൂർത്തിയെത്തുംവരെ അവയുടെ ധർമം. വൃഷണസഞ്ചി എന്ന് വിളിക്കപ്പെടുന്ന തുകൽസഞ്ചിയിലാണ് ഹോർമോണും ബീജവും ഉൽപാദിപ്പിക്കുക. വൃഷണത്തിലെ അതിസൂക്ഷ്മമായ സ്പെർമാറ്റഗോനിയ എന്ന കോശനിരയിൽനിന്ന് പുരുഷബീജങ്ങളുണ്ടാകുന്നു. സ്പെർമാറ്റഗോനിയ വിഭജിക്കപ്പെട്ട് പ്രൈമറി സ്പെർമാറ്റോസെറ്റുകൾ എന്ന കോശങ്ങളുണ്ടാകും. ഇവ അതിവേഗം പൂർണവളർച്ചയെത്തി കോശവിഭജനത്തിനു വിധേയമാകുന്നു. ഊനഭംഗം (MEIOSIS) എന്ന് പറയപ്പെടുന്ന ഈ കോശവിഭജനത്തി ലൂടെ 46 ക്രോമസോമുകളുള്ള ഈ സ്പെർമാറ്റോസെറ്റ് 23 ക്രോമസോമുകൾ മാത്രമുള്ള കോശങ്ങളായി മാറുന്നു. നാനൂറോളം അറകളായി വിഭജിക്കപ്പെട്ടിരിക്കുന്ന വൃഷണങ്ങളിലെ വളഞ്ഞുപിരിഞ്ഞു കിടക്കുന്ന നീണ്ട നളികകളിൽ (സൂക്ഷ്മ കുഴൽ) ബീജോൽപാദനം നടക്കുന്നു. ഈ നളികകളുടെ വളവുകൾ തീർത്ത് കൂട്ടിച്ചേർത്താൽ 800 അടിയോളം നീളമുണ്ടാകും. ഈ നളികകളിൽവച്ച് ഉൽപാദിപ്പിക്കപ്പെടുന്ന ബീജങ്ങൾ വൃഷണത്തോട് അടുത്ത് കിടക്കുന്ന അധിവൃഷണിക(EPIDIDYMIS)യിൽ ശേഖരിക്കപ്പെടുകയും അവിടെ വച്ച് അവ പ്രായപൂർത്തിയാവുകയും ചലനശേഷിയാർജിക്കുകയും ചെയ്യുന്നു. അധിവൃഷണികയോട് ബന്ധപ്പെട്ടു കിടക്കുന്ന നീണ്ട കുഴലായ ബീജനാളിയിലൂടെയാണ് ബീജങ്ങൾ മൂത്രനാളത്തിൽ എത്തുന്നത്. അവിടെനിന്നാണ് അവ പുറത്തുപോകുന്നത്. ശുക്ലമെന്ന ദ്രവപദാർഥത്തിൽ മുങ്ങിക്കിടന്ന് ഇടകലർന്നു ബീജങ്ങൾ സഞ്ചരിക്കുന്നു. വഴുവഴുപ്പും കൊഴുപ്പുമുള്ള വെളുത്ത ഈ പദാർഥത്തിന്റെ അധികഭാഗവും മൂത്രാശയത്തിനടിയിലുള്ള രണ്ട് ശുക്ലസഞ്ചി(SEMINAL VESICLES) കളിൽ നിന്നാണ്. ഒരു തവണ വിസർജിക്കുന്ന ശുക്ലത്തിന് മൂന്നു



"അതിൽ(ഭൂമിയിൽ)നിന്നാണ് നിങ്ങളെ നാം സൃഷ്ടിച്ചത്. അതിലേക്കുതന്നെ നിങ്ങളെ നാം മടക്കുന്നു. അതിൽനിന്നുതന്നെ നിങ്ങളെ മറ്റൊരു പ്രാവശ്യം നാം പുറത്ത് കൊണ്ടുവരികയും ചെയ്യും'' (ത്വാഹാ 55).

മുതൽ അഞ്ചുവരെ മില്ലി ലിറ്റർ വ്യാപ്തമുണ്ടാകും. രണ്ട് മില്ലി ലിറ്റർ ശുക്ലമെങ്കിലും ഉൽപാദനക്ഷമതയ്ക്കാവശ്യമാണ്.

ശരീരത്തിന്റെ താപനിലയെക്കാൾ വൃഷണസഞ്ചിയിൽ 3-4 ഡിഗ്രി ഫാരൻഹീറ്റ് ചൂട് കുറവാണ്. ഈ താപനിലയിലേ പുരുഷബീജങ്ങളുടെ ഉൽപാദനം നടക്കൂ. ഈ താപനില മാറ്റം കൂടാതെ നിലനിൽക്കുന്നതിന് കാരണം വൃഷണസഞ്ചിയുടെ ബാഹ്യഭാഗത്തുള്ള ചുളിവുകളാണ്. ഇതിനകത്തുള്ള ബീജധമനി (SPERMATIC ARTERY) ചൂട് ക്രമീകരിക്കുന്നു. തണുപ്പ് കൂടുമ്പോൾ വൃഷണങ്ങൾ ഉയർന്ന് ചുരുളുകളായി കിടക്കുന്ന ഈ രക്തക്കുഴലിന്റെ നീളം കുറക്കുകയും വൃഷ്ണസഞ്ചി സങ്കോചിക്കുകയും ചെയ്യുന്നു. അപ്പോൾ കൂടുതൽ ചൂടുള്ള ഉദരപേശികളുമായി സമ്പർക്കത്തിലായി വൃഷണങ്ങൾ തണുപ്പ് കാലത്ത് താപനില ക്രമീകരിക്കുകയും ചെയ്യും. ചൂടുകാലമാകുമ്പോൾ വൃഷണസഞ്ചിയിലെ ചുളിവുകൾ നിവരുകയും വൃഷണങ്ങൾ താഴോട്ടിറങ്ങുകയും അങ്ങനെ താപനില കുറയ്ക്കുവാൻ കഴിയുകയും ചെയ്യുന്നു. 'പിന്നീട് ബീജമായിക്കൊണ്ട് ഭദ്രമായ ഒരു സ്ഥാനത്ത് അവനെ നാം വച്ചു' എന്ന് ഖുർആൻ 23:13ൽ പ്രസ്താവിച്ചതായി കാണാം.

സ്രവിക്കപ്പെടുന്ന ശുക്ലത്തിൽ രണ്ടുമുതൽ അഞ്ചു ശതമാനംവരെയാണ് ബീജങ്ങളുണ്ടാകുക. ബാക്കി മറ്റു സ്രവങ്ങളാണ്. അമിനോ ആസിഡുകൾ, സിട്രെറ്റ്, എൻസൈമുകൾ, ഫ്ളാവിനുകൾ, ഫ്രക്റ്റോസ്, ഫോസ്ഫോറിൻ കോളിൻ, പ്രോസ്റ്റാ ഗ്ലാൻഡിനുകൾ, പ്രോട്ടീനുകൾ, വിറ്റാമിൻ സി തുടങ്ങിയവയാണ് ഈ സ്രവങ്ങളിൽ. ശുക്ലാണുക്കൾക്ക് നിലനിൽക്കാനും സഞ്ചരിക്കാനുമുള്ള ഊർജവും മറ്റു വസ്തുക്കളിൽ നിന്നുള്ള പ്രതിരോധവും നൽകുന്നത് ഈ സ്രവങ്ങളാണ്. പ്രോസ്റ്റെറ്റി (PROSTATE)ൽ നിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന ആസിഡ് ഫോസ്ഫറ്റേറ്റ്,

> **"മനുഷ്യരേ, ഉയിർത്തെഴുന്നെൽപിനെപ്പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ചു നോക്കുക) തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽനിന്നും പിന്നീട് ബീജത്തിൽനിന്നും പിന്നീട് ഭ്രൂണത്തിൽ നിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു). നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്തു കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതുവരെ (നാം നിങ്ങളെ വളർത്തുന്നു)".**

സിട്രിക് ആസിഡ്, ഫൈബ്രിനോലിസിൻ, പ്രോസ്റ്റെറ്റ് സ്പെസിഫിക് ആന്റിജൻ, പ്രോട്ടിയോലിറ്റിക്ക് എൻസൈമുകൾ, സിങ്ക് തുടങ്ങിയവയാണ് ശുക്ലത്തിൽ സ്രവങ്ങൾക്ക് പുറമെ ഉണ്ടാകുക. ബൾബോയുറിത്ത്റൽ അഥവാ കൗപേഴ്സ് ഗ്രന്ഥികൾ പുറപ്പെടുവിക്കുന്ന ഗാലട്രോസ്, സിയാലിക് ആസിഡ് എന്നിവ കൂടിച്ചേർന്നാലാണ് ശുക്ലമാകുക. വൃഷണത്തിൽ ഏകദേശം 64 ദിവസങ്ങളെടുത്താണ് ഓരോ ബീജാണുവും വളർന്ന് പൂർണമാകുന്നത്. സ്പെർമേറ്റോഗോണിയം (SPERMETOGONIYAM) എന്ന് വിളിക്കപ്പെടുന്ന കോശം വൃഷണത്തിൽവച്ച് ഊനഭംഗത്തിലൂടെ വിഭജിക്കപ്പെട്ട് സ്പെർമേറ്റോസൈറ്റുകളായും (SPERMETO CYTES) അവ വളർന്ന് സ്പേർമാറ്റിഡുകളായും (SPERMATIDS) അവയ്ക്ക് വാല് കിളിർത്തുവരികയും ചലനശേഷി കൈവരിക്കുകയും ചെയ്ത് ബീജാണുക്കളായി മാറുകയും ചെയ്യുന്നു. ഒരുതവണ സ്ഖലിക്കുമ്പോൾ ചുരുങ്ങിയത് നാല് കോടി ബീജാണുക്കളെങ്കിലും ഉണ്ടെങ്കിൽ മാത്രമെ അതിനെ സ്വാഭാവിക ബീജസംഖ്യ (NORMAL SPERM COUNT) ആയി കണക്കാക്കാൻ കഴിയുകയുള്ളൂ. ആരോഗ്യവാനായ ഒരു പുരുഷന്റെ ഒരു തവണത്തെ സ്ഖലനത്തിൽ ഇരുപത് കോടിയെങ്കിലും ബീജങ്ങളുണ്ടായിരിക്കും. ദീർഘകാലത്തെ ഇടവേളയ്ക്കുശേഷമുള്ള സ്ഖലനമാണെങ്കിൽ അമ്പത് കോടിവരെയാകാം. ഇങ്ങനെ സ്ഖലിക്കപ്പെടുന്ന ബീജങ്ങളിലൊന്ന് അണ്ഡവുമായി ചേർന്ന് സിക്താണ്ഡമായിത്തീരുകയും അത് കുഞ്ഞായി വളരുകയും ചെയ്യും (ഒരു മി.ലിറ്ററിൽ രണ്ട് കോടിയിൽ കുറവാണെങ്കിൽ ബീജസങ്കലനം നടക്കില്ല, കാരണം അറിയില്ല!).

മനുഷ്യരിലും സസ്യങ്ങളിലും മൃഗങ്ങളിലുമെല്ലാമുള്ള സ്ത്രീവർഗങ്ങളിലെ പ്രത്യുല്പാദന കോശങ്ങൾക്ക് പൊതുവായുള്ള പേരാണ് അണ്ഡം (OVUM). മനുഷ്യശരീരത്തിലെ ഏറ്റവും വലിപ്പം കൂടിയ കോശമായ അണ്ഡത്തിന് ഒരു ഇഞ്ചിന്റെ ഇരുന്നൂറിലൊന്ന് വലിപ്പമുണ്ട്. ഗോളാകൃതിയുള്ള അണ്ഡത്തിന് ജനിതക വസ്തുക്കൾ ഉൾകൊള്ളുന്ന ഒരു കേന്ദ്ര(ന്യൂക്ലിയസ്)മുണ്ട്. ബീജസങ്കലനത്തിന് ശേഷം ഭ്രൂണവളർച്ചയുടെ ആദ്യഘട്ടത്തിലേക്കാവശ്യമായ ഭക്ഷണം അണ്ഡത്തിൽ സംഭരിച്ചിട്ടുണ്ട്.

ഗർഭാശയത്തിന്റെ താഴ്ഭാഗത്ത് ഇരുവശങ്ങളിലായുള്ള അണ്ഡാശയങ്ങളാണ് (OVARY) അണ്ഡം ഉൽപാദിപ്പിക്കുന്നത്. രണ്ട് അണ്ഡാശയങ്ങളുണ്ട്. 3.5 സെ.മീ. നീളവും

2 സെ.മീ. കനവും 48 ഗ്രാം തൂക്കവുമുള്ള ഇതിന് ബദാംപരിപ്പിന്റെ രൂപമാണുള്ളത്. പെൺകുഞ്ഞിന്റെ ഭ്രൂണദശയിൽതന്നെ അണ്ഡാശയങ്ങളിൽ എഴുപത് ലക്ഷം അണ്ഡങ്ങളുണ്ടായിരിക്കും. കുഞ്ഞ് ജനിക്കുന്നതോടെ അവയിൽ ഭൂരിഭാഗവും നശിച്ചിരിക്കും. ഏകദേശം 20 ലക്ഷം അണ്ഡങ്ങളോടുകൂടിയാണ് ഒരു പെൺകുഞ്ഞ് ജനിക്കുന്നത്. പ്രായപൂർത്തിയാകുന്നതോടെ വീണ്ടും കുറെ അണ്ഡകോശങ്ങൾ നശിക്കുകയും ഏകദേശം 3 ലക്ഷം കോശങ്ങൾ മാത്രം അവശേഷിക്കുകയും ചെയ്യും.

പെൺകുഞ്ഞിന് 8 വയസ്സാകുമ്പോൾ മസ്തിഷ്കത്തിലെ ഹൈപ്പോത്തലാമസിൽ നിന്നും നാഡിയ ഹോർമോൺ ഉൽപാദിപ്പിക്കപ്പെടുകയും അത് താഴെയുള്ള പിറ്റിയുട്ടറി ഗ്രന്ഥിക്ക് അണ്ഡാശയങ്ങളെ ഉത്തേജിപ്പിക്കാനുള്ള ആജ്ഞ നൽകുകയും ചെയ്യുന്നു. ഉത്തെജിതമാകുന്ന അണ്ഡാശയങ്ങൾ പ്രധാനപ്പെട്ട സ്ത്രൈണ ഹോർമോണായ എസ്ട്രജൻ ഉൽപാദിപ്പിക്കാനാരംഭിക്കുന്നു. ഇതിന്റെ പ്രവർത്തന ഫലമായി സാവകാശം അവൾ കുമാരിയായിത്തീരുകയും ചെയ്യുന്നു. പിറ്റിയൂട്ടറിയുടെ ഉത്തേജനഫലമായി അണ്ഡാശായങ്ങളിലെ അതിസൂക്ഷ്മങ്ങളായ അണ്ഡകോശങ്ങൾ വികസിച്ച് ഫോളിക്കിൾ (FOLLICLE) എന്ന പേരിലറിയപ്പെടുന്ന ചെറിയ കുമിളകൾ പോലെയുള്ള വസ്തുവായിത്തീരുന്നു. ഏകദേശം ഇരുപത് ഫോളിക്കിളുകൾ വളരാൻ തുടങ്ങുന്നുവെങ്കിലും അഞ്ചെട്ടു ദിവസം കഴിയുമ്പോൾ ഒന്നുമാത്രം പെട്ടെന്ന് വളരുകയും മറ്റുള്ളവയെല്ലാം വളർച്ച മുരടിച്ച് നാമാവശേഷമാവുകയും ചെയ്യുന്നു. ബാക്കിയായ ഒരു ഫോളിക്കിൾ വളർച്ച തുടരുകയും പിന്നീട് പൊട്ടിപ്പിളരുകയും അതിൽനിന്ന് അണ്ഡം പുറത്തുവരികയും ചെയ്യും. ഇതിനെ അണ്ഡോത്സർജനം (OVULATION) എന്ന് പറയുന്നു.

*(തുടരും)*






ഖാദിയാനി വേദപുസ്തകം
'തദ്കിറ'യിലൂടെ ഒരു യാത്ര 31

# പിതാവിന്റെ മരണം: പാഴായ പ്രവചനം

**പി പി അബ്ദുർറഹ്മാൻ കൊടിയത്തൂർ**
: 9447 701 741

ഗുലാം അഹ്മദ് ഖാദിയാനി 28.9.1891ന് മുൻഷി റുസ്തം അലിക്ക് എഴുതി: "ഇരുപത് ദിവസങ്ങൾക്കു മുമ്പുതന്നെ അഹ്മദ് ബേഗിന്റെ മകളുടെ വിവാഹം നടന്നുവെന്നാണല്ലോ താങ്കൾ എഴുതിയത്. ഇവിടെ പലരും വിവാഹം നടന്നില്ലെന്നാണ് പറഞ്ഞുനടക്കുന്നത്. ഞാനാകെ അസ്വസ്ഥനാണിപ്പോൾ. താങ്കൾ ശരിക്ക് അന്വേഷിച്ച് വേഗത്തിൽ വിവരമറിയിക്കുക. വിവാഹം കഴിഞ്ഞോ ഇല്ലേ എന്നും ഇല്ലെങ്കിൽ കാരണമെന്തെന്നും അറിയിക്കണം. സുൽത്താൻ മുഹമ്മദ് എന്തു മറുപടിയാണ് കൊടുത്തതെന്നും അന്വേഷിക്കുക."

ഈ കത്തിൽ ഉത്കണ്ഠയും ആശങ്കയും പ്രതിഫലിക്കുന്നത് നമുക്ക് കാണാനാവും. തന്റെ പ്രവചനം കേട്ട് ഭയന്ന സുൽത്താൻ മുഹമ്മദ് വിവാഹത്തിന് സമ്മതിച്ചില്ലേ എന്ന നേരിയ പ്രതീക്ഷയും പ്രത്യാശയും ഇതിലുണ്ട്. പ്രതിശ്രുത വരൻ സുൽത്താൻ മുഹമ്മദിനെ ഭീഷണിപ്പെടുത്തി കാര്യം സാധിക്കാനും ശ്രമം നടത്തിയിരുന്നു. 4000 രൂപയുടെ സമ്മാന പരസ്യത്തിൽ മിർസാ പറഞ്ഞു:

"പേടിപ്പെടുത്തുന്ന പ്രഖ്യാപനം കണ്ടിട്ടും സുൽത്താൻ മുഹമ്മദ് കുലുങ്ങിയില്ല. സന്ദേശങ്ങളും കത്തുകളുമയച്ചിട്ടും അയാൾ പരിഗണിച്ചില്ല. അഹ്മദ് ബേഗും എന്നെ അവഗണിച്ചുകൊണ്ട് സുൽത്താൻ മുഹമ്മദിന് മകളെ കൊടുക്കാൻ തയ്യാറായി. എന്നാൽ വിവാഹശേഷം വിവാഹമോചനത്തിനായി സുൽത്താൻ മുഹമ്മദിനെ ഞാൻ നിർബന്ധിച്ചുവെന്ന ശൈഖ് ബട്ടാലവിയുടെ വാക്കുകൾ ശുദ്ധനുണയാണ്. വിവാഹത്തിന് എത്രയോ മുമ്പാണ് പ്രവചനമനുസരിച്ച്

**സുന്ദരിയായ പെൺകുട്ടിയിൽ അനുരക്തനായ മിർസാ അവളെ കിട്ടാത്തതിന്റെ അരിശം തീർത്തത് സ്വന്തം ഭാര്യയെ മൊഴിചൊല്ലിക്കൊണ്ടാണ്. അങ്ങനെ പ്രവാചക ചരിത്രത്തിൽ പുതിയൊരു 'സുന്നത്ത്' കൂടി തുന്നിച്ചേർത്തു ഖാദിയാനികളുടെ അഭിനവനബി. പോരാത്തതിന് മകന്റെ ഭാര്യയെ ത്വലാക്വ് ചെയ്യിക്കുകയും ചെയ്തു. സ്വന്തം വീട്ടിൽപോലും നീതി നടത്താൻ സാധിക്കാത്ത മിർസായെ നീതിപൂർവം ഭരിക്കുന്ന 'മസീഹാ'യി വിശ്വസിക്കാൻ ബുദ്ധിയുള്ള വർക്കാകുമോ?**

മരണപ്പെടുമെന്ന് അദ്ദേഹത്തെ അറിയിച്ചത്" (തബ്ലീഗെ രിസാലത്ത്, ഭാഗം 3, പേജ് 166, ഹാശിയ).

**ഒരു സുന്നത്തുകൂടി!**

'സീറത്തുൽ മഹ്ദി'യിൽ ഉമ്മയുടെ നിവേദനം: "ഖാദിയാനിലെ എല്ലാ ബന്ധുക്കളും ഹസ്രത്ത് സാഹിബിനെതിരെ അണിനിരന്നു. അവർ നന്നായി അധ്വാനിച്ചു, മുഹമ്മദീ ബീഗത്തിന്റെ വിവാഹം മറ്റൊരാളുമായി നടത്തി. ഹസ്രത്ത് സാഹിബ് സുൽത്താൻ അഹ്മദിനും ഫസൽ അഹ്മദിനും വെവ്വേറെ കത്തുകളെഴുതി. അവർ നമ്മോട് കടുത്ത അനീതിയാണ് കാണിച്ചത്. അവരുടെ കൂടെ നമ്മുടെ ക്വബ്ർപോലും പാടില്ലെന്നാണ് എന്റെ തീരുമാനം. അതുകൊണ്ട് നിങ്ങൾ അവസാന തീരുമാനമെടുക്കുക. ഞാനുമായി ബന്ധം വേണമെങ്കിൽ അവരുമായുള്ള എല്ലാ ബന്ധവും വിഛേദിക്കുക.

എനിക്കെന്റെ പോറ്റുമ്മയോട് ചില കടപ്പാടുകളുണ്ടെന്നും ബന്ധം വിടർത്തുന്നത് ന്യായമല്ലെന്നും സുൽത്താൻ അഹ്മദ് മസീഹിനെഴുതി. ഫസൽ അഹ്മദാകട്ടെ താൻ അവരുമായുള്ള എല്ലാ ബന്ധങ്ങളും വിഛേദിച്ചുകൊണ്ട് താങ്കളുടെ ആത്മാർഥ ബന്ധമാഗ്രഹിക്കുന്നുവെന്നാണ് മറുപടി എഴുതിയത്. പിന്നീട് മസീഹിന്റെ നിർദേശപ്രകാരം ഫസൽ അഹ്മദ് ഇസ്സത്ത് ബീവിയെ ത്വലാക് ചൊല്ലുകയും മസീഹിന്റെ വീട്ടിൽ വന്ന് താമസിക്കുകയും ചെയ്തു" (വാല്യം 1, പേജ് 29).

**അതുകൊണ്ടും 'പ്രവാചക'ന്റെ അരിശം തീർന്നില്ല!**

ഉമ്മ വീണ്ടും: "ഫസൽ അഹ്മദിന്റെ ഉമ്മയുമായി മസീഹ് നേരത്തെത്തന്നെ നല്ല ബന്ധത്തിലായിരുന്നില്ല. അവരുടെ കുടുംബത്തിന് മതത്തോടുള്ള വിമുഖതയായിരുന്നു കാരണം. അവർക്കാകട്ടെ സ്വന്തം കുടുംബത്തോട് വലിയ അടുപ്പവുമായിരുന്നു. മസീഹ് അവർക്ക് ചെലവിന് നൽകിയിരുന്നുവെങ്കിലും സഹശയനം ഒഴിവാക്കിയിരുന്നു. എന്നെ വിവാഹം ചെയ്തശേഷം അവരോട് പറഞ്ഞു: 'ഇതുവരെ നീ എന്റെകൂടെ പൊറുത്തു. ഇപ്പോൾ ഞാൻ രണ്ടാം വിവാഹം ചെയ്തിരിക്കുന്നു. ഇനി രണ്ടു പേരോടും തുല്യനിലയിൽ പെരുമാറാൻ പറ്റാതെ വന്നാൽ ഞാൻ തെറ്റുകാരനാകും. അതുകൊണ്ട് ഒന്നുകിൽ എന്റെ വിവാഹമോചനം സ്വീകരിക്കുക. അല്ലെങ്കിൽ എന്റെ ചെലവിൽ ത്തന്നെ അവകാശങ്ങൾ ചോദിക്കാതെ കഴിഞ്ഞുകൂടുക.' 'ഈ വയസ്സുകാലത്ത് എന്ത് വിവാഹമോചനം? എനിക്ക് അവകാശങ്ങളെപ്പറ്റി പരാതിയില്ല' എന്നായിരുന്നു അവരുടെ മറുപടി. അങ്ങനെ അവർ മസീഹിന്റെ ചെലവിൽ തന്നെ ജീവിച്ചു. മുഹമ്മദീ ബീഗത്തിന്റെ പ്രശ്നം വന്നപ്പോൾ അവർ എതിരാളികളുടെ കൂടെക്കൂടി ആ വിവാഹത്തിനുവേണ്ടി പ്രവർത്തിച്ചു. അതോടെ ഹസ്രത്ത് സാഹിബ് അവരെ മൊഴി ചൊല്ലി" (വാല്യം 1, പേജ് 33).

ഈസാ നബി(അ)യുടെ രണ്ടാം നിയോഗം നീതിമാനായ ഭരണകർത്താവായിട്ടായിരിക്കും. അദ്ദേഹത്തിന് പകരമായി വാഗ്ദത്ത മസീഹ് പട്ടമണിഞ്ഞ ഖാദിയാനി പ്രവാചകന്റെ നീതിബോധം എത്ര 'മഹത്തര'മാണെന്ന് നോക്കുക. സുന്ദരിയായ പെൺകുട്ടിയിൽ അനുരക്തനായ മിർസാ അവളെ കിട്ടാത്തതിന്റെ അരിശം തീർത്തത് സ്വന്തം ഭാര്യയെ മൊഴിചൊല്ലിക്കൊണ്ടാണ്. അങ്ങനെ പ്രവാചക ചരിത്രത്തിൽ പുതിയൊരു 'സുന്നത്ത്' കൂടി തുന്നിച്ചേർത്തു ഖാദിയാനികളുടെ അഭിനവനബി. പോരാത്തതിന് മകന്റെ ഭാര്യയെ ത്വലാക് ചെയ്യിക്കുകയും ചെയ്തു. സ്വന്തം വീട്ടിൽപോലും നീതി നടത്താൻ സാധിക്കാത്ത മിർസായെ നീതിപൂർവം ഭരിക്കുന്ന 'മസീഹാ'യി വിശ്വസിക്കാൻ ബുദ്ധിയുള്ളവർക്കാകുമോ?

**മറവിരോഗമോ?**

വർഷങ്ങൾക്കുശേഷം മിർസാ ഖാദിയാനി എഴുതുകയാണ്: "പ്രവചനം നടത്തിയശേഷം അഹ്മദ് ബേഗിന്റെ മകളുമായി വിവാഹത്തിന് കിണഞ്ഞു ശ്രമിച്ചുവെന്നും പലർക്കും കത്തുകളയച്ചുവെന്നും മോഹനവാഗ്ദാനങ്ങൾ നൽകിയെന്നും ചിലർ വിചിത്രമായ ആരോപണങ്ങളുന്നയിക്കുന്നു. പക്ഷപാതമുള്ള മനുഷ്യൻ അന്ധനാണെന്നത് എത്ര വലിയ സത്യമാണ്!'' (ഹഖീഖതുൽ വഹ്യ്, പേജ് 191).

ഇതിന് മറുപടി അയാൾതന്നെ പറയും: "അഹ്മദ് ബേഗിന്റെ മകളെപ്പറ്റിയുള്ള എന്റെ പ്രവചനം വളരെ പ്രസിദ്ധമായ കാര്യമാണ്. 'കലിമയെ ഫസൽ റഹ്മാനി'യിൽ പ്രസിദ്ധീകരിച്ച കത്തുകൾ ഞാനെഴുതിയവ തന്നെയാണ്. ആ വിവാഹം നടന്നില്ലെന്നതും ശരിയാണ്. എന്നാൽ തീർച്ചയായും അവളെന്റെ ഭാര്യയായി വരും.

ഈ പ്രവചനങ്ങളെല്ലാം ദൈവത്തിൽനിന്നാണ്, എന്നിൽ നിന്നല്ല. പരിഹസിക്കുന്നവർ ലജ്ജിച്ചു തലതാഴ്ത്തുന്ന ഒരു കാലം വരും. അവളിന്നും ജീവിച്ചിരിപ്പുണ്ട്. അവളെ ഞാൻ വിവാഹം കഴിക്കുകതന്നെ ചെയ്യും. ഇത് വെറും പ്രതീക്ഷ മാത്രമല്ല; നിശ്ചയമായും സംഭവിക്കാനുള്ളതാണ്. അല്ലാഹുവിന്റെ വചനങ്ങൾ ഒരിക്കലും മാറ്റപ്പെടില്ല" (മൻസൂർ ഇലാഹി, പേജ് 244).

മിർസാ എഴുതി: "ഈ പ്രശ്നം ഇതോടെ അവസാനിച്ചുവെന്ന് കരുതേണ്ട-അവസാനത്തെ ഫലപ്രഖ്യാപനമാണെന്നും പ്രവചനം പാഴായിപ്പോയി എന്നും കരുതി കുരുടന്മാർ സന്തോഷിക്കേണ്ട. ആർക്കും തടസ്സപ്പെടുത്താൻ സാധിക്കാത്ത ദൈവികവിധി ബാക്കിയുണ്ട്. മുഹമ്മദ്(സ്വ)യെ നിയോഗിച്ച അല്ലാഹുവാണ് സത്യം, ഈ പ്രവചനം പുലരുന്നത് നിങ്ങൾ കാണും. എന്റെ സത്യാസത്യവിവേചനത്തിനുള്ള മാനദണ്ഡമായി ഞാൻ ഇത് സമർപ്പിക്കുന്നു" (അൻജാമെ ആഥം, പേജ് 222).

**പിതാവിന്റെ മരണം; പാഴായ പ്രവചനം**

മുഹമ്മദീ ബീഗത്തിന്റെ വിവാഹം കഴിഞ്ഞ് ആറു മാസം കഴിയും മുമ്പേ അവളുടെ പിതാവ് അഹ്മദ് ബേഗ് മരണപ്പെട്ടു. മിർസായും അനുയായികളും പെരുന്നാളാഘോഷിച്ചു അന്ന്. 'പ്രവാചകന്റെ പ്രവചനം പുലർന്നിരിക്കുന്നു' എന്നവർ ആർത്ത് വിളിച്ചു.

"നിങ്ങൾ ഉച്ചൈസ്തരം വിളിച്ചു കൂവുന്നു; എന്റെ പ്രവചനം പുലർന്നില്ല എന്ന്. അഹ്മദ് ബേഗിന്റെ മരണം നിങ്ങളുടെ കണ്ണ് തുറപ്പിക്കില്ലേ? നിങ്ങളെന്തിന് അക്കാര്യം മറച്ചുവയ്ക്കുന്നു?'' മിർസാ ഖാദിയാനി തന്റെ എതിരാളികളെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു.

യഥാർഥത്തിൽ അഹ്മദ് ബേഗിന്റെ മരണം, മിർസായുടെ പ്രവചനം പാഴായി എന്നാണ് തെളിയിക്കുന്നത്. പ്രവചനത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ ആ കാര്യം എളുപ്പം മനസ്സിലാകും. പ്രവചനത്തിന്റെ പൂർണരൂപം ഇങ്ങനെ വായിക്കാം:

> **മിർസാ ഖാദിയാനിയുടെ ആഗ്രഹവും പ്രവചനവുമനുസരിച്ച്, മുഹമ്മദീ ബീഗത്തെ വിവാഹം ചെയ്യുന്ന ആൾ രണ്ടര വർഷത്തിനുള്ളിൽ മരണപ്പെടേണ്ടതും പിന്നീട് ദീക്ഷാകാലം കഴിഞ്ഞശേഷം ആറ് മാസങ്ങൾക്കകം പിതാവ് മിർസാ ഖാദിയാനിക്ക് അവളെ വിവാഹം ചെയ്തുകൊടുക്കേണ്ടതുമാണ്. ആറ് മാസത്തിനകം അത് നടക്കാതെ പോയാൽ പിതാവ് മരണപ്പെടും. ഇങ്ങനെ വളരെ കൃത്യമായി കണക്കുകൂട്ടിയാണ് മിർസാ ഖാദിയാനി പ്രവചിച്ചത്. എന്നാൽ വിവാഹത്തിന്റെ ശേഷം ആറുമാസം തികയുംമുമ്പേ പിതാവ് മരണപ്പെട്ടതോടെ മിർസായുടെ പ്രവചനത്തിന്റെ ഒരുഭാഗം (ക്രമനമ്പർ 2) പുലരാതെ പോയി.**

"എന്റെ സത്യാസത്യ വിവേചനത്തിനുള്ള സാക്ഷ്യമാണ് ഈ പ്രവചനം. അല്ലാഹു കള്ളവാദിയെ സഹായിക്കുകയില്ല... അവൻ ആകാശത്തുവച്ച് മുഹമ്മദീ ബീഗത്തെ എനിക്ക് വിവാഹം ചെയ്തുതന്നിരിക്കുന്നു. അത് സംബന്ധമായി എന്റെ വാദങ്ങൾ ഇപ്രകാരമാണ്:

1. വിവാഹം കഴിയുന്നതുവരെ ഞാൻ ജീവിച്ചിരിക്കുക.
2. വിവാഹം കഴിയുന്നതുവരെ പെൺകുട്ടിയുടെ പിതാവ് നിശ്ചയമായും ജീവിച്ചിരിക്കുക.
3. മറ്റാർക്കെങ്കിലും വിവാഹം കഴിച്ചുകൊടുക്കുന്നപക്ഷം പിതാവ് മൂന്ന് വർഷങ്ങൾക്കുള്ളിൽ മരിക്കുക.
4. അവളെ വിവാഹം കഴിക്കുന്ന ആൾ രണ്ടര വർഷത്തിനകം മരിക്കുക.
5. ഞാൻ അവളെ വിവാഹം കഴിക്കുന്നതുവരെ അവൾ ജീവിച്ചിരിക്കുക.
6. ബന്ധുക്കളുടെയും കുടുംബത്തിന്റെയും എതിർപ്പിനെ അവഗണിച്ചുകൊണ്ട് വിധവയായെങ്കിലും അവൾ എന്റെ ഭാര്യയായിത്തീരുക" (ആയിനയെ കമാലാതെ ഇസ്‌ലാം, പേജ് 325).

മിർസാ ഖാദിയാനിയുടെ ആഗ്രഹവും പ്രവചനവുമനുസരിച്ച്, മുഹമ്മദീ ബീഗത്തെ വിവാഹം ചെയ്യുന്ന ആൾ രണ്ടര വർഷത്തിനുള്ളിൽ മരണപ്പെടേണ്ടതും പിന്നീട് ദീക്ഷാകാലം കഴിഞ്ഞ ശേഷം ആറ് മാസങ്ങൾക്കകം പിതാവ് മിർസാ ഖാദിയാനിക്ക് അവളെ വിവാഹം ചെയ്തുകൊടുക്കേണ്ടതുമാണ്. ആറ് മാസത്തിനകം അത് നടക്കാതെ പോയാൽ പിതാവ് മരണപ്പെടും. ഇങ്ങനെ വളരെ കൃത്യമായി കണക്കുകൂട്ടിയാണ് മിർസാ ഖാദിയാനി പ്രവചിച്ചത്. എന്നാൽ വിവാഹത്തിന്റെ ശേഷം ആറുമാസം തികയുംമുമ്പേ പിതാവ് മരണപ്പെട്ടതോടെ മിർസായുടെ പ്രവചനത്തിന്റെ ഒരുഭാഗം (ക്രമനമ്പർ 2) പുലരാതെ പോയി.

ഇതൊഴികെ പ്രവചനത്തിന്റെ മറ്റു വശങ്ങളൊക്കെ പുലർന്നുകൊണ്ട്, ബീഗം വിധവയായ ശേഷം മിർസാ ഖാദിയാനി വിവാഹം ചെയ്താൽപോലും അഹ്മദ് ബേഗിന്റെ മരണം മൂലം പ്രവചനം പൂർണമായി പുലർന്നില്ലെന്ന ആക്ഷേപം നിലനിൽക്കുമായിരുന്നു. കാരണം, രണ്ടാമത്തെ ഉപാധി പ്രകാരം മിർസയും മുഹമ്മദീ ബീഗവും തമ്മിലുള്ള വിവാഹം

കഴിയുന്നതുവരെ പിതാവ് നിശ്ച യമായും ജീവിച്ചിരിക്കണം. മറ്റൊരാൾക്ക് വിവാഹം കഴിച്ചുകൊടുത്താൽ മൂന്ന് വർഷത്തിനകം പിതാവ് മരിക്കുമെന്നാണ് മൂന്നാമത്തെ ഉപാധി. ഈ മൂന്ന് വർഷക്കാലം അയാൾ ജീവിച്ചിരുന്നാലും മരിച്ചാലും രണ്ടിലൊരു പ്രവചനം പൊളിയുമെന്നതാണ് പ്രവചനത്തിലെ തമാശ. മരിച്ചാൽ രണ്ടാമത്തെ പ്രവചനം പൊളിയും; മരിക്കാതിരുന്നാൽ മൂന്നാമത്തെതും! അഹ്മദ് ബേഗിന്റെ മരണംമൂലം രണ്ടാം നമ്പർ പ്രവചനം പൊളിഞ്ഞുവെന്ന് സുതരാം വ്യക്തമാണല്ലോ. ഓരോ പ്രവചനവും ക്രമത്തിൽ പരിശോധിച്ചാൽ ഒന്നുപോലും പുലർന്നില്ലെന്നാണ് ബുദ്ധിയുള്ളവർക്ക് മനസ്സിലാവുക.

**അതിരില്ലാത്ത ആത്മവിശ്വാസം**

മുഹമ്മദീ ബീഗത്തെ വിവാഹം ചെയ്തു രണ്ടരവർഷം കഴിഞ്ഞിട്ടും സുൽത്താൻ മുഹമ്മദ് മരണപ്പെട്ടില്ല. 1896 സെപ്റ്റംബർ 6ന് മിർസ പരസ്യപ്പെടുത്തി: "കാലാവധി കഴിഞ്ഞപ്പോൾ വിഡ്ഢികൾ പരിഹസിക്കാൻ തുടങ്ങി. അവർ ലജ്ജിച്ചു തലതാഴ്ത്തുന്ന ദിവസം ഇതാ അടുത്തെത്തിക്കഴിഞ്ഞു. അല്ലാഹുവിന്റെ മാറ്റപ്പെടാത്ത വാഗ്ദാനം പുലരുകതന്നെ ചെയ്യും. സത്യം പ്രകാശിക്കും. ഇരുൾ നീങ്ങും. ഭൂലോകത്തുള്ളവർക്കാർക്കും സത്യത്തെ തടയാൻ സാധ്യമല്ല. അല്ലാഹുവിന്റെ വചനം മാറ്റപ്പെടില്ലെന്ന് ഇൽഹാമിൽ തന്നെയുണ്ട്. അത് മാറ്റപ്പെട്ടാൽ അല്ലാഹുവിന്റെ വാക്കുകളിലും കള്ളത്തരമുണ്ടെന്ന് കരുതേണ്ടിവരും" (തബ്‌ലീഗെ രിസാലത്ത്, വാല്യം 3, പേജ് 115).

"അഹ്മദ് ബേഗിന്റെ ജാമാതാവിന്റെ മരണം സുനിശ്ചിതമാണെന്ന് ഞാൻ പേർത്തും പേർത്തും പറയുന്നു. നിങ്ങൾ കാത്തിരിക്കുക. ഞാൻ അസത്യവാനാണെങ്കിൽ ഈ പ്രവചനം പുലരാതെത്തന്നെ ഞാൻ മരണപ്പെടും. താൻ സത്യവാനാണെങ്കിൽ അല്ലാഹു ഇത് സാക്ഷാത്കരിക്കുകതന്നെ ചെയ്യും" (അൻജാമെ ആഥം, പേജ് 31, ഹാശിയ).

"സത്യം പുലരുന്ന ദിവസം വിഡ്ഢികളായ എതിരാളികൾ ജീവിച്ചിരിക്കുമോ? സത്യത്തിന്റെ വാൾത്തലകൊണ്ട് ഈ യോദ്ധാക്കൾ തുണ്ടം തുണ്ടമായി അരിഞ്ഞുവീഴ്ത്തപ്പെടും. അവർക്ക് ഓടിയൊളിക്കാൻ സ്ഥലമുണ്ടാവില്ല. അവരുടെ മൂക്കുകൾ അറ്റുവീഴും. തങ്ങളുടെ ദുർഭാഷണങ്ങളെ ചൊല്ലി അവർ വിലപിക്കും. നിന്ദ്യതയുടെ പടുകുഴിയിൽ അവർ നിപതിക്കും. അവരുടെ മുഖങ്ങൾ പന്നികളെയും കുരങ്ങന്മാരെയും ഓർമിപ്പിക്കും" (അൻജാമെ ആഥം, പേജ് 53).

ഈ വിവാഹ പ്രവചനം പുലരാതെവന്നാൽ മിർസാ ഖാദിയാനിയും അദ്ദേഹത്തെ നിയോഗിച്ച 'അല്ലാഹു'വും കള്ളം പറയുന്നുവെന്നും തന്റെ മരണത്തോടെ സത്യം പ്രകടമാവുമെന്നുമാണ് ഉദ്ധൃത വാക്യങ്ങളിൽനിന്ന് മനസ്സിലാവുന്നത്.

**ആശയും ആശങ്കയും**

ഖാദിയാനി പ്രവാചകൻ എഴുതി: "1891 ഏപ്രിൽ 16 വരെ എന്റെ ചില പ്രവചനങ്ങൾ പുലർന്നിരുന്നില്ല. അക്കാലത്ത് എനിക്ക് മാരകമായ രോഗം പിടിപെട്ടു. ഞാൻ മരണം കാത്തുകിടന്നു. വസ്വിയ്യത്തുവരെ എഴുതിവച്ചു. അപ്പോൾ എനിക്ക് ഈ പ്രവചനങ്ങൾ ഓർമവന്നു. ഞാൻ അന്ത്യശ്വാസത്തിനടുത്തെത്തി നിൽക്കുന്നു. നാളെ എന്റെ മൃതദേഹം ഖബ്‌റിൽ താഴും. ഒരുപക്ഷേ, ഞാൻ മനസ്സിലാക്കാത്ത വല്ല അർഥവുമായിരിക്കാം ഇൽഹാമിന്. ഈ അത്യാസന്ന ഘട്ടത്തിൽ അല്ലാഹു വഹ്‌യറിയിച്ചു: 'അല്ലാഹുവിന്റെഅടുത്ത് നിന്നുള്ള വചനങ്ങൾ സത്യംതന്നെ, നീയെന്തിന് സംശയിക്കുന്നു?' ദിവ്യവാക്കുകളെ സംശയിക്കരുതെന്ന ഖുർആൻ നിർദേശത്തിന്റെ പൊരുളെന്തെന്ന് ഞാൻ മനസ്സിലാക്കി. പ്രവാചകന്മാർക്ക് ഇത്തരം വിഷമഘട്ടങ്ങളുണ്ടാവുമ്പോൾ സംശയദൂരീകരണത്തിനും വിശ്വാസ ദൃഢീകരണത്തിനും വേണ്ടി അല്ലാഹു ഇങ്ങനെ സമാശ്വസിപ്പിക്കാറുണ്ട്" (ഇസാലയെ ഔഹാം, പേജ് 398).

ദൈവികവചനങ്ങളെപ്പറ്റി മിർസാക്കുപോലും സംശയം തോന്നിപ്പോയി! എങ്കിലും അല്ലാഹു തന്നെ അത് ദൃഢപ്പെടുത്തിക്കൊടുത്തുവത്രെ! ഏതോ ദുർബലനിമിഷത്തിലുണ്ടായ കല്യാണമോഹം അക്ഷരാർഥത്തിൽ മിർസായുടെ അന്തം കെടുത്തിക്കളഞ്ഞു. ഈ വിവാഹം നടക്കാതിരിക്കാനുള്ള പല കാരണങ്ങളിൽ ചിലത് കാണുക:

"ബന്ധുക്കളിൽ പ്രകമ്പനം സൃഷ്ടിച്ച മരണം ഏറ്റുവാങ്ങി അഹ്മദ് ബേഗ്. എന്നാൽ എന്തുകൊണ്ട് മരുമകൻ മരിച്ചില്ല എന്നതാണ് നമ്മുടെ എതിരാളികളെ അലട്ടുന്നത്. പ്രവചനത്തിന്റെ വലതുകാൽ അഹ്മദ് ബേഗായിരുന്നു. തന്റെ യൗവനത്തിൽ ആകസ്മികമായി സംഭവിച്ച മരണത്തോടെ പ്രവചനം സത്യമെന്ന് തെളിഞ്ഞു. പ്രവചനത്തിൽ എഴുതിയ പോലെ(!) അഹ്മദ് ബേഗിന്റെ മരണശേഷം ചില ബന്ധുക്കളുടെ മരണങ്ങളും സംഭവിച്ചു. അയാളുടെ ഒരു മകനും രണ്ടു സഹോദരിമാരും ഈ ദിവസങ്ങളിൽ മരണപ്പെട്ടു" (ഹഖീഖതുൽ വഹ്‌യ്, പേജ് 191).

*(തുടരും)*

> **ദൈവിക വചനങ്ങളെപ്പറ്റി മിർസാക്കുപോലും സംശയം തോന്നിപ്പോയി! എങ്കിലും അല്ലാഹു തന്നെ അത് ദൃഢപ്പെടുത്തിക്കൊടുത്തുവത്രെ! ഏതോ ദുർബലനിമിഷത്തിലുണ്ടായ കല്യാണമോഹം അക്ഷരാർഥത്തിൽ മിർസായുടെ അന്തം കെടുത്തിക്കളഞ്ഞു.**



ഇസ്‌ലാമിന്റെ തെളിവുകൾ:
ഫിലോസഫി എന്ത് പറയുന്നു? 04

# ചില പ്രവചനങ്ങൾ

**ഷാഹുൽ പാലക്കാട്**
:97478 90521

**E26: സാമ്രാജ്യങ്ങളുടെ അതിജീവനം**

വർഷം എ.ഡി 627. അന്നത്തെ ഒരേയൊരു മുസ്‌ലിം സമൂഹം ചുറ്റും കുഴിക്കപ്പെട്ട കിടങ്ങുകൾക്ക് നടുവിലാണ്. പതിനായിരക്കണക്കിന് ശത്രുഭടന്മാർ തങ്ങളെ വേരോടെ പിഴുതെറിയാൻ ചുറ്റും സംഘം ചേർന്നിരിക്കുന്നു. രണ്ടാഴ്ച ഈ അവസ്ഥ തുടർന്നു. ക്വുർആൻ ഈ സന്ദർഭത്തെ വിവരിക്കുന്നത് ഇങ്ങനെയാണ്:

“നിങ്ങളുടെ മുകൾ ഭാഗത്തുകൂടിയും നിങ്ങളുടെ താഴ്ഭാഗത്തുകൂടിയും അവർ നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം. ദൃഷ്ടികൾ തെന്നിപ്പോകുകയും ഹൃദയങ്ങൾ തൊണ്ടയിലെത്തുകയും നിങ്ങൾ അല്ലാഹുവെപ്പറ്റി പല ധാരണകളും ധരിച്ച് പോകുകയും ചെയ്തിരുന്ന സന്ദർഭം. അവിടെവച്ച് വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു” (ക്വുർആൻ 33: 10-11).

വിശന്നു തളർന്ന്, മരണത്തെ മുന്നിൽകണ്ടു നിൽക്കുന്ന അനുയായികളെ മുന്നിൽ നിറുത്തി പ്രവാചകൻ(സ്വ) പ്രതീക്ഷയുള്ള ഭാവിയെ സംബന്ധിച്ച് പറയുന്നതിങ്ങനെയാണ്:

“ഖന്ദക്ക് യുദ്ധത്തിന്റെ നാളുകൾ. ഞങ്ങൾക്ക് തകർക്കാൻ കഴിയാത്ത ഒരു കല്ല് കിടങ്ങിൽ പ്രത്യക്ഷപ്പെട്ടു. പരിഹാരത്തിനായി ഞങ്ങൾ പ്രവാചകനെ സമീപിച്ചു. അവിടുന്ന് ഒരു മൺവെട്ടിയെടുത്തു, ‘അല്ലാഹുവിന്റെ നാമത്തിൽ’ എന്നു പറഞ്ഞ് അതിൽ പ്രഹരിച്ചു. ശേഷം അദ്ദേഹം പറഞ്ഞു: ‘അല്ലാഹു ഉന്നതനാകുന്നു. ശാമിന്റെ താക്കോ

**ചരിത്രത്തിൽ മനുഷ്യർ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് വേദഗ്രന്ഥങ്ങളിലും കൈകടത്തിയതായി ക്വുർആൻ പറയുന്നുണ്ട്. ആ കൈകടത്തലുകളുടെ പരിണിത ഫലമാണ് ഇന്നത്തെ രൂപത്തിലുള്ള ക്രൈസ്തവ ദർശനം എന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ത്രിയേകത്വത്തെയും യേശുവിന്റെ ദൈവികതയെയും ഇസ്‌ലാം നിഷേധിക്കുന്നു. അബ്രഹാമിന്റെയും മോശെയുടെയും പാതയിലെ മറ്റൊരു പ്രവാചകൻ മാത്രമാണ് യേശുവും എന്നും ഇസ്‌ലാം പറയുന്നു. കുരിശുമരണവും ആദിപാപവും ഉൾപ്പെടെയുള്ള പല ക്രൈസ്തവ നിലപാടുകളോടും ഇസ്‌ലാം വിയോജിക്കുന്നു.**

ലുകൾ എനിക്ക് നൽകപ്പെട്ടിരിക്കുന്നു. എനിക്കതിന്റെ ചുവന്ന കൊട്ടാരങ്ങൾ കാണാം.' പ്രവാചകൻ രണ്ടാമത് പ്രഹരിച്ചുകൊണ്ട് പറഞ്ഞു: 'അല്ലാഹു ഉന്നതനാകുന്നു. എനിക്ക് പേർഷ്യ നൽകപ്പെട്ടിരിക്കുന്നു. മദാഇനിലെ വെളുത്ത കൊട്ടാരങ്ങൾ എനിക്ക് കാണാം.' മൂന്നാമതും ആ കല്ലിനെ അടിച്ച് പൂർണമായും തകർത്തശേഷം പ്രവാചകൻ പറഞ്ഞു: 'അല്ലാഹു ഉന്നതനാകുന്നു.എനിക്ക് യമനിന്റെ താക്കോൽ നൽകപ്പെട്ടിരിക്കുന്നു. എനിക്ക് സൻആയുടെ കവാടങ്ങൾ കാണാം" (സുനനുൽ കുബ്റാ).

പ്രവചനം പോലെത്തന്നെ എ.ഡി 632നും 642നും ഇടയിലായി നടന്ന രാഷ്ട്രീയ നീക്കങ്ങളിലൂടെ ഈ സാമ്രാജ്യങ്ങളെ മുസ്‌ലിംകൾ പരാജയപ്പെടുത്തി. ചരിത്രകാരനായ ബർണബി റോജേഴ്സൺ ഈ അവസ്ഥയെ വിശദീകരിക്കുന്നത് ഇങ്ങനെയാണ്:

"അന്നത്തെ പ്രധാന ലോകശക്തികളായിരുന്നു പേർഷ്യ-റോമാ സാമ്രാജ്യങ്ങൾ എന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. ലോകം അവരുടെ കൈയിലായിരുന്നു. ഇസ്‌ലാമിന്റെ ഈ വിജയത്തെ ഇന്നത്തെ ലോകസാഹചര്യങ്ങളുമായി താരതമ്യം ചെയ്യുകയാണെങ്കിൽ എണ്ണത്തിൽ കുറഞ്ഞ എസ്കിമോകൾ ആധുനിക ലോകശക്തികളായ അമേരിക്കയെയും റഷ്യയെയും പരാജയപ്പെടുത്തിയതിനു സമമാണിത്. ലോകത്തെ വൻശക്തികളെ കീഴ്മേൽ മറിക്കുമെന്ന് ഒരു വ്യക്തി പറയുകയും അതുപോലെതന്നെ സംഭവിക്കുകയും ചെയ്യുകയെന്നത് അത്ഭുതമാണ്. ആ അത്ഭുതവും ഇദ്ദേഹത്തിലൂടെ സംഭവിച്ചിരിക്കുന്നു."

**E27: യേശുവിന്റെ ഐഡന്റിറ്റി**

ചരിത്രത്തിൽ മനുഷ്യർ സ്വന്തം താൽപര്യങ്ങൾക്കനുസരിച്ച് വേദഗ്രന്ഥങ്ങളിലും കൈകടത്തിയതായി ക്വുർആൻ പറയുന്നുണ്ട്. ആ കൈകടത്തലുകളുടെ പരിണിത ഫലമാണ് ഇന്നത്തെ രൂപത്തിലുള്ള ക്രൈസ്തവ ദർശനം എന്നാണ് ഇസ്‌ലാമിന്റെ കാഴ്ചപ്പാട്. ത്രിയേകത്വത്തെയും യേശുവിന്റെ ദൈവികതയെയും ഇസ്‌ലാം നിഷേധിക്കുന്നു. അബ്രഹാമിന്റെയും മോശെയുടെയും പാതയിലെ മറ്റൊരു പ്രവാചകൻ മാത്രമാണ് യേശുവും എന്നും ഇസ്‌ലാം പറയുന്നു. കുരിശുമരണവും ആദിപാപവും ഉൾപ്പെടെയുള്ള പല ക്രൈസ്തവ നിലപാടുകളോടും ഇസ്‌ലാം വിയോജിക്കുന്നു. ഒരു വലിയ മതസമൂഹത്തിന്റെ വിശ്വാസ കാഴ്ചപ്പാടിലെ കുറച്ചു കാര്യങ്ങളെ അബദ്ധമെന്ന് പറയുന്നതുകൊണ്ട് പ്രവാചകനൊന്നും കിട്ടാനില്ല. എന്നാൽ യേശുവിന്റെ ദൈവികതയുമായി ബന്ധപ്പെട്ട് അക്കാദമിക തലത്തിൽ നടന്നിട്ടുള്ള ഗവേഷണങ്ങൾ ഇസ്‌ലാമിന്റെ കാഴ്ചപ്പാടുകളോട് യോജിക്കുന്നതായി കാണാം. ദൈവത്തിന്റെ പ്രവാചകനായി സ്വയം സംസാരിച്ച യേശുവിൽ കാലാന്തരത്തിൽ ദൈവികത ആരോപിക്കപ്പെടുകയായിരുന്നു എന്നാണ് സ്വതന്ത്രമായ പല പഠനങ്ങളും തെളിയിക്കുന്നത്. പണ്ഡിതനും ഗവേഷകനുമായ 'ബാർട്ട് ഏർമാൻ' (Bart Ehrman) രചിച്ചിട്ടുള്ള 'യേശു എങ്ങനെ ദൈവമായി' (How Jesus Became God) എന്ന രചന യേശുവിനെ സംബന്ധിച്ച മുസ്‌ലിം ധാരണകളെ ശരിവയ്ക്കുന്നതാണ്. ബൈബിളിലെ കുറെയധികം രചനകളും യേശുവിനെ പ്രവാചകനായി അവതരിപ്പിക്കുന്ന മുസ്‌ലിം നിലപാടുകളോട് ചേർന്നുനിൽക്കുന്നുവെന്നത് കേവലം യാദൃച്ഛികത മാത്രമാകുമോ?

"എന്നിൽ വിശ്വസിച്ചവർ എന്നിലല്ല, എന്നെ അയച്ചവനിൽ വിശ്വസിച്ചിരിക്കുന്നു" (യോഹ:12:44).

"നിങ്ങൾ ഈ കേൾക്കുന്ന വചനങ്ങൾ എന്റെതല്ല, മറിച്ച് എന്നെ അയച്ച പിതാവിന്റെതാകുന്നു" (യോഹ: 14:24).

"ഞാൻ തന്നിഷ്ടപ്രകാരം ഒന്നും പറയുന്നില്ല, എന്നെ അയച്ച പിതാവിന്റെ ഉത്തരവ് അനുസരിച്ച് ഞാൻ സംസാരിക്കുന്നു" (യോഹ: 14:49).

യേശു അഥവാ ഈസാ നബി (അ) അല്ലാഹു നിയോഗിച്ച പ്രവാചകനാണെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുമ്പോൾ മുകളിൽ കൊടുത്ത ബൈബിൾ വാക്യങ്ങളും അതുതന്നെയാണ് അറിയിക്കുന്നത്.

**E28: പലിശയുടെ വ്യാപനം.**

പ്രവാചകൻ(സ്വ) പറഞ്ഞു: "ഒരുസമയം മനുഷ്യകുലത്തിനു വരും; അന്ന് അവരെല്ലാം പലിശയെ ഉപയോഗിക്കുന്നവരായിരിക്കും. അനുയായികൾ

ചോദിച്ചു: 'മനുഷ്യർ എല്ലാവരുമോ?' പ്രവാചകൻ മറുപടി പറഞ്ഞു: 'അതിൽനിന്ന് വിട്ടുനിൽക്കാൻ കരുതുന്നവൻ പോലും അതിന്റെ പൊടിയാൽ ബാധിക്കപ്പെടും'' (മുസ്നദ് അഹ്മദ്).

മുസ്‌ലിം ലോകം കൂടുതൽ ശക്തിപ്രാപിക്കുകയും വ്യാപിക്കുകയും ചെയ്യുമെന്ന് പ്രവചിച്ച പ്രവാചകൻ അതിലേക്ക് ഇസ്‌ലാം വിലക്കിയ കാര്യങ്ങൾ നീക്കം ചെയ്യപ്പെട്ട ഒരു ലോകത്തെയായിരുന്നു കേവല യുക്തിയുടെ അടിസ്ഥാനത്തിലായിരുന്നെങ്കിൽ പ്രവചിക്കേണ്ടിയിരുന്നത്. എന്നാൽ നേരെമറിച്ച് സാമ്പത്തികരംഗം തന്നെ, പലിശയെന്ന ഇസ്‌ലാം വിലക്കിയ കാര്യത്തെ അടിസ്ഥാനമാക്കിയാവും എന്നും അതിൽനിന്നും വിട്ടുനിൽക്കാൻ താൽപര്യപ്പെടുന്നവർ പോലും അതിന്റെ പൊടികൊണ്ട് ബാധിക്കപ്പെടുമെന്നുമാണ് പ്രവാചകൻ പറഞ്ഞത്. ഇന്നത്തെ ലോക സാമ്പത്തികക്രമം തന്നെ അതിന്റെ ജീവിക്കുന്ന തെളിവാണ്. ബാങ്ക് അക്കൗണ്ടുകൾ മുതൽ ക്രെഡിറ്റ് കാർഡും ലോൺ സിസ്റ്റവുമെല്ലാം സകലരെയും പലിശയോട് അടുപ്പിക്കുന്നു. ലോകത്തെ വൻ രാഷ്ട്രങ്ങൾ പോലും കടത്തിന്റെയും പലിശയുടെയും ഇരകളാണ്. സാമ്പത്തികമായി മുന്നിട്ടുനിൽക്കുന്ന അമേരിക്കപോലും ട്രില്യൺ ഡോളറിന് കടക്കാരാണ്.

**മുസ്‌ലിം ലോകം കൂടുതൽ ശക്തിപ്രാപിക്കുകയും വ്യാപിക്കുകയും ചെയ്യുമെന്ന് പ്രവചിച്ച പ്രവാചകൻ അതിലേക്ക് ഇസ്‌ലാം വിലക്കിയ കാര്യങ്ങൾ നീക്കം ചെയ്യപ്പെട്ട ഒരു ലോകത്തെയായിരുന്നു കേവല യുക്തിയുടെ അടിസ്ഥാനത്തിലായിരുന്നെങ്കിൽ പ്രവചിക്കേണ്ടിയിരുന്നത്. എന്നാൽ നേരെമറിച്ച് സാമ്പത്തികരംഗം തന്നെ, പലിശയെന്ന ഇസ്‌ലാം വിലക്കിയ കാര്യത്തെ അടിസ്ഥാനമാക്കിയാവും എന്നും അതിൽനിന്നും വിട്ടുനിൽക്കാൻ താൽപര്യപ്പെടുന്നവർ പോലും അതിന്റെ പൊടികൊണ്ട് ബാധിക്കപ്പെടുമെന്നുമാണ് പ്രവാചകൻ പറഞ്ഞത്. ഇന്നത്തെ ലോക സാമ്പത്തികക്രമം തന്നെ അതിന്റെ ജീവിക്കുന്ന തെളിവാണ്.**

**E29: സൃഷ്ടിയുടെ വാക്യം**

സൃഷ്ടികളെ രണ്ടായി തിരിക്കാനാകും. ഒന്ന് ഭൗതിക ലോകത്തിന്റെത്; രണ്ട് ജീവലോകത്തിന്റെത്. പ്രപഞ്ചോൽപത്തിയെയും ജീവോൽപത്തിയെയും (origin of life and origin of the universe) ഒരു വേദഗ്രന്ഥം കൃത്യമായി വേർതിരിക്കാനും വിശദീകരിക്കാനും ശ്രമിച്ചിട്ടുണ്ടെങ്കിലോ?

"ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?'' (ക്വുർആൻ 21:30).

ആദ്യവാചകത്തിൽ ആകാശ-ഭൂലോകങ്ങളെല്ലാം ഒരുമിച്ച് ചേർന്നിരുന്ന ഒരവസ്ഥയിൽനിന്നുള്ള പ്രപഞ്ചത്തിന്റെ ആരംഭവും, രണ്ടാമത്തെ വാചകത്തിൽ ജലത്തിൽനിന്നുമുള്ള ജീവാരംഭവും പരാമർശിക്കുന്നു. ശാസ്ത്രലോകം നൂറു ശതമാനം തീർപ്പിലെത്തിയ വിഷയമൊന്നുമല്ലെങ്കിലും സകല ലോകങ്ങളും ഒരു സിംഗുലാർ പോയിന്റിൽനിന്നും ആരംഭിച്ചുവെന്ന ചിന്തക്ക് തന്നെയാണ് ഇന്ന് മുൻതൂക്കമുള്ളത്. ജീവന്റെ തുടിപ്പ് ജലമില്ലാതെ അസാധ്യമാണ്. ഒരു വചനത്തിൽ രണ്ട് അസ്തിത്വങ്ങളുടെ ഉൽപത്തിയെ ഇങ്ങനെ വിശദീകരിക്കാൻ ആറാം നൂറ്റാണ്ടിലെ ഒരു മനുഷ്യന് എങ്ങനെ സാധിച്ചുവെന്നത് ചിന്തനീയമല്ലേ?

**E30: ഇസ്‌ലാമിന്റെ വ്യാപനം**

"എന്റെ നാഥൻ എനിക്കായി ഭൂമിയെ മടക്കി, ഞാൻ അതിന്റെ കിഴക്കും പടിഞ്ഞാറും കണ്ടു. എനിക്കായി ഭൂമി ഒഴുകിയെത്തുന്നിടത്തോളം എന്റെ സമുദായം എത്തും..."(Sunan abi dawud 4252)

Tamim al-dari reports that the Messenger of Allah said: "This matter will certainly reach every



place touched by the night and day. Allah will not leave a house of mud or even fur except that He will cause this religion to enter it, by which the honorable will be honored, and the disgraceful will be disgraced. Allah will honor the honorable with Islam and He will disgrace the disgraceful with unbelief.” (Ibn hanbal, Munsad Ahmad, 28:154, No.16957; authenticated by al-Arna’ut in the comments and al-Albani in Silsilat alAhadith al-sahiha (Riyadh: Maktabat al-Ma’arif, 1996).

അറേബ്യയിൽ ഇസ്‌ലാം ഒതുങ്ങിയിരുന്ന പ്രവാചക കാലത്ത് ഇസ്‌ലാമിന്റെ ഭാവിയെ സംബന്ധിച്ച് പ്രവാചകൻ(സ്വ) നടത്തുന്ന പ്രവചനങ്ങളാണിവ. കിഴക്കും പടിഞ്ഞാറും വെളിച്ചമെത്തുന്ന ഇടങ്ങളിലുമെല്ലാം ഇസ്‌ലാമെത്തുമെന്ന ദീർഘവീക്ഷണം ഈ വർത്തമാനങ്ങളിൽ പ്രകടമാണ്. പ്രവാചക വിയോഗത്തിന് കുറച്ചു കാലങ്ങൾക്കുള്ളിൽതന്നെ ചൈനയിലും ഇന്ത്യയിലും യൂറോപ്പിലുമെല്ലാം ഇസ്‌ലാമെത്തി. ഇന്ന് ലോകത്ത് ഏറ്റവും വേഗതയിൽ വളരുന്ന മതം ഇസ്‌ലാമാണ്. Pew Research Centre പഠനമനുസരിച്ച് 2070ൽ ഏറ്റവുമധികം ജനങ്ങൾ പിൻപറ്റുന്ന ദർശനമായി ഇസ്‌ലാം മാറുമെന്നാണ് (“The Future of World Religions: Population Growth Projections, 2010-2050,” Pew Research Center, April 2nd, 2015).

2) അതിന്റെ വളർച്ചയെ മുന്നേ അറിയാനും അത് പ്രവചിക്കാനും ഒരു സാധാരണ മനുഷ്യനാകില്ല, ദൈവ ദൂതനല്ലാതെ.ഇതും ഇസ്‌ലാമിനെ തെളിയിക്കുന്നു.

**E31: ആറ് തെളിവുകൾ.**

തബൂക്ക് യുദ്ധ സന്ദർഭത്തിൽ പ്രവാചകൻ(സ്വ) ഔഫ് ഇബ്നു മാലികി(റ)നോട് പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടത്: “അന്ത്യനാളിന് മുന്നേ ആറ് കാര്യങ്ങൾ സംഭവിക്കും; എന്റെ മരണം ശേഷം നിങ്ങൾ ജറുസലേം കീഴടക്കും, രണ്ട് പകർച്ച വ്യാധികൾ നിങ്ങളെ നശിപ്പിക്കും, ഒരു മനുഷ്യന് നൂറ് സ്വർണ നാണയങ്ങൾ നൽകിയാലും തൃപ്തനാകാത്ത വിധം സമ്പത്ത് അധികരിക്കും, ഒരു ദുഃഖമുണ്ടാകും; അത് കടന്നുചെല്ലാത്ത ഒരു അറബ് വീടുമുണ്ടാകില്ല, നിങ്ങളും ബൈസന്റൈൻകാരുമായി യുദ്ധമുണ്ടാകും” (ബുഖാരി).

ഹദീസിൽ പറഞ്ഞ ക്രമത്തിൽ തന്നെ ഈ കാര്യങ്ങൾ സംഭവിച്ചതായി ചരിത്രത്തിൽ കാണാം. ഹിജ്റ പതിനൊന്നിന് പ്രവാചകന്റെ വഫാത്തിന്റെ നാല് വർഷത്തിന് ശേഷം ഹിജ്റ പതിനഞ്ചിന് ജറുസലേം മുസ്‌ലിംകൾക്ക് കീഴിലായി. ഹിജ്റ പതിനെട്ടിന് plague of amwas എന്ന് അറിയപ്പെടുന്ന വലിയ പകർച്ചവ്യാധി മുസ്‌ലിം ലോകത്തെ ബാധിച്ചു. ഇരുപത്തി അയ്യായിരം മുസ്‌ലിം സൈനികരെയും അവരുടെ ഉറ്റവരെയും ഇത് തുടച്ചു നീക്കി, ഹിജ്റ ഇരുപത്തി മൂന്ന്, ഖലീഫ ഉസ്മാൻ(റ)വിന്റെ ഭരണകാലത്ത് മുസ്‌ലിം ലോകം സാമ്പത്തികമായി വലിയ ഉയർച്ചയിലെത്തി. ഹിജ്റ മുപ്പത്തിയേഴിന് ഉസ്മാൻ(റ) വധിക്കപ്പെട്ടത് രാഷ്ട്രത്തെ പിടിച്ചുകുലുക്കിയ ദുഃഖമായി. ബൈസന്റൈൻ സാമ്രാജ്യവുമായി തുടർച്ചയായ നിരവധി യുദ്ധങ്ങൾക്കും പിന്നീട് മുസ്‌ലിം ലോകം സാക്ഷിയായി. പ്രവാചകൻ(സ്വ) പറഞ്ഞ ക്രമത്തിൽ തന്നെ ഇതിലെ എല്ലാ കാര്യങ്ങളും സംഭവിച്ചതിന് ചരിത്രം സാക്ഷിയാണ്.

**E32: ഹദീസ് നിഷേധികൾ**

അബൂറാഫിഅ്(റ) നിവേദനം; പ്രവാചകൻ(സ്വ) പറഞ്ഞിരിക്കുന്നു: “തിന്നുനിറഞ്ഞ വയറുമായി ഇരിപ്പിടത്തിൽ ചാരിയിരുന്നുകൊണ്ട് ഞാൻ കൽപിച്ചതായ ഒരു കൽപനയോ വിലക്കോ വരുമ്പോൾ ‘എനിക്കറിയില്ല, അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ളത് മാത്രം നാം പിൻപറ്റും’ എന്ന് പറയുന്ന സുഖലോലുപരെ നിങ്ങളിലാരും കണ്ടുമുട്ടാതിരിക്കട്ടെ” (അബൂദാവൂദ്).

സ്വാഭാവികമായും പ്രവാചകകാലത്ത് പ്രവാചക വർത്തമാനത്തെ അംഗീകരിക്കാതെയിരിക്കുകയും ക്വുർആനിനെ മാത്രം അംഗീകരിക്കാം എന്ന് പറയുകയും ചെയ്യുന്ന ആരും അനുയായികളിൽ ഉണ്ടാകില്ല. എന്നാൽ പിൽകാലത്ത് അത്തരം ചിലയാളുകൾ വന്നു. അവർ പ്രവാചകവചനങ്ങളെ അംഗീകരിക്കേണ്ടതായി ഇല്ലെന്നും, ക്വുർആൻ മാത്രമാണ് പ്രമാണമെന്നും വാദിച്ചു. കേരളത്തിലും അത്തരം ചിന്താഗതിക്കാരായ ചിലർ രംഗത്തുവന്നിട്ടുണ്ട്. പിൽകാലത്ത് ഇങ്ങനെയൊരുകൂട്ടർ പ്രത്യക്ഷപ്പെടുമെന്ന് മുമ്പേയറിയാൻ പ്രവാചകന് കഴിഞ്ഞതെങ്ങനെയാണ്?

*(തുടരും)*

**സ്വാഭാവികമായും പ്രവാചകകാലത്ത് പ്രവാചക വർത്തമാനത്തെ അംഗീകരിക്കാതെയിരിക്കുകയും ക്വുർആനിനെ മാത്രം അംഗീകരിക്കാം എന്ന് പറയുകയും ചെയ്യുന്ന ആരും അനുയായികളിൽ ഉണ്ടാകില്ല. എന്നാൽ പിൽകാലത്ത് അത്തരം ചിലയാളുകൾ വന്നു. അവർ പ്രവാചകവചനങ്ങളെ അംഗീകരിക്കേണ്ടതായി ഇല്ലെന്നും, ക്വുർആൻ മാത്രമാണ് പ്രമാണമെന്നും വാദിച്ചു. കേരളത്തിലും അത്തരം ചിന്താഗതിക്കാരായ ചിലർ രംഗത്തുവന്നിട്ടുണ്ട്. പിൽകാലത്ത് ഇങ്ങനെയൊരുകൂട്ടർ പ്രത്യക്ഷപ്പെടുമെന്ന് മുമ്പേയറിയാൻ പ്രവാചകന് കഴിഞ്ഞതെങ്ങനെയാണ്?**

ലേഖനം

# ആകാശത്തുനിന്നും ആഹാരം

ഡോ. ടി.കെ യൂസുഫ്
: 9349798262

വിശുദ്ധ ക്വുർആനിലെ സൂറതുദ്ദാരിയാത് ഇരുപത്തി രണ്ടാം വചനത്തിൽ 'ആകാശത്ത് നിങ്ങൾക്കുള്ള ഉപജീവനവും നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെടുന്ന കാര്യങ്ങളുമുണ്ട്' എന്ന് പറയുന്നതായി കാണാം. എന്നാൽ ഈ വചനം മനുഷ്യൻ ബഹിരാകാശത്ത് താമസിക്കുന്നതിനെക്കുറിച്ചാണ് പറയുന്നത് എന്ന് സമർഥിക്കാൻ ശ്രമിക്കുന്ന ഒരു 'ഉസ്താദി'ന്റെ വീഡിയോ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ട്.

അല്ലാഹു ആകാശത്തുനിന്ന് മഴ വർഷിപ്പിക്കുകയും അതുമൂലം ഭൂമിയിൽ സസ്യങ്ങൾ മുളപ്പിച്ച് മനുഷ്യർക്കും ഇതര ജീവികൾക്കുമുള്ള ഉപജീവനമൊരുക്കുകയും ചെയ്യുവെന്ന് ക്വുർആനിൽ ധാരാളം വചനങ്ങളിലൂടെ പ്രതിപാദിക്കുന്നതായി കാണാം. എന്നാൽ അല്ലാഹു അവനെ പരിചയപ്പെടുത്തുന്ന ചില വചനങ്ങളിൽ 'ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് അന്നം തരുന്നവൻ' എന്ന് പറയുന്നതായും കാണാം. ആകാശത്തുനിന്ന് ആഹാരം നൽകുന്നു എന്ന് പറഞ്ഞതിന്റെ താൽപര്യമെന്തെന്ന് വിശകലനം നടത്തിനോക്കാം.

'സമാഅ്' എന്ന അറബി പദത്തിന് 'ഉയർന്നത്,' 'ഉപരിയായത്' എന്നീ അർഥങ്ങളാണുള്ളത്. ഭൂമിയുടെ തൊട്ടുമുകളിലുള്ള മേഘങ്ങൾക്കും അനന്തമായ ഏഴാമാകാശത്തിനും ക്വുർആൻ ഇതേ പദംതന്നെയാണ് പ്രയോഗിച്ചിട്ടുള്ളത്. ആകാശങ്ങൾക്കും ഭൂമിക്കും ഇടയിലുള്ളത് എന്ന പദപ്രയോഗം ഇരുപത് സ്ഥലങ്ങളിൽ നടത്തിയതായി കാണാം. ആകാശഭൂമിക്കിടയിലുള്ളത് എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് ഭൂമിക്ക് മുകളിലുള്ള വാതകപാളിയാകാനാണ് സാധ്യത. കാരണം മേഘത്തെക്കുറിച്ച് ക്വുർആൻ പറയുന്നിടത്ത് 'ആകാശഭൂമിക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്' (2:164) എന്ന് പറയുന്നതായി കാണാം. മേഘത്തിൽനിന്നാണ് മഴ വർഷിക്കുന്നതെന്ന് ഏവർക്കും അറിയാവുന്ന വസ്തുതയാണ്. മേഘം എന്ന പദംതന്നെ ക്വുർആനിൽ പ്രയോഗിച്ചിട്ടുമുണ്ട്. അതിന്റെ സ്ഥാനം ആകാശത്തിനും ഭൂമിക്കുമിടയിലാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ക്വുർആനിൽ ചില വചനങ്ങളിൽ മേഘത്തിൽനിന്ന് വെള്ളമിറക്കി എന്ന് പറയുന്നതിന് പകരം ആകാശത്തുനിന്ന് വെള്ളമിറക്കി എന്ന് പറയുന്നതായി കാണാം. ഇത്തരം വചനങ്ങളിൽ 'സമാഅ്' (ആകാശം) എന്ന പദംകൊണ്ട് ഉദ്ദേശിക്കുന്നത് മേഘമാണ് എന്ന കാര്യത്തിൽ സംശയമില്ല.

> 'ആകാശത്തുനിന്ന് ആഹാരം' എന്നതിന് ശാസ്ത്രീയ വ്യാഖ്യാനം കണ്ടെത്തിയാലും ഇല്ലെങ്കിലും അന്നദാതാവ് അല്ലാഹുതന്നെയാണ് എന്ന വസ്തുത നിഷേധിക്കപ്പെടുന്നില്ല. ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നവൻ അല്ലാഹുവാണ് എന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.



ആകാശത്തുനിന്നുള്ള ആഹാരം എന്നതുകൊണ്ട് അർഥമാക്കുന്നത് മഴവെള്ളമാണ് എന്നാണ് ബഹുഭൂരിപക്ഷം ക്വുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിട്ടുള്ളത്. 'ആകാശത്തുനിന്നും അന്നം നൽകുന്നു' എന്നതിലെ 'ആകാശം' എന്നതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കപ്പെടുന്നത് അന്തരീക്ഷ മണ്ഡലത്തിൽ ഭൂമിയോട് ഏറ്റവും അടുത്ത് നിൽക്കുന്ന വാതകപാളിയായ ട്രോപോസ്ഫിയർ ആയിരിക്കും. കാരണം ഇവിടെവച്ചാണ് ഭൂമിയിൽനിന്ന് നീരാവിയായി പോകുന്ന ജലം മേഘമായി രൂപപ്പെട്ട് മഴയായി വർഷിക്കുന്നത്. ഭൂമിയിൽ 71 ശതമാത്തോളം വെള്ളമാണെങ്കിലും മഴയുടെ അഭാവത്തിൽ അവിടെ ജീവിതം അസാധ്യമാണ്. ഭൂമിയിൽനിന്ന് നീരാവിയായി ഈ ആകാശപാളി

യിലേക്കും അവിടെനിന്ന് മഴയായി ഭൂമിയിലേക്കും വെള്ളത്തിന്റെ ഒരു ചാക്രിക ചലനം നടക്കുന്നതുകൊണ്ട് വെള്ളം കേടാകാതിരിക്കുകയും സസ്യജാലങ്ങൾ മുളച്ച് ജീവജാലങ്ങൾക്ക് ആഹാരത്തിന് നിമിത്തമാകുകയും ചെയ്യും.

ഭൂമിയിൽനിന്ന് പ്രതിവർഷം 380000 ചതുരശ്ര കിലോമീറ്റർ വെള്ളമെങ്കിലും നീരാവിയായി മേലോട്ടുയരുന്നുണ്ട്. ഇങ്ങനെ ഉയരുന്ന ജലത്തിൽ നല്ലൊരു ശതമാനം അതായത് 320000 ചതുരശ്ര കിലോമീറ്റർ വെള്ളം സമുദ്രത്തിൽനിന്നാണ് പോകുന്നത്. കരയിൽനിന്നുയരുന്നത് വെറും 60000 ചതുരശ്ര കിലോമീറ്ററാണ്. കടലിൽനിന്നും കരയിൽനിന്നും ഉയരുന്ന നീരാവിയെ കാറ്റ് ഭൂമിയുടെ മുകളിലുള്ള വായുമണ്ഡലത്തിലേക്ക് ഉയർത്തുകയും അത് അവിടെവച്ച് ഘനീഭവിച്ച് മേഘമായി വീണ്ടും ശുദ്ധജലമായി ഭൂമിയിലേക്ക് വർഷിക്കുകയും ചെയ്യുന്നു.

ഭൂമിയിൽനിന്ന് നീരാവിയായി പോകുന്ന വെള്ളം മഴയായി വർഷിക്കുന്നതിന്റെ തോത് പരിശോധിച്ചാൽ അതിലും ഒരു ദൈവിക ദൃഷ്ടാന്തം കാണാൻ കഴിയും. ഉദാഹരണമായി, ഒരു വർഷത്തിൽ 60000 ചതുരശ്ര കിലോമീറ്റർ വെള്ളമാണ് കരയിൽനിന്ന് നീരാവിയായി മേലോട്ടുയരുന്നത്. എന്നാൽ കരയിൽ മഴയായി പെയ്യുന്ന വെള്ളത്തിന്റെ അളവ് 96000 ചതുരശ്ര കിലോമീറ്ററാണ്. അപ്പോൾ കടലിൽനിന്നുയരുന്ന വെള്ളത്തിൽനിന്ന് 36000 ചതുരശ്ര കിലോമീറ്റർ ജലം കടലിൽത്തന്നെ മഴയായി പെയ്യുന്നതിന് പകരം കരയിലാണ് പതിക്കുന്നത്. ഈ അനുപാത വ്യതിയാനവും ഭൂമിയിലെ ജീവന്റെ നിലനിൽപിന് അനിവാര്യമാണ്. ഓരോ വർഷവും ഭൂമിയിൽ വർഷിക്കുന്ന മഴയുടെ അളവ് വ്യത്യസ്തമാണെങ്കിലും സമുദ്രത്തിൽനിന്നുയരുന്ന ജലത്തിന്റെ ഒരു പങ്ക് കരയിൽ പതിക്കുന്നതായി കാണാം. നീരാവിയായി പോകുന്ന വെള്ളം മഴയായി വർഷിക്കുന്നത് കേവലം പ്രകൃതി പ്രതിഭാസം മാത്രമല്ല, അതിനു പിന്നിൽ ഒരു ആസൂത്രണ ശക്തി കൂടി പ്രവർത്തിക്കുന്നുണ്ടെന്നാണ് ഇതെല്ലാം വെളിപ്പെടുത്തുന്നത്.

ഭൂമിയിലെ സസ്യങ്ങൾക്ക് ആഹാരം ഉത്പാദിപ്പിക്കാൻ കേവലം ജലം മാത്രം മതിയാകില്ല. സൂര്യപ്രകാശവും മറ്റനേകം ധാതുലവണങ്ങളും ആവശ്യമാണ്. ഇവയെല്ലാം ചെടികൾക്ക് ലഭിക്കുന്നതും ആകാശത്തുനിന്ന് തന്നെയാണ്. ആകാശത്തുനിന്ന് ഭൂമിയിലേക്ക് പതിക്കുന്ന ഉൽക്കകളിലൂടെ നൈട്രജൻ, കാർബൺ, സോഡിയം, പൊട്ടാസ്യം തുടങ്ങി അനവധി മൂലകങ്ങൾ ഭൂമിയിൽ പതിക്കുന്നുണ്ട്. ഭൂമിയെ സമ്പുഷ്ടമാക്കുന്നതിന് വേണ്ടി ദിനേന ടൺ കണക്കിന് ഇത്തരം രാസപദാർഥങ്ങൾ പലവിധത്തിലായി ഇവിടെ എത്തുന്നുണ്ട്. സസ്യങ്ങളുടെ വളർച്ചക്ക് അനിവാര്യമായ ജലവും സൗരോർജവും ഇത്തരം ധാതുലവണങ്ങളും ഭൂമിയിലേക്ക് എത്തുന്നത് ആകാശത്ത് നിന്നായതുകൊണ്ട് ആകാശത്തുനിന്നുള്ള ആഹാരം എന്ന ക്വുർആൻ പ്രയോഗം വളരെ അർഥവത്താണ്.

**ആകാശത്തുനിന്ന് ഭൂമിയിലേക്ക് പതിക്കുന്ന ഉൽക്കകളിലൂടെ നൈട്രജൻ, കാർബൺ, സോഡിയം, പൊട്ടാസ്യം തുടങ്ങി അനവധി മൂലകങ്ങൾ ഭൂമിയിൽ പതിക്കുന്നുണ്ട്. ഭൂമിയെ സമ്പുഷ്ടമാക്കുന്നതിന് വേണ്ടി ദിനേന ടൺ കണക്കിന് ഇത്തരം രാസപദാർഥങ്ങൾ പലവിധത്തിലായി ഇവിടെ എത്തുന്നുണ്ട്. സസ്യങ്ങളുടെ വളർച്ചക്ക് അനിവാര്യമായ ജലവും സൗരോർജവും ഇത്തരം ധാതുലവണങ്ങളും ഭൂമിയിലേക്ക് എത്തുന്നത് ആകാശത്ത് നിന്നായതുകൊണ്ട് ആകാശത്തുനിന്നുള്ള ആഹാരം എന്ന ക്വുർആൻ പ്രയോഗം വളരെ അർഥവത്താണ്.**

ആകാശത്തുനിന്ന് ആഹാരം എന്നതു കൊണ്ടുദ്ദേശിക്കുന്നത് അന്നദാതാവായ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് ആഹാരം ലഭിക്കുന്നു എന്ന വസ്തുത ആലങ്കാരികമായി പറഞ്ഞതാണെന്നും ചില വ്യാഖ്യാതക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. ആകാശത്തുനിന്ന് മഴ വർഷിച്ചതുകൊണ്ടോ ഭൂമിയിൽ വിഭവങ്ങളുണ്ടായതുകൊണ്ടോ മാത്രം മനുഷ്യർക്കത് അന്നമായി ലഭിക്കുന്നില്ല. അതുപോലെ അല്ലാഹു ഉദ്ദേശിക്കുന്ന ചിലർക്ക് ആഹാരം സുഭിക്ഷമായി ലഭിക്കുകയും അവൻ ഉദ്ദേശിക്കുന്ന മറ്റു ചിലർക്ക് അത് കമ്മിയായും ലഭിക്കുന്നു. ഓരോരുത്തർക്കും എത്ര ലഭിക്കണമെന്ന് അവർ തങ്ങളുടെ മാതാവിന്റെ ഗർഭാശയത്തിലായിരിക്കെ കണക്കാക്കപ്പെട്ടതുമാണ്.

'ആകാശത്തുനിന്ന് ആഹാരം' എന്നതിന് ശാസ്ത്രീയ വ്യാഖ്യാനം കണ്ടെത്തിയാലും ഇല്ലെങ്കിലും അന്നദാതാവ് അല്ലാഹുതന്നെയാണ് എന്ന വസ്തുത നിഷേധിക്കപ്പെടുന്നില്ല. ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നവൻ അല്ലാഹുവാണ് എന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്.

"പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്?" (10:31)

"ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹു അല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ?" (35:3).

ഈ വചനങ്ങളെല്ലാംതന്നെ മനുഷ്യന്റെ ആഹാര ഉത്പാദന രംഗത്ത് അല്ലാഹു നിശ്ചയിച്ച ആകാശ ഭൂമികളുടെ പങ്കാണ് വെളിപ്പെടുത്തുന്നത്.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം
40

# സൂറ: ഗാഫിർ

## (പാപം പൊറുക്കുന്നവൻ)

(മക്കയിൽ അവതരിച്ചത്)

وَقَالَ ٱلَّذِينَ فِي ٱلنَّارِ لِخَزَنَةِ جَهَنَّمَ ٱدۡعُواْ
رَبَّكُمۡ يُخَفِّفۡ عَنَّا يَوۡمٗا مِّنَ ٱلۡعَذَابِ ﴿٤٩﴾

قَالُوٓاْ أَوَلَمۡ تَكُ تَأۡتِيكُمۡ رُسُلُكُم
بِٱلۡبَيِّنَٰتِۖ قَالُواْ بَلَىٰۚ قَالُواْ فَٱدۡعُواْۗ وَمَا
دُعَٰٓؤُاْ ٱلۡكَٰفِرِينَ إِلَّا فِي ضَلَٰلٍ ﴿٥٠﴾

إِنَّا لَنَنصُرُ رُسُلَنَا وَٱلَّذِينَ ءَامَنُواْ فِي
ٱلۡحَيَوٰةِ ٱلدُّنۡيَا وَيَوۡمَ يَقُومُ ٱلۡأَشۡهَٰدُ ﴿٥١﴾

يَوۡمَ لَا يَنفَعُ ٱلظَّٰلِمِينَ مَعۡذِرَتُهُمۡۖ وَلَهُمُ
ٱللَّعۡنَةُ وَلَهُمۡ سُوٓءُ ٱلدَّارِ ﴿٥٢﴾

وَلَقَدۡ ءَاتَيۡنَا مُوسَى ٱلۡهُدَىٰ وَأَوۡرَثۡنَا بَنِيٓ
إِسۡرَٰٓءِيلَ ٱلۡكِتَٰبَ ﴿٥٣﴾

هُدٗى وَذِكۡرَىٰ لِأُوْلِي ٱلۡأَلۡبَٰبِ ﴿٥٤﴾

فَٱصۡبِرۡ إِنَّ وَعۡدَ ٱللَّهِ حَقّٞ وَٱسۡتَغۡفِرۡ
لِذَنۢبِكَ وَسَبِّحۡ بِحَمۡدِ رَبِّكَ بِٱلۡعَشِيِّ
وَٱلۡإِبۡكَٰرِ ﴿٥٥﴾

49. നരകത്തിലുള്ളവർ നരകത്തിന്റെ കാവൽക്കാരോട് പറയും: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോടൊന്ന് പ്രാർഥിക്കുക. ഞങ്ങൾക്ക് ഒരു ദിവസത്തെ ശിക്ഷയെങ്കിലും അവൻ ലഘൂകരിച്ചു തരട്ടെ.

50. അവർ (കാവൽക്കാർ) പറയും: നിങ്ങളിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവുകളുംകൊണ്ട് നിങ്ങളുടെ അടുത്ത് വന്നിട്ടുണ്ടായിരുന്നില്ലേ? അവർ പറയും: അതെ. അവർ (കാവൽക്കാർ) പറയും: എന്നാൽ നിങ്ങൾതന്നെ പ്രാർഥിച്ചുകൊള്ളുക. സത്യനിഷേധികളുടെ പ്രാർഥന വൃഥാവിലായിപ്പോകുകയേയുള്ളൂ.

51. തീർച്ചയായും നാം നമ്മുടെ ദൂതന്മാരെയും വിശ്വസിച്ചവരെയും ഐഹികജീവിതത്തിലും സാക്ഷികൾ രംഗത്തു വരുന്ന ദിവസത്തിലും സഹായിക്കുകതന്നെ ചെയ്യും.

52. അതായത് അക്രമികൾക്ക് അവരുടെ ഒഴികഴിവ് പ്രയോജനപ്പെടാത്ത ദിവസം. അവർക്കാകുന്നു ശാപം. അവർക്കാകുന്നു ചീത്തഭവനം.

53. മൂസായ്ക്ക് നാം മാർഗദർശനം നൽകുകയും ഇസ്റാഈല്യരെ നാം വേദഗ്രന്ഥത്തിന്റെ അവകാശികളാക്കിത്തീർക്കുകയും ചെയ്തു.

54. ബുദ്ധിയുള്ളവർക്ക് മാർഗദർശനവും ഉൽബോധനവുമായിരുന്നു അത്.

55. അതിനാൽ നീ ക്ഷമിക്കുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. നിന്റെ പാപത്തിന് നീ മാപ്പുതേടുകയും വൈകുന്നേരവും രാവിലെയും നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിക്കുകയും ചെയ്യുക.

49) (നരകത്തിലുള്ളവർ പറയും) ദുർബലരും അഹങ്കാരികളുമായവർ. (നരകത്തിന്റെ കാവൽക്കാരോട്; നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുക, ഞങ്ങൾക്ക് ഒരു ദിവസത്തെ ശിക്ഷയെങ്കിലും അവൻ ലഘൂകരിച്ചുതരട്ടെ) അങ്ങനെയാണെങ്കിൽ ചെറിയ ആശ്വാസം ഉണ്ടായേക്കാം.

50) (അവർ പറയും) അവരെ അവഹേളിച്ചുകൊണ്ട് അവരുടെ ശിപാർശക്ക് പ്രയോജനമില്ലെന്നും അവരുടെ പ്രാർഥനയ്ക്ക് ഫലമില്ലെന്നും വ്യക്തമാക്കിക്കൊണ്ട്. (നിങ്ങളിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവുകളുംകൊണ്ട് നിങ്ങളുടെ അടുത്ത് വന്നിട്ടുണ്ടായിരുന്നില്ലേ?) സത്യവും ശരിയായ മാർഗവും അല്ലാഹുവിന്റെ പ്രീതി ലഭിക്കുന്ന നന്മകളും ശിക്ഷ ലഭിക്കുന്ന തിന്മകളും വ്യക്തമായി വശീദകരിച്ചുതന്നുകൊണ്ട്.

(അവർ പറയും) അതെ, വ്യക്തമായ തെളിവുകൾ കൊണ്ട് അവർ വരികയും അല്ലാഹുവിന്റെ സമ്പൂർണമായ പ്രമാണം ഞങ്ങൾക്ക് നൽകുകയുമുണ്ടായി. വ്യക്തമായതിനുശേഷം സത്യത്തോട് ഞങ്ങൾ ധിക്കാരം കാണിക്കുകയും അതുമൂലം ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം പ്രവർത്തിക്കുകയും ചെയ്തു. (നരകത്തിന്റെ കാവൽക്കാർ പറയും) അവർക്കുവേണ്ടി പ്രാർഥിക്കാനോ ശുപാർശ ചെയ്യാനോ തയ്യാറാവാതെ, നരകക്കാരോട് പറയും. (എന്നാൽ നിങ്ങൾ പ്രാർഥിച്ചുകൊള്ളുക) നിങ്ങൾക്ക് പ്രാർഥനകൊണ്ട് വല്ല പ്രയോജനവും ഉണ്ടാകുമോ? തുടർന്ന് അല്ലാഹു പറയുന്നു: (സത്യനിഷേധികളുടെ പ്രാർഥന വ്യഥാവിലായിപ്പോവുകയേയുള്ളൂ) പ്രാർഥന വെറുതെയാകും. കാരണം, അവിശ്വാസം സർവ പ്രവർത്തനങ്ങളെയും നിഷ്ഫലമാക്കുന്നതും പ്രാർഥനക്കുള്ള ഉത്തരം തടയുന്നതുമാണ്.

51). ഫിർഔനിന്റെ ആളുകൾക്ക് ഇഹലോകത്തും ഖബ്റിലും പരലോകത്തും ലഭിക്കുന്ന ശിക്ഷയെക്കുറിച്ച് പറഞ്ഞപ്പോൾ പ്രവാചകന്മാരെ എതിർക്കുകയും അവരോട് ഏറ്റുമുട്ടുകയും ചെയ്തവർക്ക് ലഭിക്കുന്ന നിന്ദ്യമായ നരകശിക്ഷയെക്കുറിച്ചും പരാമർശിക്കുന്നു. (തീർച്ചയായും നാം നമ്മുടെ ദൂതന്മാരെയും വിശ്വസിച്ചവരെയും ഐഹിക ജീവിതത്തിലും) തെളിവും പ്രമാണവും നൽകിയും സഹായിച്ചും. (സാക്ഷികൾ രംഗത്തുവരുന്ന ദിവസത്തിലും) അതായത് പരലോകത്ത് അവർക്കും അവരുടെ അനുയായികൾക്കും പ്രതിഫലവും എതിർത്തവർക്ക് കഠിനമായ ശിക്ഷയും അവൻ വിധിക്കും.


52). (അതായത് അക്രമികൾക്ക് അവരുടെ ഒഴികഴിവ് പ്രയോജനപ്പെടാത്ത ദിവസം) അവർ ഒഴികഴിവ് പറയുമ്പോൾ. (അവർക്കാകുന്നു ശാപം. അവർക്കാകുന്നു ചീത്ത ഭവനം) അവിടെ താമസിക്കുന്നവർക്കെല്ലാം ദുരിതം നൽകുന്ന ചീത്തഭവനം.

53) മൂസാ നബി(അ)ക്കും ഫിർഔനിനും സംഭവിച്ചതും ഫിർഔനിന്റെ സൈന്യത്തിന്റെ പരിണിതിയും പരാമർശിച്ചശേഷം ഫിർഔനിനും നരകക്കാർക്കും ബാധകമാകുന്ന ചില പൊതുകാര്യങ്ങളാണ് പരാമർശിക്കുന്നത്. അല്ലാഹു മൂസാ നബി(അ)ക്ക് (മാർഗദർശനം) നൽകി. അതായത് ദൃഷ്ടാന്തങ്ങളും അറിവും. അവ മൂലമാണ് സന്മാർഗത്തിലേക്ക് എത്തുന്നത്. (ഇസ്റാഈല്യരെ നാം വേദഗ്രന്ഥത്തിന്റെ അവകാശികളാക്കിത്തീർക്കുകയും ചെയ്തു) അതായത് തൗറാത്തിനെ തലമുറ തലമുറകളായി അനന്തരമെടുക്കത്തക്ക വിധം.

54) ആ വേദഗ്രന്ഥത്തിലുള്ളത് (സന്മാർഗമാണ്) മതവിധികളെക്കുറിച്ചുള്ള അറിവ്. (ഉദ്ബോധനവും) നന്മ ഉദ്ബോധിപ്പിക്കുകയും അതിന് പ്രോത്സാഹനം നൽകുകയും തിന്മകളിൽനിന്ന് വിട്ടുനിൽക്കാൻ താക്കീത് നൽകുകയും ചെയ്യുന്നത്. ഇതിന്റെ പ്രയോജനം എല്ലാവർക്കും ലഭിക്കില്ല (ബുദ്ധിയുള്ളവർക്ക് മാത്രം).

55). (അതിനാൽ നീ ക്ഷമിക്കുക) ദൃഢമനസ്കരായ പൂർവ പ്രവാചകർ ക്ഷമിച്ചതുപോലെ പ്രവാചകരേ, താങ്കളും ക്ഷമിക്കുക. (അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു) അതിൽ അൽപംപോലും സംശയമോ സന്ദേഹമോ ഇല്ല. അതിനാൽ ക്ഷമിക്കാൻ പ്രയാസപ്പെടേണ്ടതില്ല. അത് വ്യക്തമായ സത്യവും സന്മാർഗവുമാണ്. ബുദ്ധിയുള്ളവർ കഴിവിന്റെ പരമാവധി അധ്വാനിക്കുകയും ക്ഷമയുള്ളവർ ക്ഷമിച്ചു കാണിക്കുകയും ചെയ്യേണ്ട കാര്യം.

(അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു) ദീനനുസരിച്ച് ജീവിക്കുന്നവർക്ക് അതിനും അല്ലാഹു വെറുക്കുന്ന കാര്യങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും പ്രേരണ നൽകുന്നതാണ് ഈ വാക്യം. (നിന്റെ പാപത്തിന് നീ മാപ്പ് തേടുക) നിന്റെ സൗഭാഗ്യജീവിതത്തിനും വിജയത്തിനും തടസ്സമാകുന്ന പാപങ്ങളിൽനിന്ന്. ആഗ്രഹങ്ങൾ സാക്ഷാത്കരിക്കാനുള്ള ക്ഷമയും അനിഷ്ടങ്ങളെ പ്രതിരോധിക്കാനുള്ള പാപമുക്തിയും ഇവിടെ നിർദേശിക്കുന്നു. (നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം അവന്റെ പരിശുദ്ധിയെ പ്രകീർത്തിക്കുകയും ചെയ്യുക). പ്രത്യേകിച്ചും (വൈകുന്നേരവും രാവിലെയും). ഈ രണ്ട് സമയവും ശ്രേഷ്ഠമായ സമയങ്ങളാണ്. ആ രണ്ട് സമയത്തും ചൊല്ലാൻ പ്രത്യേക പ്രാർഥനകളും നിർബന്ധവും ഐച്ഛികവുമായ കർമങ്ങളും ഉണ്ട്. ജീവിതത്തിലെ എല്ലാ കാര്യങ്ങൾക്കും ഇവ നിർവഹിക്കുന്നത് സഹായകമായിത്തീരും.



# കരുതിയിരിക്കാം; രാത്രിയപകടങ്ങളെ

**നബീൽ പയ്യോളി**
: +966 55 771 0981

പാതിരാവിനെ പകലാക്കും വിധം പാതയോര കച്ചവടങ്ങൾ നാട്ടിലെങ്ങും സജീവമാണ്. ഭക്ഷണപ്രിയമെന്ന പേരിൽ ദൂരെദിക്കുകളിൽനിന്ന് പോലും ന്യൂജെൻ ഒഴുകിവരുന്നു. ഭക്ഷണം ആഘോഷമോ, അതോ ആരോഗ്യത്തിനോ? ഇത് ഒരു ചോദ്യചിഹ്നമായി നിലകൊള്ളുന്ന കാലത്താണ് നാം ജീവിക്കുന്നത്. ലോകത്ത് വർത്തമാനകാലത്ത് മുന്നൂറ്റി നാൽപത്തിയഞ്ച് ദശലക്ഷം ജനങ്ങൾ പട്ടിണിയിലാണെന്നാണ് ഐക്യരാഷ്ട്രസഭയുടെ കണക്ക്. 79 രാജ്യങ്ങളിലായി ഒരുനേരത്തെ ആഹാരത്തിന് വഴിയില്ലാത്ത ദശലക്ഷക്കണക്കിന് മനുഷ്യർ ജീവിതം തള്ളിനീക്കുന്നു എന്നത് നമ്മെ ചിന്തിപ്പിക്കേണ്ടതല്ലേ?

സാമൂഹ്യമാധ്യമങ്ങളുടെ കാലത്ത് എല്ലാം സ്റ്റാറ്റസ് ആക്കലാണ് സ്റ്റാറ്റസ് എന്ന് കരുതുന്നവരാണധികവും. 'അശാഅ് ക്വബ്‌ലൽ ഇശാഅ്' എന്നൊരു അറബിച്ചൊല്ലുണ്ട്. 'രാത്രി ഭക്ഷണം ഇശാഅ് നമസ്കാരത്തിന് മുമ്പ്' എന്നർഥം. ആരോഗ്യ രംഗത്തുള്ളവർ ജീവിതശൈലി രോഗങ്ങളുടെ പരിഹാരമായി നിർദേശിക്കാറുള്ളതും രാത്രിഭക്ഷണം പരമാവധി നേരത്തെയാക്കാനാണ്. അനാരോഗ്യഭക്ഷണശീലങ്ങൾ ഗുരുതര ആരോഗ്യപ്രശ്നങ്ങളിലേക്ക് വഴിവയ്ക്കുമെന്നും ആരോഗ്യ വിദഗ്ധർ ചൂണ്ടിക്കാണിക്കാറുണ്ട്. അതുകൊണ്ട് തന്നെ വീട്ടിലാണെങ്കിലും ഹോട്ടലുകളിലും തട്ടുകടകളിലുമാണെങ്കിലും ശരി, രാത്രി ഭക്ഷണത്തിന്റെ കാര്യത്തിൽ ശരിയായ ശൈലി പിന്തുടരൽ നമ്മുടെ ജീവന് അനിവാര്യമാണ്.

പറഞ്ഞു വന്നത് ഭക്ഷണം ആഘോഷമാക്കുന്ന കാലത്തെക്കുറിച്ചാണ്. ഭക്ഷണം പാഴാക്കുന്നത് പോലെത്തന്നെ കരുതേണ്ടതാണ് അനാവശ്യമായും ആഘോഷമായും ഭക്ഷണത്തെ സമീപിക്കുന്നത്. ഭക്ഷണങ്ങളുടെ നിലവാരം പരിശോധിക്കാനും മറ്റും പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് നമ്മുടെ നാട്ടിലുള്ളത്. വല്ല ഭക്ഷ്യവിഷബാധയുമുണ്ടായാൽ അപ്പോൾ ഒരു പരിശോധനാപ്രഹസനം നടക്കും, അത്രമാത്രം. രാത്രിമാത്രം പ്രവർത്തിക്കുന്ന ഇടങ്ങളിൽ പരിശോധകർ എത്തുന്നുണ്ടോ എന്നതും സംശയമാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന നിരവധി ഭക്ഷണ ശാലകൾ ഉണ്ടെന്നത് മറക്കുന്നില്ല; ഇത്തരം സ്ഥലങ്ങളിൽ അപകടം പതിയിരിക്കുന്നുണ്ടെന്ന് ഓർമിപ്പിച്ചതാണ്.

സാമൂഹ്യവിരുദ്ധരുടെ വിഹാരത്തിന് രാത്രിയുടെ ഇരുട്ടെന്നും മറയാണ്. ലഹരി മാഫിയകൾ രാത്രിയുടെ മറവിൽ കാണിക്കുന്ന കുറ്റകൃത്യങ്ങളും മറ്റും ലഹരി വിരുദ്ധ സ്‌കോഡിലെ ഉദ്യോഗസ്ഥർ നിരന്തരം ഓർമിപ്പിക്കാറുണ്ട്. വീട്ടിലുറങ്ങിക്കിടക്കുന്നു എന്ന് നാം കരുതുന്ന മക്കൾ രാത്രിയിൽ പുറത്തിറങ്ങി ചെയ്യുന്ന തോന്ന്യാസങ്ങളുടെ വാർത്തകൾ നാമെത്രയോ കേട്ടതാണ്. നമ്മുടെ മക്കളെ നഷ്ടപ്പെടാതിരിക്കാൻ ജാഗ്രത അനിവാര്യമാണ്.

രാത്രിയാത്രയിൽ അപകടത്തിൽ പൊലിഞ്ഞുപോയ ജീവനുകളെത്ര! അപകട സാധ്യത കൂടുതലുള്ള രാത്രിയാത്ര ഒഴിവാക്കാൻ മനഃപൂർവം ശ്രമിക്കണം. മനുഷ്യന് വിശ്രമിക്കാനും ഉറങ്ങാനും നിശ്ചയിക്കപ്പെട്ടതാണ് രാത്രി. പകലിന്റെ ബഹളങ്ങളില്ലാത്ത, രാത്രിയുടെ ശാന്തമായ അന്തരീക്ഷത്തിൽ ഉറങ്ങി മനസ്സിനും ശരീരത്തിനും ആശ്വാസവും ലഭിക്കണം; അടുത്ത ദിവസത്തേക്കുള്ള ഊർജം സംഭരിക്കണം. എന്നാൽ രാത്രിയെ പകലാക്കി മാറ്റാൻ ശ്രമിക്കുന്നവർക്ക് അപകടങ്ങളും ആരോഗ്യപ്രശ്നങ്ങളുമൊക്കെയാണ് ബാക്കിയാവുക. സാമൂഹിക പ്രശ്നങ്ങൾ വേറെയും. രാത്രിയുടെ പ്രത്യേകതയായി അല്ലാഹു പറയുന്നുത് അത് അവന്റെ ദൃഷ്ടാന്തമാണ് എന്നാണ്.

"അവനത്രെ നിങ്ങൾക്കുവേണ്ടി രാത്രിയെ ശാന്തമായി കഴിയത്തക്കവിധവും പകലിനെ വെളിച്ചമുള്ളതും ആക്കിത്തന്നത്. തീർച്ചയായും കേട്ട് മനസ്സിലാക്കുന്ന ആളുകൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 10: 67). അവനത്രെ നിങ്ങൾക്കുവേണ്ടി രാത്രിയെ ഒരു വസ്ത്രവും ഉറക്കത്തെ ഒരു വിശ്രമവും ആക്കിത്തന്നവൻ. പകലിനെ അവൻ എഴുന്നേൽപ് സമയമാക്കുകയും ചെയ്തിരിക്കുന്നു"(25: 67).




GET IT ON Google Play | Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

Google Pay Paytm

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
02 September 2023

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-

To the right goal...
Through the right path...

WISDOM

# PROFESSIONAL
## STUDENTS GLOBAL CONFERENCE

2023 SEPTEMBER 8 9 10

KOZHIKODE

81568 12292
wisdomstudents

WISDOM students • CV complex, PV Sami Road, Calicut